ബഡ്ജറ്റ് : തീവ്രമാകുന്ന സാമ്രാജ്യത്വ ചൂഷണം

# മുന്നണിപ്പോരാളി

ലക്കം 131 ജൂലൈ 2009 വില 10രൂപ



മാവോയിസ്റ്റ് പാർടി



ഇ എം എസ്സിന്റെ തലതിരിഞ്ഞ ലോകം



കേരളം പനിച്ചു മരിക്കുമ്പോൾ



# ലാൽഗഢിലെ ചുവരെഴുത്ത്

## സി.പി.എം. ഭീകരതയ്ക്കെതിരെ പൊട്ടിത്തെറിച്ച ജനകീയരോഷം

# ജൂലായ് 28: രക്തസാക്ഷി ദിനം

**ഇന്ത്യൻ ചക്രവാളത്തിൽ മാവോയിസത്തിന്റെ ഇടിമുഴക്കം സൃഷ്ടിച്ച സഖാവ് ചാരു മജുംദാർക്ക് ചുവപ്പൻ അഭിവാദ്യങ്ങൾ...**

**സ. ചാരു മജുംദാറുടെ വിപ്ലവപൈതൃകം വീണ്ടെടുക്കുക!!**



## യഥാർത്ഥ കമ്മ്യൂണിസ്റ്റാകാനുള്ള യോഗ്യത എന്താണ് ?

### ചാരു മജുംദാർ

ചൂഷകവർഗത്തിനെതിരായി സമരം ചെയ്യുന്നതു മാത്രമല്ല ഒരു കമ്മ്യൂണിസ്റ്റാകാനുള്ള മാനദണ്ഡം. ആരാണ് യഥാർത്ഥ കമ്മ്യൂണിസ്റ്റ്? ജനങ്ങൾക്കുവേണ്ടി ആത്മത്യാഗംചെയ്യാൻ കഴിയുന്നവർ, എന്തെങ്കിലും പ്രതിഫലേച്ഛയില്ലാതെ ആത്മത്യാഗം ചെയ്യുന്നവർ. അവരാണ് കമ്മ്യൂണിസ്റ്റുകാർ. രണ്ട് മാർഗങ്ങളാണുള്ളത്. ഒന്നുകിൽ ആത്മത്യാഗത്തിന്റേത്, അതല്ലെങ്കിൽ ആത്മരക്ഷയുടേത്. ഇതിനിടയിൽ മറ്റൊരു മാർഗവുമില്ല. "ജനങ്ങളെ സേവിക്കുക" എന്ന ചെയർമാൻ മാവോയുടെ മുദ്രാവാക്യത്തിന്റെ സ്പിരിട്ട് ഇതാണ്. ജനങ്ങളെ സേവിക്കാതെ ജനങ്ങളെ സ്നേഹിക്കാൻ കഴിയില്ല. ആത്മത്യാഗംചെയ്തുകൊണ്ട് മാത്രമേ ജനങ്ങളെ സേവിക്കാനാവൂ. യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരാകാൻ ഈ ആത്മത്യാഗത്തെ സ്വായത്തമാക്കണം. ജനങ്ങളുടെ താൽപര്യത്തിനുവേണ്ടി, വിപ്ലവത്തിന്റെ താൽപര്യത്തിനുവേണ്ടി പ്രതിഫലം കൂടാതെ ജോലിചെയ്യുക എന്നതാണ് ജനങ്ങളെ സ്നേഹിക്കുക എന്നതിന്റെ അർത്ഥം. ഇങ്ങനെ പ്രതിഫലം കൂടാതെ ജോലിചെയ്യുന്നതിലൂടെയാണ് ജനങ്ങളുമായി ഒന്നിക്കുന്ന പ്രക്രിയ നടക്കുന്നത്. ഈ പ്രക്രിയയിലൂടെ മാത്രമേ ജനങ്ങളെ സ്നേഹിക്കാനും ജനങ്ങളെ സേവിക്കാനും കഴിയൂ. വിപ്ലവകാരികൾ പരിവർത്തനപ്പെടുന്നത് ഈ പ്രക്രിയയിലൂടെയാണ്. അതുകൊണ്ട് വെറും ഭൗതികലാഭം മാത്രമല്ല വിപ്ലവത്തിന്റെ അർത്ഥം. വിപ്ലവത്തിന്റെ അർത്ഥം ഈ പരിവർത്തനം തന്നെയാണ് - അനുഭവങ്ങളുടെയും ആദർശത്തിന്റെയും ചിന്തയുടെയും പരിവർത്തനം. അതുകൊണ്ട് ഭൗതികലാഭം കണക്കുകൂട്ടി വിപ്ലവത്തിന്റെ നേട്ടത്തെപ്പറ്റി ചിന്തിക്കുന്നത് തെറ്റാണ്. ബോധത്തിന്റെ സമൂലമായ പരിവർത്തനം എന്നാണ് വിപ്ലവത്തിന്റെ അർത്ഥം. ജനങ്ങളെ സേവിക്കുന്നതിന്റെ ബോധം ആത്മത്യാഗത്താൽ പ്രചോദിതമാകുന്ന ബോധവും ജനങ്ങളെ സ്നേഹിക്കുന്നതിന്റെ ബോധവുമാണ്. സമൂഹത്തിന്റെയും വ്യക്തിയുടെയും പരിവർത്തനം എന്നാണ് വിപ്ലവത്തിന്റെ അർത്ഥം... *(മാർച്ച് 12, 1969)*





# മുന്നണിപ്പോരാളി

ലക്കം 131 ജൂലൈ 2009



**മുഖപ്രസംഗം**

ബജറ്റ് വിശേഷങ്ങൾ 3

**കാഴ്ചവട്ടം**

ബഡ്ജറ്റ് : തീവ്രമാകുന്ന സാമ്രാജ്യത്വ ചൂഷണം 4

**പ്രദീപ്കുമാർ**

ഇ.എം.എസ്സും ലോകവും 15

**സി.ആർ**

വ്യാവസായിക പുരോഗതി ...? 18

**സുനിൽ**

വിമോചന സമരം: പിച്ചാത്തി ലഹളയുടെ 50-ാം വാർഷികം 19

**കവിത**

ലാൽഗഢ് 17

**റഷീദ്**

**ശാസ്ത്രം**

സർട്ടിഫിക്കേഷൻ നവകോളനീകരണത്തിന്റെ വഴിത്താര 16

**ഗോവർധൻ**

**ആശയശാസ്ത്രം**

വിദ്യാഭ്യാസവും അദ്ധ്വാനവും 20

**ഡോങ് പിങ് ഹാൻ**

**സാർവ്വദേശീയം**

ബ്രിക്ക് കൂട്ടത്തിന്റെ ദൗത്യം 28

**അജിത്ത്**

ഇറാൻ: ഭരണവർഗ വൈരുദ്ധ്യങ്ങളും ജനകീയ മുന്നേറ്റവും 30

പെറു: വിഭവകൊള്ളക്കെതിരെ ആദിവാസി പ്രക്ഷോഭം 31

നേപ്പാൾ: വ്യാപനവാദ കൈയ്യേറ്റത്തിനെതിരെ 31

ജനകീയയുദ്ധവാർത്തകൾ 32

## ലാൽഗഢിന്റെ സത്യം 5



മാവോയിസ്റ്റുകൾ തങ്ങളുടെ പ്രവർത്തകരുടെ വീടുകൾ ആക്രമിച്ചു, അവരെ കൊന്നു എന്നൊക്കെ സിപിഎം നേതൃത്വം ഒച്ചവെച്ചിട്ടുണ്ട്. ഇത് ശരിയാണ്. പക്ഷെ ഇങ്ങനെ ആക്രമിക്കപ്പെട്ടവർ ആരാണ് എന്ന് കൂടി അറിയണം. കുപ്രസിദ്ധരായ കൊലയാളികളെ, അവരെ നയിച്ചവരെയാണ് ആക്രമിച്ചത്. പുത്തൻ ഭൂപ്രഭുക്കളായി വാഴുന്ന സിപിഎം നേതാക്കന്മാരുടെ വീടുകളും ഹർമദുകളുടെ ക്യാമ്പായി പ്രവർത്തിച്ച പാർടി ഓഫീസുകളുമാണ് തകർത്തത്.

## 9 വിമോചനാത്മകമായ രാഷ്ട്രീയം നേരിടുന്ന വർത്തമാനകാല വെല്ലുവിളികൾ

ചർച്ച

**സന്ദീപൻ**

## 12 മാവോയിസ്റ്റ് പാർടി

**അജിത്ത്**

എന്താണ് മാവോയിസ്റ്റ് പാർടി, ലെനിന്റെ പാർട്ടി സങ്കൽപങ്ങളിൽ നിന്ന് ഇത് വേറിട്ടു നിൽക്കുന്നുണ്ടോ? വരേണ്യതയുടെ ആഘോഷമായിരുന്നോ ലെനിനിസ്റ്റ് പാർടി സങ്കല്പം? തുടങ്ങിയ വിഷയങ്ങൾ പരിശോധിക്കുകയാണ് ലേഖകൻ.

## രോഗം വരുന്ന വഴികൾ 25

കോടികൾ ധൂർത്തടിച്ച് ശ്രീമതിയുട ആരോഗ്യകേരളം കൊഴുക്കുമ്പോൾ പനിച്ചു മരിക്കുന്ന കേരളത്തെക്കുറിച്ച് ഒരു ആരോഗ്യപ്രവർത്തകന്റെ നിരീക്ഷണങ്ങൾ.



# തുടരുന്ന ആദിവാസി വേട്ട

**ആധുനികത ആദിവാസിക്ക്** അറപ്പുളവാക്കുന്ന ഇരയാക്കപ്പെടലിന്റെ അനുഭവമാണ്. ചുരുണ്ട മുടിയുള്ള ഈ കറുത്ത മനുഷ്യരെ വേട്ടയാടാൻ മലയാളി വംശീയവെറി ഒരിക്കലും മടി കാണിച്ചിട്ടില്ല.

ചാരായവും പുകയിലയും കൊടുത്തും ബലം പ്രയോഗിച്ചും അവന്റെ ഭൂമി മുഴുവൻ തട്ടിയെടുത്തു. അവന്റെ വിശ്വാസങ്ങളെപോലും അവനെതിരെ ഉപയോഗിച്ച് കാവുൽത്സവചന്തകൾ കൊണ്ടാടി. അവിവാഹിതരായ അമ്മമാർ, റേഷൻകട മുതൽ പഞ്ചായത്തും പള്ളികളും പണിസ്ഥലവും വരെ നീളുന്ന പലവിധ വഞ്ചനകൾ, അങ്ങിനെ പ്രത്യക്ഷവും പരോക്ഷവുമായ നിരവധി കയ്യേറ്റങ്ങൾക്കും ഇന്നും ആദിവാസി ഇരയാക്കപ്പെടുന്നു. ഈ വൃത്തികെട്ട ചരിത്രത്തിലേക്ക് മറ്റൊരു സംഭവം കൂടി വയനാട്ടിൽ അരങ്ങേറി.

കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന മലബാർ ചാരിറ്റബിൾ ട്രസ്റ്റിനു കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനത്തിലേക്ക് 100–ഓളം ആദിവാസി വിദ്യാർത്ഥികളെ ഗോപാലകൃഷ്ണൻ എന്ന ഒരു ഇടനിലക്കാരൻ വഴി (തട്ടി) കൊണ്ടുപോയ സംഭവമാണ് വിഷയം.

ഒരു പാരലൽ കോളേജിൽനിന്ന് തുടങ്ങിയ ഇവർക്കിന്ന് നിരവധി എയ്ഡഡ്, അൺഎയ്ഡഡ് സ്ഥാപനങ്ങൾ ഉണ്ട്. സമീപകാലത്തായി വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന ഏത് സ്കൂളും വാങ്ങുന്നത് ഈ സ്ഥാപനമാണ്. ഭരണ, രാഷ്ട്രീയ, ഉദ്യോഗസ്ഥപ്രമാണിമാരുടെ പണം ഇതിന് പിന്നിൽ പ്രവർത്തിക്കുന്നുണ്ടെന്നത് ഇന്ന് പരസ്യമായ സംസാരമാണ്.

ആദിവാസികുട്ടികളിൽ ചിലർക്ക് അസുഖം പിടിപെട്ടത് കാരണം അവർ തിരിച്ച് പോവുകയും ഇതിനുശേഷം അവരുടെ രക്ഷിതാക്കൾ, മതിയായ ജീവിത സൗകര്യങ്ങൾ വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും കിട്ടിയില്ലെന്ന് പരാതിപ്പെട്ടതിന്റെ വെളിച്ചത്തിലാണ് പുതിയ ചൂഷണത്തിന്റെ മുഖം വെളിപ്പെട്ടത്. ഇതോടെ പ്രശ്നം രൂക്ഷമാവുകയും വിവിധ സംഘടനകൾ പ്രതിഷേധവുമായി രംഗത്തുവന്നു. സ്ഥാപനത്തിന്റെ ഓഫീസുകൾ അടിച്ചുതകർക്കുന്നിടംവരെ പ്രതിഷേധം എത്തി. ബഹുജന പ്രതിഷേധം തണുപ്പിക്കാൻ സ്ഥാപനം ഒരു പ്രസ്താവന പുറപ്പെടുവിച്ചു. “സ്ഥാപനത്തിന്റെ സൗജന്യ വിദ്യാഭ്യാസ പദ്ധതി അറിഞ്ഞ് വയനാട്ടിൽനിന്നും സ്വമേധയാ രക്ഷിതാക്കൾ കുട്ടികളെയും കൂട്ടി വന്നതാണ്. അവർക്ക് തിരിച്ചുപോകണമെങ്കിൽ ടി.സി. നൽകാം.” വയനാട്ടിൽനിന്നും ധാരാളം കുട്ടികളെ കൊണ്ടുവന്നു എന്നുള്ളത് നേര്. ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് 250–ഓളം കുട്ടികൾ എത്തിച്ചേർന്നിട്ടുണ്ട്. ട്രസ്റ്റിന്റെ ‘സൗജന്യവിദ്യാഭ്യാസം’ എന്നത് ശുദ്ധ തട്ടിപ്പാണ്. രക്ഷിതാക്കൾ സ്വമേധയാ എത്തിച്ചേർന്നു എന്നത് അതിലും വലിയ നുണ. ഇംഗ്ലീഷ് മീഡിയത്തിൽ സൗജന്യമായി പഠിപ്പിക്കുന്ന ട്രസ്റ്റിന്റെ പദ്ധതി അറിഞ്ഞാൽ നാട്ടിൽനിന്നുതന്നെ ധാരാളം കുട്ടികളെ കിട്ടും. ആദിവാസികൾക്ക് മാത്രമാണെങ്കിൽ അവർ സ്ഥാപനത്തിന്റെ പരിസരപ്രദേശത്ത് തന്നെയുണ്ടല്ലോ. ഏജന്റുമാരെ നിർത്തി വയനാട്ടിൽ നിന്നും കുട്ടികളെ കടത്തിക്കൊണ്ട് വന്നതിനു പിന്നിൽ ട്രസ്റ്റ് കാണുന്ന ചില ലക്ഷ്യങ്ങളുണ്ട്. ട്രസ്റ്റിന്റെ കീഴിലുള്ള സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നതുവഴി ക്ലാസുകൾ ഇല്ലാതാവുന്നത് തടയുക. കുട്ടികൾ കൂടിയാൽ ഡിവിഷൻ കൂട്ടാം. അതുവഴി പുതിയ അധ്യാപകരെ നിയമിച്ച് ലക്ഷങ്ങൾ സമ്പാദിക്കാം. ഇതിൽനിന്ന് രണ്ടുനേരം ഭക്ഷണം നൽകി കുട്ടികളെ പോറ്റിയാലും വലിയ നഷ്ടം വരില്ല. (ട്രസ്റ്റിന്റെ കീഴിലുള്ള സ്കൂളുകളിൽ പുതിയ നിയമനത്തിന് ചോദിക്കുന്ന തുക 12 ലക്ഷമാണ്. 2010 ൽ വരുന്ന ഒഴിവിലേക്കാണ് ഇത്രയും തുക പറഞ്ഞുവച്ചിരിക്കുന്നത്. ജോലി കിട്ടണമെങ്കിൽ ഇപ്പോൾ 2 ലക്ഷം രൂപ അഡ്വാൻസ് നൽകി ബുക്ക് ചെയ്തിരിക്കണം.

വസ്ത്രം, ഭക്ഷണം, താമസ സൗകര്യങ്ങൾ മാത്രമല്ല തീർത്തും സൗജന്യമായ വിദ്യാഭ്യാസവും വാഗ്ദാനം ചെയ്താണ് വിദ്യാർത്ഥികളെ ഇവിടെ നിന്ന് കടത്തി കൊണ്ട് പോയത് നേരത്തിന് ഭക്ഷണം പോലും നൽകിയില്ല. താമസം ക്ലാസ് റൂമിൽ തന്നെ. ക്ലാസ് റൂമിൽ പൂട്ടിയിട്ട ഇവരെ പലവിധ പീഢനത്തിനും ഇരയാക്കി. രാത്രി മദ്യപിച്ചെത്തിയ അദ്ധ്യാപകർ അങ്ങേയറ്റം അപമര്യാദയോടെയാണ് പെരുമാറിയതെന്ന് വിദ്യാർത്ഥികൾ തുറന്ന് പറഞ്ഞിട്ടുണ്ട്. ആറു വയസ്സു മുതൽ 11– 12 വയസ്സുവരെ പ്രായമായ ആൺ–പെൺക്കുട്ടികളെ, ഈ നടപടികൾ തീർത്തും മാനസികമായി തകർത്തിരിക്കുന്നു.

മനുഷ്യാവകാശ കമ്മീഷൻ അന്വേഷിക്കണം സ്കൂളുകളുടെ അംഗീകാരം റദ്ദാക്കണം തുടങ്ങിയ കാര്യങ്ങളാണ് പ്രതിഷേധവുമായി രംഗത്ത് വന്ന മിക്ക സംഘടനകളും മുന്നോട്ട് വെക്കുന്നത്. പക്ഷെ വിദ്യാഭ്യാസ കച്ചവടത്തിന് ആദിവാസി കുട്ടികളെ തന്നെ ഇരകളാക്കാം എന്ന് ട്രസ്റ്റ് ചിന്തിക്കുകയും അങ്ങനെ പ്രവർത്തിക്കുകയും ചെയ്തതിന്റെ പിന്നിലെ വികാരം എന്ത്? അത് വംശീയാധിപത്യ മനോഭാവം തന്നെയാണ്.

ഈ സ്ഥാപനത്തിനു നേർക്കോ, ഇടനിലക്കാരന് നേരെയോ, അദ്ധ്യാപകർക്ക് നേരേയോ യാതൊരു നടപടിയും ഇല്ലെന്ന് മാത്രമല്ല പീഢനം സഹിക്കാതെ തിരിച്ചെത്തിയ വിദ്യാർത്ഥികളിൽ പകുതി പേർക്കും പ്രവേശന സമയം കഴിഞ്ഞതുകാരണം ഇതുവരെ വയനാട്ടിൽ പോലും സ്കൂളിൽ ചേരാനായിട്ടില്ല. ഇവർക്ക് വിദ്യാഭ്യാസം തുടരാനുള്ള സാഹചര്യം പോലും ഭരണക്കാർക്ക് ഒരുക്കാനായിട്ടില്ല. കേരളത്തിൽ നിലനിൽക്കുന്ന വിദ്യാഭ്യാസ കച്ചവടത്തിന്റെ നിരവധി രൂപങ്ങളാണ് ഇതൊക്കെ ചൂണ്ടിക്കാട്ടുന്നത്.

പല പ്രലോഭനങ്ങളിൽ വീണ് കുടകിൽ ഇഞ്ചിപണിക്ക് പോയ പല ആദിവാസികളുടേയും കത്തിക്കരിഞ്ഞ ശവങ്ങളാണ് പലപ്പോഴും നാട്ടിലേക്ക് തിരിച്ചെത്താറ്. ഇവിടെ കുട്ടികളെ തട്ടികൊണ്ടുപോകുന്നതും ഒരു പതിവായിമാറുകയാണോ? ഒരു വർഷം മുമ്പാണ് വയനാട്ടിലെ സി.സി.യിൽ നിന്ന് 30 വിദ്യാർത്ഥികളെ മറ്റൊരു സ്ഥാപനത്തിലേക്ക് ഈ വിധം കടത്തികൊണ്ടുപോയത്. ആദിവാസികളെ അവരുടെ ആവാസ വ്യവസ്ഥയിൽ നിന്ന് ആട്ടിയോടിക്കാൻ ഉപയോഗിച്ചിരുന്ന തേയ്മാനം വന്ന നീളമുള്ള മുളവടികൾ ഇന്നും തങ്ങളുടെ പ്രതാപത്തിന്റെ ചരിത്ര സാക്ഷിയായി പല കുടിയേറ്റ വീടുകളിലും സൂക്ഷിക്കുന്ന ഒരു നാട്ടിൽ ഇതും ഇതിലപ്പുറവും നടക്കും.

അടിയന്തിരാവസ്ഥയിൽ നടപ്പാക്കിയ നിർബന്ധിത വന്ധ്യംകരണം ‘അറളാടൻ’ എന്ന ആദിവാസി വിഭാഗത്തിന്റെ സമ്പൂർണ്ണ നാശത്തിന് ഇടയാക്കിയിരിക്കുന്നു എന്ന വാർത്തകളും ഇതുമായി നാം ചേർത്തു വായിക്കേണ്ടതാണ്. ഭരണകൂട ഭീകരതയുടെ മറ്റൊരു പശ്ചാത്തലം അതോർമ്മിപ്പിക്കും.

ചുരുക്കത്തിൽ പല രൂപഭാവങ്ങളോടെ ആദിവാസിവേട്ട ഇവിടെ തുടരുക തന്നെ ചെയ്യും എന്ന തിക്ത യാഥാർത്ഥ്യമാണ് ഇതെല്ലാം വ്യക്തമാക്കുന്നത്. അടിമുടി വംശീയ വെറിമുറ്റി നിൽക്കുന്ന ഈ വ്യവസ്ഥയെ നശിപ്പിച്ച് സ്വന്തം ജീവിതം പുനർ നിർമ്മിക്കാൻ തുനിഞ്ഞിറങ്ങിയ മർദ്ദിതരുടെ വളർച്ചയും വിജയവും മാത്രമാണ് ഏകപരിഹാരം. ■

# ബജറ്റ് വിശേഷങ്ങൾ

ഉദാരവൽക്കരണപ്രളയം വാഗ്ദാനം ചെയ്ത സാമ്പത്തിക സർവ്വേക്കു പിന്നാലെ വന്ന ബജറ്റിൽ ചില ദുർബല നീക്കങ്ങളെയുള്ളൂ. ഉദാഹരണത്തിന്, പൊതുമേഖല വിറ്റ് വർഷംതോറും 25000 കോടി രൂപ സമ്പാദിക്കുമെന്ന് സർവ്വേ പ്രഖ്യാപിച്ചിടത്ത്, 1200 കോടി മാത്രമാണ് ഈ ഇനത്തിൽ ബജറ്റിലെ വരുമാന പ്രതീക്ഷ. എന്നിട്ടും സാമ്രാജ്യത്വ-ദല്ലാൾ കുത്തകകളിൽ നിന്ന് കാര്യമായ വിമർശനം ഉണ്ടായില്ല. തീരാറായി എന്ന് ഭരണാധികാരികൾ അവകാശപ്പെടുന്ന ആഗോള മാന്ദ്യത്തിന്റെ ഭീഷണമായ സാന്നിധ്യമാണ് ഇതിനെല്ലാമുള്ള വിശദീകരണം. കയറ്റുമതി വരുമാനം കുത്തനെ കുറഞ്ഞു. നികുതി വരുമാനവും കുറഞ്ഞു. ആഭ്യന്തര ഉപഭോഗം ശക്തമാക്കാതെ സമ്പദ്ഘടന സജീവമാക്കാൻ കഴിയില്ല. ധനകമ്മി കുറച്ചുകൊണ്ടുവരുന്ന നയത്തിൽ നിന്നുള്ള പിന്മാറ്റം അത്യാവശ്യമായിരിക്കുന്നു. നാണയചുരുക്കം ഇതിന് അനുകൂലവുമാണ്. അതുകൊണ്ട്, വൻതോതിലുള്ള ചെലവും അത് താങ്ങാനുള്ള വൻതോതിലുള്ള കടമെടുപ്പുമായി ബജറ്റ് യുക്തി. നികുതിവരുമാനക്കുറവ് അവഗണിച്ച്, ഇടത്തരം, ധനിക വിഭാഗങ്ങളുടെ ഉപഭോഗം പ്രചോദിപ്പിക്കാൻ നടപ്പാക്കുന്ന നികുതിയിളവും ഇതിൽ ഉൾപ്പെടുന്നു. അടിസ്ഥാനഘടനക്ക് വലിയ ഉത്തേജനമാകുമെന്ന കണക്കുകൂട്ടലിൽ 3.25 ലക്ഷം രൂപയുടെ പദ്ധതിയും അതിന് 2.4 ലക്ഷം കോടി ബജറ്റ് നീക്കിയിരുപ്പും യാഥാർത്ഥ്യമാക്കാൻ 4 ലക്ഷം കോടിയാണ് പൊതുവിപണിയിൽ നിന്ന് കടമെടുക്കാൻ പോകുന്നത്. വേണ്ടത്ര മൂലധനം സമാഹരിക്കാനാവാതെ ബുദ്ധിമുട്ടുന്ന ദല്ലാൾ കുത്തകകളുമായി മത്സരിച്ചല്ല ഇത് ചെയ്യുക എന്ന് ധനമന്ത്രി അറിയിച്ചിട്ടുണ്ട്. കരുതികൂട്ടി പണത്തിന്റെ അളവ് കൂട്ടുകയാവും പിന്നെ ചെയ്യാൻകഴിയുക. നാണയപെരുപ്പത്തിലേക്ക് മടങ്ങാൻ അധികം വൈകില്ല. നാണയചുരുക്കം നിലനിൽക്കുമ്പോഴും വിലക്കയറ്റത്തിന് ഒരു കുറവും ഉണ്ടാകാത്ത സ്ഥിതിവിശേഷത്തിൽ ഈ മടക്കം ജനങ്ങളുടെ ദുരിതം വർദ്ധിപ്പിക്കും. കടമെടുത്ത് മുന്നേറുക എന്ന യുക്തി സംസ്ഥാനങ്ങളിലും അടിച്ചേൽപ്പിക്കുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഈ വർഷം കിട്ടാൻ പോകുന്ന കേന്ദ്ര നികുതി വിഹിതം 14,404 കോടി രൂപ കുറയും. അതിനുപകരം അവയ്ക്ക് അനുവദിച്ച ധനകമ്മി പരിധി 4 ശതമാനത്തിലേക്ക് ഉയർത്തി 21,000 കോടി രൂപ അധികമായി കടമെടുക്കാൻ അനുവദിച്ചിട്ടുണ്ട്. ഇന്ത്യൻ സമ്പദ്ഘടനയുടെ ശക്തിയായി വിശേഷിപ്പിക്കാറുള്ള വിദേശ നാണ്യ ശേഖരത്തിന്റെ നിഷ്പ്രയോജനവും കടമെടുക്കാനുള്ള ഈ തിരക്കിൽ തെളിയുന്നുണ്ട്. കണക്കിൽ കാട്ടിതരാൻ കുറെയുണ്ടെങ്കിലും നല്ലൊരു പങ്കും ഏതു നിമിഷവും ഒഴുകിപോകാവുന്ന ഊഹമൂലധനമാണ്.

ഇനി ചെലവിന്റെ കാര്യം. പ്രതിരോധ ചെലവ് 33 ശതമാനമാണ് കൂട്ടിയത്, അടിസ്ഥാനഘടന വികാസത്തിൽ ഇതിനാണ് പ്രാധാന്യം. മറുവശത്ത്, അന്ത്യോദയക്കാർക്ക് കൊടുത്തിരുന്ന ധാന്യത്തിന്റെ വില 1 രൂപ കൂട്ടി, ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കുറഞ്ഞവിലയിൽ ലഭ്യമാക്കിയിരുന്ന ധാന്യവിഹിതം 10 കിലോ കുറയ്ക്കുകയും ചെയ്തു. 25 കിലോ 3 രൂപക്ക് കൊടുക്കുന്ന ഔദാര്യം! റവന്യു ചെലവിന്റെ 36 ശതമാനം പലിശയടക്കാനാണ്. പൊതുമേഖല വിറ്റുതുലക്കുന്നത് വലുതായിട്ട് ബജറ്റിൽ ഇല്ലെങ്കിലും അതിൽ നിന്ന് മൻമോഹൻ സർക്കാർ പിൻവാങ്ങിയിട്ടില്ല. ബാങ്ക്, ഇൻഷൂറൻസ് മേഖലയിൽ 51 ശതമാനം ഓഹരികൾ നിലനിർത്തി നിയന്ത്രണം ഉറപ്പുവരുത്തും എന്നു പറയുന്നതിന്റെ അർത്ഥം 49 ശതമാനം വരെ വിൽക്കുമെന്നാണല്ലോ. 10 ശതമാനം ഓഹരി ഉപയോഗിച്ച് ബഹുരാഷ്ട്ര കുത്തകകൾ നിയന്ത്രണം നിലനിർത്തുന്നിടത്താണ് 49 ശതമാനം അവർക്ക് കാഴ്ചവെയ്ക്കാൻ പോകുന്നത്.

കാഴ്ചപ്പാട്

പ്രദീപ്കുമാർ

# ബഡ്ജറ്റ് : തീവ്രമാകുന്ന സാമ്രാജ്യത്വ ചൂഷണം

**ഏറ്റവും ജനവിരുദ്ധമായ തീരുമാനങ്ങൾ**, P\ § fpsS t ] cnÂ Ø m ] n [illegible]

[illegible] ... 2.7 ... 6.2 ... 186,000 ... 2008þ09 ... 186,000 ... 136,000 ... 45,000þ ... 40,000þ ... 11,000þ ... 15,000þ ... 20,000þ ... 186,000 ... 68,000þ ... 126,000 ... [illegible]

[illegible] ... 20þe ... 5þ ... 9þ ... 10þe ... 100þ ... 80þ ... 25þ ... 50þ ... [illegible]

■

# ലാൽഗഢിന്റെ സത്യം

**വിനോദ്**

മാവോയിസ്റ്റുകൾ തങ്ങളുടെ പ്രവർത്തകരുടെ വീടുകൾ ആക്രമിച്ചു, അവരെ കൊന്നു എന്നൊക്കെ സിപിഎം നേതൃത്വം ഒച്ചവെച്ചിട്ടുണ്ട്. ഇത് ശരിയാണ്. പക്ഷെ ഇങ്ങനെ ആക്രമിക്കപ്പെട്ടവർ ആരാണ് എന്ന് കൂടി അറിയണം. കുപ്രസിദ്ധരായ കൊലയാളികളെ, അവരെ നയിച്ചവരെയാണ് ആക്രമിച്ചത്. പുത്തൻ ഭൂപ്രഭുക്കളായി വാഴുന്ന സിപിഎം നേതാക്കന്മാരുടെ വീടുകളും ഹർമദുകളുടെ ക്യാമ്പായി പ്രവർത്തിച്ച പാർടി ഓഫീസുകളുമാണ് തകർത്തത്



**നീണ്ട ഏഴ് മാസങ്ങൾക്ക് ശേഷം** ലാൽഗഢിൽ ഇന്ത്യൻ ഭരണകൂടശക്തികൾക്ക് ആധിപത്യം ഉറപ്പിക്കാൻ കഴിഞ്ഞത് എന്തോ വലിയ യുദ്ധത്തിൽ വിജയിച്ചമാതിരിയാണ് ഭരണവർഗ മാധ്യമങ്ങൾ ആഘോഷിച്ചത്. കപട ഇടതുപക്ഷ മാധ്യമങ്ങളിൽ സന്തോഷവും, കേന്ദ്ര സർക്കാറിനോടുള്ള ചാരിതാർത്ഥ്യവും നിറഞ്ഞുതുളുമ്പി. ആ പ്രദേശമാകെ കുഴിബോംബുകളാണ്, കനത്ത പോരാട്ടത്തിന് മാവോയിസ്റ്റുകൾ ഒരുങ്ങിയിരിക്കുകയാണ് എന്നെല്ലാം പ്രചരിപ്പിച്ച് വളരെ വലിയൊരു സന്നാഹവുമായി ബുദ്ധദേവ് സർക്കാർ ആ പ്രദേശത്തേക്ക് കടന്നുചെന്നു. കേന്ദ്ര-സംസ്ഥാന പോലീസിനെ ഭയന്ന് ആളൊഴിഞ്ഞ ഗ്രാമങ്ങളുടെ വാർത്തകൾ മാത്രമാണ് മാധ്യമങ്ങൾക്ക് പക്ഷെ, ഒടുവിൽ പറയാനുണ്ടായിരുന്നത്. ആരാണ് അക്രമകാരി, ആരെയാണ് ജനങ്ങൾ ഭയപ്പെടുന്നത്, ഇതിലും വലിയതെളിവു വേണോ?

വ്യവസായമേഖലയുടെ വികസനമാണ് ഇനി വേണ്ടത് എന്ന കള്ള ന്യായവുമായി വന്ന ബംഗാളിലെ ബുദ്ധദേവ് സർക്കാർ എല്ലാ നിയന്ത്രണങ്ങളും നീക്കി വിദേശമുതൽമുടക്കിനും ഉദാരവൽക്കരണത്തിനും കളമൊരുക്കി. ബഹുരാഷ്ട്ര-ഇന്ത്യൻ ദല്ലാൾ കുത്തകകൾക്കു ഭൂമി കൈയ്യടക്കി നൽകാനുള്ള നിർദ്ദയമായ കർഷക കുടിറക്കായിരുന്നു തുടക്കം. ഈ നയം പശ്ചിമ ബംഗാളിലെ തെരഞ്ഞെടുപ്പ് പരാജയത്തിൽ പങ്കുവഹിച്ചെന്ന് ഇപ്പോൾ സിപിഎം കേന്ദ്ര സമിതി കുംമ്പസാരിക്കുന്നുണ്ട്. എന്നാൽ ഇത്തരമൊരു ജനവിരുദ്ധ നീക്കത്തിനെതിരെയാണ് ലാൽഗഢിലെ ചെറുത്തുനിൽപ് ആരംഭിച്ചതെന്ന സത്യം അത് മറച്ചുവെയ്ക്കുന്നു. ആദിവാസി കർഷകരുടെ 4500 എക്കർ ഭൂമിയാണ് ജിൻഡാലിന്റെ ഉരുക്കുനിർമ്മാണ കമ്പനിക്കു വേണ്ടി കപട ഇടത് സർക്കാർ പിടിച്ചെടുത്തത്. അതിനെതിരെയുള്ള ജനകീയ പ്രക്ഷോഭത്തെ വകവെയ്ക്കാതെ നവമ്പർ 2ന് ഉൽഘാടനത്തിന് പോയി മടങ്ങിവരുന്ന മുഖ്യമന്ത്രിയുടെയും കേന്ദ്രമന്ത്രിമാരുടെയും വാഹനവ്യൂഹനത്തിനു

നേരെ കുഴിബോംബ് ആക്രമണമുണ്ടായി. നീണ്ടകാലമായി ബംഗാളിൽ നടക്കുന്ന സർക്കാർ–സിപിഎം അടിച്ചമർത്തലിനെതിരെയുള്ള പ്രത്യാക്രമണവുമായിരുന്നു ഇത്. തങ്ങളാണ് ഇത് ചെയ്തതെന്ന് സിപിഐ(മാവോയിസ്റ്റ്) വ്യക്തമാക്കിയെങ്കിലും, ഈ സംഭവത്തെ മറയാക്കി ആ പ്രദേശത്താകെ പോലീസിനെ കയറൂരിവിടുകയായിരുന്നു. ആയുധങ്ങളേന്തി സിപിഎം ഗുണ്ടാസംഘങ്ങളും അവരെ അനുഗമിച്ചു. സ്കൂൾകുട്ടികളെ പോലും രാജ്യദ്രോഹ കേസുകളിൽപെടുത്തി. ആദിവാസി സ്ത്രീകളെ അപമാനിച്ചു, മർദ്ദിച്ചു. ഒരു സ്ത്രീക്ക് കാഴ്ച നഷ്ടമായി. ഏറെകാലമായി പോലീസ് പീഢനം നേരിടുന്ന ജനങ്ങൾ സഹികെട്ട് ചെറുത്തുനിൽക്കാൻ തുടങ്ങി. അതാണ് ലാൽഗഢിന്റെ അടുത്ത ഘട്ടം. ഈ മേഖലയിലാകെ നിരവധി വർഷങ്ങളായി തുടരുന്ന പോലീസ് അടിച്ചമർത്തലിന്റെ പശ്ചാത്തലവും സിപിഐ (മാവോയിസ്റ്റ്)ന്റെ പ്രവർത്തനവും ഇതിൽ പ്രമുഖ പങ്കുവഹിച്ചിട്ടുണ്ട്. സന്താൾ ആദിവാസി മൂപ്പന്മാരുടെ സംഘടനയുടെ നേതൃത്വത്തിൽ ആരംഭിച്ച ചെറുത്തുനിൽപ്പിന് പിന്നീട് 'പോലീസ് അതിക്രമങ്ങൾക്കെതിരെയുള്ള ജനകീയ സമിതി' ആയി നേതൃത്വം. 12 ജനകീയ ആവശ്യങ്ങൾ മുൻനിർത്തിയായിരുന്നു പ്രക്ഷോഭം. 1998 മുതലുള്ള കള്ളക്കേസുകൾ പിൻവലിക്കൽ, പോലീസ് അതിക്രമങ്ങൾ അനുഭവിക്കേണ്ടിവന്നവർക്ക് നഷ്ടപരിഹാരം, മൂപ്പന്മാരുടെ സാന്നിധ്യത്തിൽ മാത്രം പോലീസ് റെയ്ഡ് നടത്തുക മുതലായ ആവശ്യങ്ങളിൽ, സ്ത്രീകളെ അപമാനിച്ച എസ്പിയും മറ്റു പോലീസുകാരും മൂക്ക് നിലത്തുമുട്ടിച്ച് ഇഴഞ്ഞുകൊണ്ട് ക്ഷമാപണം ചെയ്യണം എന്നതായിരുന്നു എറ്റവും പ്രധാനം. മുഖ്യമന്ത്രിയുടെ ക്ഷമാപണവും അവർ ആവശ്യപ്പെട്ടിരുന്നു.

പ്രക്ഷോഭം അയൽ പ്രദേശങ്ങളിലേക്കും ജില്ലകളിലേക്കും വ്യാപിച്ചു. ഓരോ ഗ്രാമത്തിലും, സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ പങ്കാളിത്തത്തോടെ രൂപീകരിച്ച ഗ്രാമസമിതികളാണ് ബഹുജനങ്ങളെ നയിച്ചത്. അവരുടെ തീരുമാനങ്ങൾ മുഴുവൻ ഗ്രാമവാസികളും പങ്കെടുക്കുന്ന പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടിയിരുന്നു. ലാൽഗഢിൽ ഇത്തരം 85 ഗ്രാമസമിതികളും ബെൽപഹാരി ബ്ലോക്കിൽ 65 എണ്ണവും രൂപീകരിച്ചിരുന്നു. പരമ്പരാഗത ആദിവാസി രീതികളെ മറികടക്കുന്ന ഈ ജനാധിപത്യ പ്രവർത്തന ക്രമം വ്യക്തമായും ഉന്നതമായ ഒരു ആശയശാസ്ത്രത്തിന്റെ സംഘാടകസാന്നിധ്യത്തിന് തെളിവാണ്. പ്രക്ഷോഭത്തെ കുടുതൽ വിശാലവും ദൃഢവുമാക്കാൻ അത് സഹായിച്ചു. 65 കിലോമീറ്റർ നീളത്തിൽ റോഡുകൾ സ്തംഭിപ്പിച്ച പ്രക്ഷോഭകാരികൾ ഈ പ്രദേശങ്ങളിലേക്കുള്ള സർക്കാർ ഉദ്യോഗസ്ഥരുടെ പ്രവേശനം തടഞ്ഞു. പശ്ചിമ ബംഗാളിലുടനീളം പ്രക്ഷോഭം ശ്രദ്ധിക്കപ്പെട്ടു. കോളേജ് വിദ്യാർത്ഥികളും പൗരാവകാശപ്രവർത്തകരും ഡാർജിലിങ്ങിലെ ഗോർഖാ പ്രക്ഷാഭകാരികളും ഐക്യദാർഢ്യം പ്രഖ്യാപിച്ച് മുന്നോട്ടുവന്നു.

ആദിവാസി സംഘടനകളിലെ ചില നേതാക്കളെ വിലക്കെടുത്തും, ഛത്തീസ്ഗഢിൽ ആദിവാസികളെ ആദിവാസികൾക്കെതിരെ പ്രയോഗിക്കുന്ന ബിജെപിയുടെ സൽവാജുഡും മാതൃക പിൻപറ്റിയുമാണ് സിപിഎം ഈ പ്രക്ഷോഭത്തെ ആദ്യം നേരിടാൻ ശ്രമിച്ചത്.' ആദിവാസി–അനാദിവാസി അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സമിതി' എന്ന പേരിൽ, പോലീസിന്റെ അകമ്പടിയോടെ 50 ലോറി നിറയെ സായുധ സിപിഎമ്മുകാർ 22 കിലോമീറ്റർ ദൂരം റോഡ്തടസ്സങ്ങൾ നീക്കംചെയ്തു. വീടുകളിൽ കയറി ഭീഷണിപ്പെടുത്തി. പ്രക്ഷോഭ സമിതിയുടെ യോഗത്തിൽ പങ്കെടുക്കാൻ അധികംപേരും പോയിരുന്ന നേരത്താണ് ഈ പരാക്രമം കാട്ടിയത്. പക്ഷെ ഇതുകൊണ്ടൊന്നും ജനങ്ങൾ തളർന്നില്ല. ഒടുവിൽ പുതുതായി സ്ഥാപിച്ച 13 പോലീസ് ക്യാമ്പുകൾ പിൻവലിച്ചും, 12 ആവശ്യങ്ങളിൽ 10 എണ്ണം അംഗീകരിച്ചും പിൻവാങ്ങാൻ ബുദ്ധദേവ് സർക്കാർ നിർബന്ധിതമായി. മുഖ്യമന്ത്രി ക്ഷമാപണം ചെയ്തു. എസ്പിയും മറ്റും ക്ഷമാപണം നടത്തുന്നത് ബാക്കി നിർത്തി ഡിസംബർ 7ന് പ്രക്ഷോഭം താൽക്കാലികമായി നിർത്തിവെച്ചു. 14–ാംതി വരെ തങ്ങൾ ഇതിന് കാത്തിരിക്കും എന്ന് സമിതി വ്യക്തമാക്കി. പരിഹാരം ഉണ്ടാകാതെ വന്നപ്പോൾ പ്രക്ഷോഭം പൂർവ്വാധികം ശക്തിയോടെ തുടർന്നു. ലോകസഭ തെരഞ്ഞെടുപ്പിൽ ഉണ്ടാകാവുന്ന പ്രതികൂല പ്രതികരണം ഭയന്ന് ബുദ്ധദേവ് സർക്കാർ അടിച്ചമർത്തൽ ശക്തമാക്കിയില്ല.

മാവോയിസ്റ്റുകൾ തങ്ങളുടെ പ്രവർത്തകരുടെ വീടുകൾ ആക്രമിച്ചു, അവരെ കൊന്നു എന്നൊക്കെ സിപിഎം നേതൃത്വം ഒച്ചവെച്ചിട്ടുണ്ട്. ഇത് ശരിയാണ്. പക്ഷെ ഇങ്ങനെ ആക്രമിക്കപ്പെട്ടവർ ആരാണ് എന്ന് കൂടി അറിയണം. പശ്ചിമ ബംഗാളിൽ സിപിഎമ്മാണ് ഭരണവും സർക്കാരും പോലീസും. പശ്ചിമ മേദിനീപൂർ പോലുള്ള പിന്നാക്ക പ്രദേശങ്ങളിൽ ഇത് സർവ്വശക്തമാണ്. അവരുടെ തീർപ്പുകൾ നടപ്പാക്കാൻ സായുധ സംഘങ്ങളുമുണ്ട്, 'ഹർമദ് മോട്ടോർസൈക്കിൾ സംഘങ്ങൾ'. ഇവരിലെ കുപ്രസിദ്ധരായ കൊലയാളികളെ, അവരെ നയിച്ചവരെയാണ് ആക്രമിച്ചത്. പുത്തൻ ഭൂപ്രഭുക്കളായി വാഴുന്ന സിപിഎം നേതാക്കന്മാരുടെ വീടുകളും ഹർമദുകളുടെ ക്യാമ്പായി പ്രവർത്തിച്ച പാർടി ഓഫീസുകളുമാണ് തകർത്തത്. പശ്ചിമ ബംഗാളിൽ ഇതാദ്യമായിട്ടല്ല സംഭവിക്കുന്നത്. കഴിഞ്ഞ വർഷം പൊതുവിപണിയിൽ പലചരക്കു വിലകൾ കുത്തനെ കയറിയ സമയത്തുതന്നെ റേഷൻവിതരണം മുടങ്ങിയതിൽ ക്ഷുഭിതരായ ജനങ്ങൾ ഉടനെ തിരിഞ്ഞത് സിപിഎമ്മിന്റെ പ്രാദേശിക നേതാക്കൾക്കും അവരുടെ വീടുകൾക്കും നേരെയാണ്. ലാൽഗഢിലെ അടിച്ചമർത്തലിനു തൊട്ടുമുമ്പ് നന്ദിഗ്രാം പ്രദേശത്തെ സിപിഎമ്മുകാരന്റെ വീട്ടിൽ നിന്ന് വലിയൊരു ആയുധശേഖരം പിടിച്ചടുത്ത വാർത്തയും ഇവിടെ ഓർക്കാം. 1977ൽ സിപിഎം നേതൃത്വത്തിൽ കപട ഇടതു മുന്നണി അധികാരത്തിൽ വന്നതോടെ മുമ്പ് കോൺഗ്രസുകാരായ പ്രാദേശിക ചൂഷകരും ജനമർദ്ദകരും സിപിഎമ്മിലേക്ക് ചേക്കേറി. ഇതു കൂടാതെ, പാർടിയിലെ സ്ഥാനങ്ങൾ ഉപയോഗിച്ച് സർക്കാർ ഫണ്ടുകൾ കൈക്കലാക്കി സമ്പന്നരായവരും കാർഷികരംഗത്തെ പുതിയ വികാസങ്ങളിൽ നിന്ന് നേട്ടമുണ്ടാക്കിയവരും അടങ്ങുന്ന പുത്തൻ ചൂഷകരും ഉണ്ട്. ഇവരാണ് ജനങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന ശത്രുക്കൾ. രോഷം പ്രകടിപ്പിക്കാൻ അവസരം കിട്ടുമ്പോൾ ജനങ്ങൾ ഇവർക്കെതിരെ തിരിഞ്ഞില്ലെങ്കിലെ അത്ഭുതമുള്ളൂ.

ലാൽഗഢിലെ ചെറുത്തുനിൽപിനെ ശരിയായി സ്ഥാനപ്പെടുത്താൻ പശ്ചിമ ബംഗാൾ രാഷ്ട്രീയത്തിൽ സമീപനാളുകളിൽ വളർന്നുവരുന്ന പ്രവണതകൾ കൂടി മനസിലാക്കണം. സിപിഎം നേതൃത്വത്തിനെതിരെ ജനങ്ങൾക്കിടയിലും അതിന്റെ തന്നെ അണികൾക്കിടയിലും അത് നയിക്കുന്ന മുന്നണിക്കുള്ളിലും കുറച്ചുവർഷങ്ങളായി രൂപപ്പെട്ടുവന്ന അസംതൃപ്തി സിംഗൂർ, നന്ദിഗ്രാം പ്രക്ഷോഭങ്ങളിലൂടെ മൂർത്ത രാഷ്ട്രീയചേരിതിരിവായി മാറി. ജനങ്ങളെ ചവിട്ടിമാറ്റി വൻകിട വിദേശ–ദല്ലാൾ കുത്തകകളെ സേവിക്കുന്ന രാഷ്ട്രീയ ശക്തിയായി സിപിഎം തുറന്നുകാട്ടപ്പെട്ടു. രാഷ്ട്രീയനീതീകരണത്തിലുണ്ടായ ഈ വിടവ് പിന്നീടങ്ങോട്ട് വലുതായികൊണ്ടിരുന്നു. നന്ദിഗ്രാമിലെ ചെറുത്തുനിൽപും ഇടതുപക്ഷ ബുദ്ധിജീവികൾ ഉൾപ്പെടെ വലിയൊരു വിഭാഗത്തിനിടയിൽ അതിന് കിട്ടിയ പിന്തുണയും ഇതിൽ പ്രധാന പങ്കുവഹിച്ചു. പ്രത്യക്ഷത്തിൽ തൃണമൂ





ലിനെയും മറ്റുമാണ് നന്ദിഗ്രാമിൽ കണ്ടതെങ്കിലും സിപിഐ (മാവോയിസ്റ്റ്)ന്റെ സാന്നിധ്യം, പ്രത്യേകിച്ചും അതിന്റെ സായുധശക്തി, അവിടത്തെ പോരാട്ടത്തിൽ നിർണ്ണായകമായി. സിപിഎമ്മിന്റെ സായുധസംഘങ്ങളെ കുറെകാലം ചെറുക്കാൻ കഴിഞ്ഞത് അതുകൊണ്ടാണ്. തങ്ങളുടെ സായുധ ഗുണ്ടാശക്തി മതിയാവില്ലെന്നു കണ്ടപ്പോഴാണ് പോലീസും സി.ആർ.പിയുമായി ചേർന്ന നന്ദിഗ്രാമിനെതിരെ ആക്രമണം നടത്തിയത്. നന്ദിഗ്രാം 'പിടിച്ചടുക്കാൻ' കഴിഞ്ഞെങ്കിലും അത് സിപിഎമ്മിനെ ഒന്നുകൂടി ഒറ്റപ്പെടുത്തി. ഈ പാർടിയെ എങ്ങിനെയെങ്കിലും പരാജയപ്പെടുത്തണം എന്ന വികാരം ശക്തമായി. അതിന്റെ ഫലം തുടർന്നിങ്ങോട്ടുള്ള എല്ലാ തെരഞ്ഞെടുപ്പുകളിലും കാണാം. ഇതിനിടയിലാണ് ലാൽഗഢ് പ്രക്ഷോഭം ഉയർന്നുവന്നത്. നന്ദിഗ്രാമിലെപോലെ ഇവിടെയും അടിച്ചമർത്താനാണ് ആദ്യം ശ്രമിച്ചത്. പക്ഷെ മാവോയിസ്റ്റ് സാന്നിധ്യം ഇവിടെ കൂടുതൽ ശക്തവും സംഘടിതവുമായിരുന്നു. ഭൂപ്രകൃതിയും അവർക്ക് അനുകൂലമായിരുന്നു. വലിയൊരു സന്നാഹമില്ലാതെ വൻതോതിൽ ജനപിന്തുണ ആർജിച്ച പ്രക്ഷോഭത്തെ അടിച്ചമർത്താൻ കഴിയുമായിരുന്നില്ല. ഇത് ലോക്സഭ തെരഞ്ഞെടുപ്പ് സാധ്യതയെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്കയിലാണ് ബുദ്ധദേവ് സർക്കാർ ആദ്യം പ്രയോഗിച്ചുനോക്കിയ അടിച്ചമർത്തൽ നടപടികളിൽ നിന്ന് തൽക്കാലം പിൻവാങ്ങിയത്. തെരഞ്ഞെടുപ്പ് കഴിഞ്ഞതോടെ ലാൽഗഢിൽ പ്രകോപനങ്ങൾ സൃഷ്ടിച്ചുകൊണ്ട് അടിച്ചമർത്താനുള്ള സാഹചര്യമൊരുക്കി. സമീപകാലത്ത് രൂപപ്പെട്ടുവന്ന തൃണമൂൽ–കോൺഗ്രസ് സഖ്യത്തെ തമ്മിൽ തെറ്റിക്കാം എന്ന ലക്ഷ്യവുമുണ്ടായിരുന്നു.

വരാനിരിക്കുന്ന സംസ്ഥാന അസംബ്ലി തെരഞ്ഞെടുപ്പ് ലക്ഷ്യമാക്കി ഇടതുപക്ഷ പ്രതിച്ഛായക്ക് ഇപ്പോൾ സിപിഎമ്മുമായി മത്സരിക്കുന്ന തിരക്കിലാണ് മുമ്പ് ബിജെപിയുമായി സഖ്യത്തിലായിരുന്ന മമത ബാനർജി. സിപിഎം ഇടതല്ലെന്ന് അവർ പറയുന്നു. അവരുകൂടി അംഗമായ കേന്ദ്രസർക്കാറിന്റെ സായുധസേനകൾ ലാൽഗഢിൽ ജനങ്ങളെ അടിച്ചമർത്തുമ്പോൾ ഈ അവകാശവാദം പൊളിയും, അത് സഹിക്കാനാവാതെ മമത കോൺഗ്രസുമായി ഉടക്കും എന്ന പ്രതീക്ഷ ബുദ്ധദേവിന് തീർച്ചയായും ഉണ്ടായിരുന്നു. ഉദ്ദേശിച്ചപോലെ അത് പക്ഷെ ഫലിച്ചില്ല. മമതയും സിപിഐ(മാവോയിസ്റ്റ്) ഉൾപ്പെടെയുള്ള വിവിധ എംഎൽ സംഘടനകളും തമ്മിലുള്ള അപ്രഖ്യാപിത കൂട്ടുകെട്ടിനെ ലാൽഗഢ് അടിച്ചമർത്തൽ എങ്ങിനെ ബാധിക്കും? മുൻഖണ്ഡികയിൽ ചൂണ്ടികാട്ടിയ ബംഗാളിലെ സിപിഎമ്മും ബാക്കിയെല്ലാവരും എന്ന ദ്രുവീകരണത്തിന്റെ ഭാഗവും പ്രതിഫലനവുമാണ് ഈ അപ്രഖ്യാപിത കൂട്ട്. രാഷ്ട്രീയ പാർടികൾക്ക് മാത്രമല്ല, സ്വന്തമായി എന്തെങ്കിലും ചെയ്യാൻ ആഗ്രഹിക്കുന്ന കലാസാംസ്കാരിക പ്രവർത്തകർ, കളിക്കാർ, ഗവേഷകർ എന്നുവേണ്ടാ ബംഗാളി സമൂഹത്തിന്റെ ഏതു തുറയിലുമുള്ളവർക്ക്, ഏറ്റവും വലിയ പ്രതിബന്ധം സിപിഎം സോഷ്യൽ ഫാസിസമായി തുടരുന്നിടത്തോളം കാലം ഇങ്ങനെയൊന്ന് രൂപപ്പെടുക സ്വാഭാവികമാണ്. ഭരണവർഗ പാർടികൾക്കിടയിലെ വൈരുദ്ധ്യങ്ങൾ വിപ്ലവത്തിന് അനുഗുണമാകും വിധം ഉപയോഗിക്കാൻ അത് അവസരം നൽകുന്നു. ഇത്തരം അടവുകൾ പ്രയോഗിക്കുമ്പോൾ വിപ്ലവചേരിയെ ദുർബലമാക്കാൻ ശത്രുവിനും അവസരം ലഭിക്കുന്നുണ്ട്. കൂട്ടുകെട്ടിന്റെ മറവിൽ വിപ്ലവവും പ്രതിവിപ്ല

## എസ്‌യുസിഐയുടെ 'ഏകൈക' അവസരവാദം

പശ്ചിമ ബംഗാളിലെ ജോയ്നഗർ മണ്ഡലത്തിൽ നിന്ന് ആർഎസ്പി സ്ഥാനാർത്ഥിയെ പരാജയപ്പെടുത്തി എസ്‌യുസിഐ ജയിച്ചു; തൃണമൂൽ–കോൺഗ്രസ് സഖ്യത്തിന്റെ ഭാഗമായി നിന്നതിന്റെ ഗുണം! അങ്ങനെയൊരു സഖ്യമുണ്ടായിരുന്നില്ല, തൃണമൂലു മാത്രമായിട്ടാണ് തങ്ങൾ ഐക്യപ്പെട്ടത് എന്നാണ് എസ്‌യുസിഐ പറയുന്നത്. ആ മണ്ഡലത്തിലെ സ്ഥാനാർത്ഥി ലിസ്റ്റും വോട്ടും പരിശോധിച്ചാൽ സത്യമറിയാം. കോൺഗ്രസ് അവിടെ സ്ഥാനാർത്ഥിയെ നിർത്തിയിരുന്നില്ല. അവരുടെ വോട്ടുകളുടെ കൂടി പിൻബലത്തിൽ മാത്രമാണ് എസ്‌യുസിഐക്ക് ലോകസഭ കാണാൻ കഴിഞ്ഞത്. തൃണമൂലിന്റെ വർഗസ്വഭാവം മറച്ചുവെച്ചാണ് എസ്‌യുസിഐ അതുമായുള്ള തെരഞ്ഞെടുപ്പ് സഖ്യം ന്യായീകരിച്ചത്. യുപിഎ സർക്കാരിൽ പങ്കാളിയായി മമത തന്റെ കൂറ് വീണ്ടും തെളിയിച്ചിട്ടും അതിനെ കുറിച്ച് അവർക്ക് ഒന്നും പറയാനില്ല. എസ്‌യുസിഐ, കോൺഗ്രസ് പാർടികളെ ഇടതും വലതും നിർത്തിയുള്ള തൃണമൂൽ സഖ്യത്തിന് വരാനിരിക്കുന്ന പശ്ചിമ ബംഗാൾ അസംബ്ലി തെരഞ്ഞെടുപ്പിൽ ഇനിയും സാധ്യതയുള്ളപ്പോൾ മമതയുടെ വർഗവിശകലനം നടത്താൻ എങ്ങനെ കഴിയും ഈ `ഏകൈക കമ്മ്യൂണിസ്റ്റ് പാർടിക്ക് ?



വവും തമ്മിലുള്ള അതിർവരമ്പുകൾ നേർപ്പിച്ചാൽ അവർക്ക് കുറെകൂടി എളുപ്പമാകും. ബംഗാളിൽ കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പു സമയത്ത് ഇങ്ങനെ സംഭവിച്ചിരുന്നു. സിപിഎമ്മിനെ പരാജയപ്പെടുത്തുന്നതാണ് അടിയന്തിര ലക്ഷ്യം എന്ന ന്യായത്തിൽ തെരഞ്ഞെടുപ്പ് ബഹിഷ്കരണ പ്രചരണം നാമമാത്രമാക്കുന്ന പ്രവണത മാവോയിസ്റ്റ് ചേരിക്കുള്ളിൽ തന്നെ ശക്തമായി. പലയിടത്തും സിപിഎം പഞ്ചായത്ത് ഭരണത്തെ തറപറ്റിക്കാൻ കഴിഞ്ഞെങ്കിലും പ്രാദേശിക ചൂഷകർ പുതിയ തൃണമൂൽ അധികാരികൾക്കൊപ്പം ഉടനെ അണിനിരന്നതും രണ്ടുകൂട്ടരും ചേർന്ന് ജനങ്ങളെ ദ്രോഹിക്കാൻ തുടങ്ങിയതുമാണ് പിന്നെയുണ്ടായത്. ഇതിനെ ഉപയോഗപ്പെടുത്തി നഷ്ടപ്പെട്ട സ്വാധീനം ഒരു പരിധിവരെ വീണ്ടെടുക്കാൻ സിപിഎമ്മിന് കഴിഞ്ഞു. ഇത് മുൻകൂട്ടി കണ്ട് തെരഞ്ഞെടുപ്പ് ബഹിഷ്കരണത്തിൽ ഉറച്ചുനിന്നവരുടെ നിലപാട് ശരിയായിരുന്നുവെന്ന് അനുഭവം തെളിയിച്ചു. പശ്ചിമ മേദിനീപൂർ ജില്ലയിൽ, ആദ്യം സിപിഎമ്മിനെതിരെ തൃണമൂലുമായും, പിന്നെ തൃണമൂലിനെതിരെ സിപിഎമ്മുമായും ഐക്യപ്പെട്ട്, ഒടുവിൽ പൂർവ്വശക്തി ആർജിച്ച സിപിഎം അഴിച്ചുവിട്ട അടിച്ചമർത്തലിൽ പിടിച്ചുനിൽക്കാനാവാതെ സിപിഐ(എം-എൽ) പീപ്പിൾസ് വാറിന് പിൻവാങ്ങേണ്ടി വന്ന അനുഭവും ബംഗാളിലുണ്ട്. ബദൽ വികസന മാതൃക പ്രാവർത്തികമാക്കിയ, പ്രക്ഷോഭമേഖലക്കുള്ളിൽ പോളിങ്ങ് ബൂത്തുകൾ നിരോധിച്ച് ലോകസഭ തെരഞ്ഞെടുപ്പ് ബഹിഷ്കരണം സജീവമാക്കിയ ലാൽഗഢിലെ പ്രയോഗം വ്യത്യസ്തമായി. (അങ്ങനെയൊന്ന് സാധ്യമാക്കിയ ഒട്ടേറെ സവിശേഷതകളും അവിടെയുണ്ടായിരുന്നു.) അതുകൊണ്ട് തൃണമൂലുമായുള്ള ബന്ധത്തിൽ വരാവുന്ന മാറ്റം പ്രശ്നമാവില്ല, ലാൽഗഢിൽ. അതേസമയം, ബംഗാളിന്റെ മറ്റു പ്രദേശങ്ങളിൽ, പ്രത്യേകിച്ചും പുതിയ വർഗബന്ധങ്ങളുമായി ഉൾചേർന്ന സിപിഎമ്മിന്റെ പ്രാദേശിക ചൂഷണ–ആധിപത്യ ബന്ധങ്ങൾ കൂടുതൽ വേരൂന്നിയ വിശാല സമതലങ്ങളിൽ, എല്ലാവിധ ഭരണവർഗ വിഭാഗങ്ങളിൽ നിന്നും വേറിട്ടുനിൽക്കുന്ന വിപ്ലവദിശ കൃത്യമായി, സമയോചിതമായി, സ്ഥാപിക്കുന്നില്ലെങ്കിൽ നഷ്ടങ്ങളുണ്ടാകും.

അവസാനമായി, കേരളത്തിലുള്ള നമ്മളെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും, ലാൽഗഢും മുത്തങ്ങയും തമ്മിലുള്ള ഒരു താരതമ്യം ഉപകാരപ്രദമാകും. തങ്ങളുടെ നിയന്ത്രണത്തിലുള്ള ഒരു ഭൂപ്രദേശത്തിനായുള്ള, നൂറ്റാണ്ടുകളുടെ അവമതിപ്പും അടിച്ചമർത്തലും അവസാനിപ്പിക്കാനുള്ള, ആദിവാസികളുടെ വിമോചനദാഹം രണ്ടിടത്തും ശക്തമായ പ്രചോദനമായി. പോരാട്ടത്തിൽ അണിനിരന്ന അവർക്ക് ശത്രുവിന്റെ ആക്രമണത്തിനു മുമ്പിൽ പിൻവാങ്ങേണ്ടി വന്നു. സ്വയോത്സവതയിലും ശത്രുവിന്റെ വിട്ടുവീഴ്ചയെകുറിച്ചുള്ള പ്രതീക്ഷയിലും ഊന്നിനിന്ന മുത്തങ്ങയിൽ അത് പാലായനമായി. ലാൽഗഢിൽ നടന്നത് ചിട്ടയായ പിൻമാറ്റമായിരുന്നു. കനത്ത രാഷ്ട്രീയവില നൽകികൊണ്ടു മാത്രമാണ് ശത്രുവിന് അവിടെ സൈനികമായി നേടാനായത്. ഇപ്പോൾ നടക്കുന്ന അടിച്ചമർത്തലിന്റെ കാര്യമാണെങ്കിൽ, വെറുക്കപ്പെട്ട അധിപന്മാരെ തുരത്തി സ്വന്തം കാര്യങ്ങൾ സ്വന്തമായി നോക്കിനടത്താനായ കഴിഞ്ഞ ആറുമാസത്തെ അനുഭവം ഇതിലും വലിയ ത്യാഗത്തിന് ജനങ്ങളെ സന്നദ്ധരാക്കിയിട്ടുണ്ടാകുമെന്ന് ഉറപ്പാണ്. അടിച്ചമർത്തൽ അവർക്ക് പുതുമയല്ല. ശരിയായ ദിശയിൽ പോരാടാൻ സന്നദ്ധമായാൽ സാധ്യമാകുന്ന പുതിയ സമൂഹത്തിന്റെ അനുഭവം, അത് തീർത്തും പുതിയതായിരുന്നു. വസ്തുതകൾ അറിയാതെയൊ (അറിഞ്ഞൊ) ലാൽഗഢിലെ ആദിവാസി പ്രക്ഷോഭത്തെ തങ്ങളുടെ സായുധസമര അജണ്ടയിൽ കൂട്ടിചേർക്കാൻ മാവോയിസ്റ്റുകൾ ശ്രമിച്ചതാണ് പ്രശ്നമായത് എന്ന് പറയുന്നവർക്ക് തങ്ങളുടെ 'അനുകമ്പാഐക്യദാർഢ്യ'ത്തിനുള്ള വിഷയങ്ങളിലാണ്, മർദ്ദിതരുടെ വിമോചനത്തിലല്ല, താൽപര്യം. ■

(ലാൽഗഢിനെ കുറിച്ച് കൂടുതൽ അറിയാൻ http//:peoples truth.googlepages.com)

പിന്തിരിപ്പൻ ശക്തികൾ മാത്രമല്ല സ്വയം മാർക്സിസ്റ്റ് എന്ന് അവകാശപ്പെടുന്നവർപോലും സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് സങ്കല്പങ്ങളെ ജനാധിപത്യത്തിന് എതിരായി പ്രതിഷ്ഠിക്കുന്ന, യാഥാർത്ഥ്യവും വ്യാജനിർമ്മിതികളും തിരിച്ചറിയാനാവാത്ത വിധം സങ്കീർണ്ണമായ ഇന്നത്തെ കാലത്ത്, വിപ്ലവരാഷ്ട്രീയത്തിന്റെ കൂടുതൽ ഉയർന്ന തിരിച്ചറിവിലേക്ക് ഉണരാൻ, പാർട്ടി, ജനാധിപത്യം തുടങ്ങിയ വിഷയങ്ങളെ മുൻനിർത്തി ഒരു സംവാദം. *-മുന്നണിപ്പോരാളി*

ചർച്ച

# വിമോചനാത്മകമായ രാഷ്ട്രീയം നേരിടുന്ന വർത്തമാനകാല വെല്ലുവിളികൾ

**സന്ദീപൻ**

**സ്വകാര്യമൂലധന ക്രമത്തെയും** അതിന്റെ ആധാരശിലയായ സാമ്രാജ്യത്വരാഷ്ട്രീയ വ്യവസ്ഥയെയും എങ്ങനെ മാറ്റിമറിക്കുമെന്നതാണ് കഴിഞ്ഞ നൂറ്റാണ്ടിലേതുപോലെ വർത്തമാനകാലത്തെയും വിമോചനാത്മകമായ രാഷ്ട്രീയ കർതൃത്വത്തിന്റെ ആരംഭബിന്ദു. ഒരു വ്യത്യാസം മാത്രം– ഒക്ടോബർ വിപ്ലവത്തിനും ചൈനീസ് വിപ്ലവത്തിനും ശേഷം ഉരുത്തിരിഞ്ഞ സാമൂഹിക ക്രമത്തിന്റെ അപചയങ്ങളെ, പരാജയങ്ങളെ, അഭിമുഖീകരിക്കാതെ ഇത്തരം ചിന്തകളും പ്രയോഗങ്ങളും നിരർഥകങ്ങളാണ് എന്ന ബോധമാണ് ഈ വ്യത്യാസം. സോവിയറ്റുയൂണിയനും ചൈന യും വിമോചനാത്മകമായ രാഷ്ട്രീയത്തിന്റെ മാതൃകകളല്ലാതായി മാറിയെന്ന് 1970–കളിൽ തന്നെ തിരിച്ചറിഞ്ഞ തലമുറയെ സംബന്ധിച്ചിടത്തോളം ഇത് അത്ര സങ്കീർണ്ണമായ പ്രശ്നമല്ലെന്നു ഒരു പക്ഷെ തോന്നിയേക്കാം. എന്നാൽ, സോഷ്യലിസ്റ്റ് രാഷ്ട്രീയബോധത്തിന്റെയും പ്രയോഗത്തിന്റെയും തലങ്ങളിലുണ്ടായ വികാസത്തോടൊപ്പം, തിക്താനുഭവങ്ങളുടെ നീറ്റുന്ന യാഥാർഥ്യങ്ങളും സോവിയറ്റു–ചൈനീസ് അനുഭവങ്ങളുടെ ഭാഗമായിരുന്നുവെന്ന വസ്തുത ഉദാസീനമായി തള്ളിക്കളയാനാവില്ല. സോഷ്യലിസ്റ്റു സമൂഹം കെട്ടിപ്പടുക്കൽ, മുതലാളിത്തത്തിന്റെ പുനസ്ഥാപനമായി പരിവർത്തനപ്പെടാം എന്ന തിരച്ചറിവ് പറുദീസാനഷ്ടത്തിന്റെയും മോഹഭംഗത്തിന്റെയും വിഷയം മാത്രമല്ല. വിമോചനാത്മകമായ രാഷ്ട്രീയത്തിന്റെ സാധ്യതകളെപ്പറ്റി ദാർശനികതലത്തിൽ തന്നെയുള്ള വിമർശനങ്ങളുടെ പ്രധാന അടിത്തറയാണത്. ചൂഷണവിമുക്തമായ സമൂഹത്തെകുറിച്ചുള്ള സോഷ്യലിസ്റ്റ്–കമ്യൂണിസ്റ്റ് സങ്കൽപ്പങ്ങളെപ്പറ്റി ഉയരുന്ന ഇത്തരം സന്ദേഹങ്ങളുമായി വിട്ടുവീഴ്ചയില്ലാതെ നടത്തുന്ന സംവാദങ്ങളിലൂടെ മാത്രമായിരിക്കും വിമോചനത്തിന്റെ പുതിയ ഭാവുകത്വങ്ങൾ രൂപപ്പെടുക.

സോഷ്യലിസത്തെക്കുറിച്ചുള്ള സ്വപ്നം അല്ലെങ്കിൽ വിപ്ലവകരമായ സാമൂഹിക പരിവർത്തനം മുന്നോട്ടു വെക്കുന്ന ഏതൊരു പ്രസ്ഥാനവും ഏകാധിപത്യത്തിലേക്കുള്ള ചവിട്ടുപടിയാണെന്ന വീക്ഷണമാണ് ആശയതലത്തിൽ വർത്തമാന കാലഘട്ടത്തിൽ വിമോചനാത്മകമായ രാഷ്ട്രീയം നേരിടുന്ന ഒരു പ്രധാനവെല്ലുവിളി. സാമൂഹികജീവിതത്തിന്റെ മാത്രമല്ല വ്യക്തിജീവിതത്തിന്റെയും സമസ്തമേഖലകളിലും പിടിമുറുക്കിയ പാർടി പൗരോഹിത്യത്തിന്റെ അപ്രമാദിത്വമാണ് ഒക്ടോബർ വിപ്ലവത്തിനുശേഷം നിലവിൽ വന്ന സോഷ്യലിസ്റ്റു സമൂഹങ്ങളുടെ പ്രധാന സംഭാവനയെന്നാണ് ഇതു സംബന്ധിച്ച പ്രധാനവിമർശനം. മൂലധനാധിപത്യത്തിന്റെ അധീശത്വം അതേപടി നിലനിർത്തുന്നതിന് കച്ചകെട്ടിയിറങ്ങിയിരിക്കുന്നവരാണ് പ്രധാനമായും ഈ വിമർശനത്തിന് പുറകിലുള്ളത്. അത് സ്വാഭാവികവുമാണ്. സ്വന്തം വർഗതാൽപര്യം പരിപാലിക്കുന്നതിൽ ബദ്ധശ്രദ്ധരായിട്ടുള്ള ഭരണവർഗം ഈയൊരു നയം സ്വീകരിക്കുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. ചൂഷണത്തിലധിഷ്ഠിതമായ മൂലധനവ്യവസ്ഥയെ പരിരക്ഷിക്കുന്ന ലിബറൽ ജനാധിപത്യമാണ് ചരിത്രത്തിന്റെ അവസാനമെന്ന അതിന്റെ അപ്പോസ്തലൻമാരുടെ അവകാശവാദങ്ങളിലും അസ്വാഭാവികതയൊന്നുമില്ല. എന്നാൽ അതുകൊണ്ടു മാത്രം ഈ വിമർശനങ്ങൾ അവഗണിക്കാവുന്നതല്ല. കാരണം, തൊഴിലാളിവർഗ സർവ്വാധിപത്യം പാർടി സർവാധിപത്യമായി – അതായത് പാർടി ബ്യൂറോക്രാറ്റുകളുടെ സർവ്വാധിപത്യമായി – മാറിയതിന്റെ ദുരന്തമാണ് സോവിയറ്റുയൂണിയനിലും, ചൈനയിലും സംഭവിച്ച അപചയങ്ങളിൽ തെളിയുന്നത്. അമൂർത്തമായ സൈദ്ധാന്തിക

പരികൽപനകളുടെ തലത്തിൽ നിന്നുകൊണ്ടു മാത്രം ഈ അപചയങ്ങളെ വിലയിരുത്താനാവില്ല. സ്ഥാനഭ്രഷ്ട രാക്കപ്പെട്ട പരമ്പരാഗത ഭരണവർഗം എന്തു വിലകൊടുത്തും തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് ശ്രമിക്കുന്നതിന്റെ ഭാഗമായി രൂക്ഷമാവുന്ന വർഗസമരത്തിന്റെ മൂർത്തമായ അനുഭവങ്ങളെ അവഗണിച്ചുകൊണ്ടുള്ള അത്തരം വിലയിരുത്തലുകൾ ചൂഷണത്തിലധിഷ്ഠിതമായ മൂലധനാധിപത്യത്തെ നീതീകരിക്കുവാൻ മാത്രമാണ് ഉപകരിക്കുക. ഉദാഹരണമായി, വിപ്ലവാനന്തരം റഷ്യയിൽ നടന്ന ആഭ്യന്തരയുദ്ധം, വിദേശ ആക്രമണം എന്നിവ സൃഷ്ടിച്ച അതീവ തീക്ഷ്ണമായ സാഹചര്യങ്ങളെ കണക്കിലെടുക്കാതെ ബോൾഷെവിക് വിപ്ലവത്തിന്റെ പിൽക്കാല



ഗതിവിഗതികളെ മനസ്സിലാക്കുവാനാവില്ല. ശത്രുവർഗത്തിന്റെ ഭാഗത്തുനിന്നുള്ള ആക്രമണങ്ങളെപ്പോലെ പ്രധാനമാണ് പാർടിയിൽ തന്നെ ഒരു പ്രമാണി വർഗം ഉയർന്നുവരുന്നതിന്റെ അപകടവും. ശത്രുവർഗത്തിന്റെ ആക്രമണം മൂലമല്ല, പാർടിയിലെ പ്രമാണികൾ ശത്രുവർഗമായി പരിണമിച്ചതാണ് കഴിഞ്ഞ നൂറ്റാണ്ടിലെ വിപ്ലവങ്ങളുടെ ദുരന്തങ്ങളുടെ കാരണം. ലേബർ അരിസ്റ്റോക്രസി അഥവാ തൊഴിലാളി പ്രഭുത്വം എന്ന പരികൽപനയിലൂടെ ഇത്തരം വ്യതിയാനങ്ങളിലേക്കു ലെനിൻ വെളിച്ചം വീശുന്നുണ്ടെങ്കിലും, വിപ്ലവാനന്തരസമൂഹത്തിലും തീക്ഷ്ണമായി തുടരുന്ന വർഗസമരത്തിന്റെ സമൂർത്ത സാഹചര്യത്തിൽ, പാർടിയെ അപ്പാടെ വിപ്ലവവിരുദ്ധശക്തികൾ കൈയടക്കുന്നതിനുള്ള സാധ്യതകളെ വേണ്ടത്ര ഗൗരവത്തോടെ അദ്ദേഹം പരിഗണിച്ചിരുന്നുവെന്ന് തോന്നുന്നില്ല. ലെനിന്റെ പാർടി സങ്കൽപ്പത്തിൽ തന്നെ അന്തർലീനമായ പിഴവാണോ ഇത്തരമൊരു ദുരവസ്ഥയുടെ കാരണം? ബോൾഷെവിക് പാർടിയുടെ ആവിർഭാവം മുതൽ നിലനിൽക്കുന്ന ചോദ്യമാണിത്. അതുമായി ബന്ധപ്പെട്ട സംവാദങ്ങളുടെ നീണ്ട ചരിത്രം ഇന്ന് ഏറെക്കുറെ പരിചിതമായതിനാൽ ആവർത്തിക്കുന്നില്ല. ലെനിനിസ്റ്റു രാഷ്ട്രീയത്തെ യാന്ത്രികമായി വ്യാഖ്യാനിക്കുന്ന വിമർശകരെ സംബന്ധിച്ചിടത്തോളം നേരത്തെ ഉന്നയിച്ച ചോദ്യത്തിന്റെ ഉത്തരം അതേയെന്നായിരിക്കും. എന്നാൽ, ലെനിനിസ്റ്റു രാഷ്ട്രീയത്തെ ക്രിയാത്മകമായി മനസ്സിലാക്കുവാൻ ശ്രമിക്കുന്നവരെ സംബന്ധിച്ചിടത്തോളം പ്രശ്നം അത്ര ലളിതമാവില്ല. തൊഴിലാളിവർഗ്ഗ അധീശത്വത്തിന്റെ രാഷ്ട്രീയവും തന്ത്രപരവുമായ യുക്തികളുടെ (പൊളിറ്റിക്കോ-സ്ട്രാറ്റജിക് ലോജിക്) തലത്തിലാണ് ലെനിന്റെ പാർടി സങ്കൽപ്പത്തെ വിലയിരുത്തേണ്ടതെന്ന അലൻ ഷാൻദ്രോയുടെ നിഗമനം ഇവിടെ സ്മരണീയമാണ്. വരട്ടുതത്വങ്ങളുടെ ആവർത്തനത്തിനും, കടുംപിടുത്തത്തിനും പകരം വിപ്ലവത്തിന്റെ സാക്ഷാൽക്കാരത്തിനു വേണ്ടിയുള്ള ചടുലമായ ഇടപെടലുകളാണ് ലെനിന്റെ കൃതികളിൽ നിറഞ്ഞുനിൽക്കുന്നത്. പരസ്പര വിരുദ്ധമെന്നുപോലും തോന്നിപ്പിക്കുന്ന ലെനിന്റെ ചിന്തകളും നിലപാടുകളും സമൂർത്തമായ വിപ്ലവപ്രയോഗത്തിന്റെ സമഗ്രതയിൽ നിന്നും അടർത്തിമാറ്റിക്കൊണ്ട് മനസ്സിലാക്കാനാവില്ല എന്ന് ഷാൻദ്രോ ചൂണ്ടിക്കാട്ടുന്നു. കർക്കശമായ അച്ചടക്കത്തിൽ ഊട്ടിയുറപ്പിച്ച പ്രൊഫഷണൽ വിപ്ലവകാരികൾ എന്ന പാർടി സങ്കൽപ്പം, റഷ്യയിൽ 1905- ൽ ഉണ്ടായ വിപ്ലവത്തിന്റെ വെളിച്ചത്തിൽ പുനർവിചിന്തനത്തിന് വിധേയമാക്കുന്നതടക്കമുള്ള കാര്യങ്ങൾ ചൂണ്ടിക്കാട്ടിയാണ് ഷാൻദ്രോ തന്റെ നിഗമനങ്ങൾ സമർഥിക്കുന്നത്. ഈ നിഗമനങ്ങൾ ശരിയായിരിക്കുമ്പോൾ തന്നെ നേരത്തെ ഉന്നയിച്ച ചോദ്യത്തിന് തൃപ്തികരമായ ഉത്തരമാവുന്നില്ല എന്ന പ്രശ്നം അപ്പോഴും ബാക്കിനിൽക്കുന്നു. സൈദ്ധാന്തിക തലത്തിൽ ശരിയായ കാര്യം പ്രയോഗത്തിൽ വരുമ്പോൾ അതിന്റെ നേർവിപരീതമാവുന്ന സ്ഥിതി എന്തുകൊണ്ടാണ് സംഭവിക്കുന്നത്? നേതൃത്വത്തിലെ വ്യക്തികളുടെ സ്വഭാവ സവിശേഷതകളുടെ തലത്തിൽ ഈ അപചയത്തെ വിശദീകരിക്കാനാവുമോ? വിപ്ലവാനന്തര സമൂഹത്തിൽ അരങ്ങേറുന്ന വർഗസമരത്തിന്റെ സമൂർത്ത സാഹചര്യത്തിൽ ഈ ചോദ്യങ്ങൾ മുൻനിരയിലേക്കു കൊണ്ടുവരുകയും സൈദ്ധാന്തികമായ വിശദീകരണങ്ങൾക്കും അന്വേഷണങ്ങൾക്കും തുടക്കമിടുകയും ചെയ്തതാണ് ചൈനയിലെ സാംസ്ക്കാരിക വിപ്ലവത്തിന്റെ പ്രസക്തി. സോവിയറ്റു യൂണിയനിലെ അനുഭവങ്ങളെയും വിപ്ലവാനന്തര ചൈനയിലെ വൈരുദ്ധ്യങ്ങളെയും സൂക്ഷ്മമായി വിശകലനം ചെയ്തതിനുശേഷമാണ് മുതലാളിത്ത പുനസ്ഥാപനം എന്ന നിഗമനത്തിൽ മാവോ സെതുങ്ങ് എത്തുന്നത്. സോഷ്യലിസ്റ്റു സമൂഹനിർമിതിയുമായി ബന്ധപ്പെട്ട അന്വേഷണങ്ങളിൽ നിർണായകമായ വഴിത്തിരിവായിരുന്നു മുതലാളിത്ത പുനസ്ഥാപനമെന്ന കണ്ടെത്തലെന്ന് ഇന്ന് പകൽപോലെ വ്യക്തമാണ്. സാംസ്ക്കാരിക വിപ്ലവം പോലെ രൂക്ഷമായ കലാപത്തിനുശേഷവും, മുതലാളിത്തപാതക്കാർക്ക് ചൈനയിൽ എളുപ്പത്തിൽ അധികാരം കൈയടക്കാനായതിലൂടെ വെളിവാകുന്നത് വിപ്ലവാനന്തര സമൂഹത്തിൽ അരങ്ങേറുന്ന ചടുലമായ വർഗസംഘർഷങ്ങളുടെയും, ഐക്യപ്പെടലുകളുടെയും സാധ്യതകൾ തന്നെയാണ്. ഭരണകൂടാധികാരം പിടിച്ചെടുക്കുന്ന തൊഴിലാളി വർഗ്ഗവിപ്ലവശക്തികൾ അവരുടെ അധീശത്വം ഉറപ്പിക്കുന്നതിന് പ്രയോഗിക്കുന്ന സർവാധിപത്യം എങ്ങനെയാണ് ജനകീയ അധികാരമായി പരിവർത്തനപ്പെടുത്തുന്നത്,



ഈ പ്രക്രിയ മേൽപ്പറഞ്ഞ വർഗ്ഗസംഘർഷങ്ങളുമായി ബന്ധപ്പെട്ടുതന്നെയാണ് ഉരുത്തിരിയുക. ഇത്തരമൊരു അനുഭവ പശ്ചാത്തലത്തിലാണ്- പാർടി സംഘടനയെക്കുറിച്ചുള്ള കാര്യങ്ങളിലടക്കം - സോഷ്യലിസ്റ്റു-കമ്യൂണിസ്റ്റു സങ്കൽപ്പത്തിന്റെ അടിസ്ഥാനധാരണകളിൽ തന്നെ പുനർ

വിചിന്തനം അനിവാര്യമാണോയെന്ന ചോദ്യം വിമോചനാത്മകമായ രാഷ്ട്രീയ കർതൃത്വം നേരിടുന്നത്. പാർടി സംഘടനാ തത്വങ്ങളുടെ ആണിക്കല്ലായി കരുതപ്പെടുന്ന കേന്ദ്രീകൃത ജനാധിപത്യം എങ്ങനെ ജനവിരുദ്ധമായി ഉപയോഗിക്കാമെന്ന് സോവിയറ്റു–ചൈനീസ് അനുഭവങ്ങൾ മാത്രമല്ല, തിരുത്തൽവാദത്തിന്റെ ചതുപ്പുകളിൽ ഉഴലുന്ന സി.പി.എം–നെ പോലുള്ള സംഘടനകളും വ്യക്തമായി തെളിയിക്കുന്ന സാഹചര്യത്തിലാണ് പുനർവിചിന്തനങ്ങളുടെ അടിയന്തിരപ്രസക്തി...

സാർവ്വദേശീയ ചൂഷണവ്യവസ്ഥയായ മുതലാളിത്തത്തിനെതിരെയുള്ള (സാമ്രാജ്യത്വമായി രൂപാന്തരപ്പെട്ടതോടെ ചൂഷണത്തിന്റെ തീവ്രത പതിൻമടങ്ങ് കൂടിയിട്ടുണ്ടെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാവില്ല) സമരത്തിൽ വിജയിക്കുന്ന ഒറ്റപ്പെട്ട വിപ്ലവങ്ങൾക്ക് എത്രകാലം പിടിച്ചുനിൽക്കാനാവുമെന്ന കാര്യം ഗൗരവമായ പരിഗണന ആവശ്യപ്പെടുന്ന വിഷയമാണ്. സാമ്രാജ്യത്വം അടിച്ചേൽപ്പിക്കുന്ന സാമ്പത്തികവും രാഷ്ട്രീയവുമായ വരിഞ്ഞുമുറുക്കലുകളെ ചെറുത്തുതോൽപ്പിക്കുന്നതിൽ താൽക്കാലികമായി വിജയിക്കുമെങ്കിലും, സോഷ്യലിസത്തിന്റെ ഒറ്റപ്പെട്ട തുരുത്തുകളുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള നിലനിൽപ്പിനെപ്പറ്റി ഇന്നത്തെ ലോകസാഹചര്യത്തിൽ എത്രമാത്രം പ്രതീക്ഷകൾ പുലർത്തുവാൻ കഴിയും? വിപ്ലവത്തിന്റെ വേലിയേറ്റം കെട്ടടങ്ങുമ്പോൾ, ജനങ്ങളുടെ പ്രതീക്ഷകളിലുണ്ടാവുന്ന നേരിയ മാറ്റം പോലും ശത്രുപക്ഷം ഫലപ്രദമായി ഉപയോഗിക്കുന്നതിന്റെ നിരവധി ഉദാഹരണങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ വിഷയം മുന്നോട്ടു വയ്ക്കുന്നത്. രാഷ്ട്രങ്ങൾ തമ്മിലുള്ള ഉഭയകക്ഷി ബന്ധങ്ങളെക്കുറിച്ചും മറ്റും കഴിഞ്ഞ കാലങ്ങളിൽ രൂപപ്പെട്ട ധാരണകളെയും കീഴ്‌വഴക്കങ്ങളെയും കാറ്റിൽ പറത്തുന്നതിന് സാമ്രാജ്യത്വം ഒരുകാലത്തും മടി കാണിച്ചിട്ടില്ലായെന്ന് ഏവർക്കും അറിയുന്നതാണ്. എന്നാൽ, സാമ്രാജ്യത്വ അധിനിവേശങ്ങൾക്ക് ഐക്യരാഷ്ട്രസഭപോലുള്ള സാർവ്വദേശീയവേദികളുടെ നിയമാനുസൃതമായ പിൻബലം ബോധപൂർവം നേടിയെടുക്കുന്ന രീതി സമീപകാലത്താണ് പ്രചാരം നേടിയിട്ടുള്ളത്. യുഗോസ്ലാവിയ, ഇറാഖ്, അഫ്ഗാനിസ്ഥാൻ, സോമാലിയ എന്നിവിടങ്ങളിലെ അടുത്ത കാലത്തെ സാമ്രാജ്യത്വ ഇടപെടലുകളിൽ ഈയൊരു രീതിയാണ് പരീക്ഷിക്കപ്പെട്ടത്. സാമ്രാജ്യത്വ അധീശത്വത്തെ മൗലികമായി ചോദ്യം ചെയ്യുന്ന പ്രസ്ഥാനങ്ങളുടെയും രാജ്യങ്ങളുടെയും നേരെ ഇത്തരത്തിലുള്ള ഇടപെടലുകൾ വരാനിരിക്കുന്ന നാളുകളിൽ വ്യാപകമാവുമെന്നു വ്യക്തമാണ്. അതിന്റെയർഥം, മഴ കാത്തിരിക്കുന്ന വേഴാമ്പലിനെപ്പോലെ മുൻനിരമുതലാളിത്ത രാജ്യങ്ങളിൽ വിപ്ലവം വരുന്നതുവരെ, മറ്റു രാജ്യങ്ങൾ കാത്തിരിക്കണമെന്നല്ല. വിപ്ലവകരമായ സാമൂഹിക പുനസംഘടന നേരിടുന്ന വെല്ലുവിളികളിൽ ഒന്നായി ഈയൊരു വിഷയത്തെ സമീപിക്കേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടുകമാത്രമാണ് ഉദ്ദേശിക്കുന്നത്. നേപ്പാളിൽ മാവോയിസ്റ്റുകൾക്ക് സമീപകാലത്ത് ഉണ്ടായ അനുഭവം വിവിധഭാവത്തിലുള്ള സാമ്രാജ്യത്വ വരിഞ്ഞുമുറുക്കലിന്റെ ഉദാഹരണമാണ്. പഴയ ഭരണകൂടഘടനയുടെ പരിമിതികളുടെയുള്ളിൽ നിന്നു പ്രവർത്തിക്കുവാനുള്ള സന്നദ്ധത പോലും അനുവദിക്കാതിരിക്കുന്നത് വിപ്ലവകരമായ മുന്നേറ്റങ്ങളോട് സാമ്രാജ്യത്വം പുലർത്തുന്ന കഠിനമായ അസഹിഷ്ണുതയുടെ വ്യക്തമായ തെളിവാണ്. ഗാസാമുനമ്പിൽ ഹമാസിനെതിരെയുണ്ടായ നീക്കങ്ങളും ഇതുതന്നെയാണ് തെളിയിക്കുന്നത്. സാമ്രാജ്യത്വക്രമത്തെ പരിമിതമായ നിലയിൽ ചോദ്യം ചെയ്യുന്നതു പോലും അനുവദിക്കില്ലായെന്ന അമേരിക്കയുടെ മുഷ്കിനെതിരെ ലോകമാസകലം പ്രതിഷേധങ്ങളും ചെറുത്തുനിൽപ്പുകളും സജീവമാണെങ്കിലും വ്യവസ്ഥാവിരുദ്ധമായ, സമഗ്രമാറ്റത്തിനുവേണ്ടിയുള്ള പ്രസ്ഥാനമായി അവ രൂപപ്പെടാത്ത സാഹചര്യത്തിലാണ് ഒരു രാജ്യത്തു മാത്രമായി സോഷ്യലിസം എന്ന വീക്ഷണത്തിന്റെ പ്രായോഗികതയെപ്പറ്റി സംശയമുയരുന്നത്. ഒക്ടോബർ വിപ്ലവത്തിന്റെ വിജയകരമായ പ്രയാണത്തിനുള്ള ഒരു സുപ്രധാന ഉപാധി മുൻനിര മുതലാളിത്ത രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗ വിപ്ലവമാണെന്ന ലെനിനിസറ്റ് കാഴ്ചപ്പാടിനെ മുൻനിർത്തി ഈ ദിശയിലുള്ള അന്വേഷണങ്ങളെ ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകതയാണ് നേപ്പാളിന്റെയടക്കമുള്ള അനുഭവങ്ങൾ തെളിയിക്കുന്നത്. വർഗസമരത്തിന്റെയും, വിപ്ലവത്തിന്റെയും ചാലകശക്തിയെന്ന നിലയിൽ തൊഴിലാളിവർഗത്തിനെ വിഗ്രഹവൽക്കരിക്കുന്നത് വർത്തമാന സാഹചര്യത്തിൽ എത്രത്തോളം അനുയോജ്യമാണ് എന്ന ചോദ്യവും ഇത്തരുണത്തിൽ പ്രസക്തമാണ്. മുതലാളിത്ത സാമ്പത്തിക വ്യവസ്ഥയുടെ അവിഭാജ്യഘടകമായ അസന്തുലിത വികാസം ലോകമാസകലം സൃഷ്ടിച്ചിട്ടുള്ള വൈരുദ്ധ്യങ്ങളുടെ പശ്ചാത്തലത്തിലാണ് ഈയൊരു ചോദ്യം സജീവമായി ഉയരുന്നത്. ജീവിത നിലവാരത്തിലെ അന്തരം, ഉൽപ്പാദന സമ്പ്രദായങ്ങളുടെ പറിച്ചുനടൽ, കുറഞ്ഞ വേതനത്തിൽ പണിയെടുക്കാൻ ശപിക്കപ്പെട്ട കുടിയേറ്റതൊഴിലാളികളും തൊഴിൽ നഷ്ടപ്പെടുന്ന തദ്ദേശീയരും തമ്മിലുള്ള വൈരുദ്ധ്യം, സാങ്കേതിക വിദ്യയുടെ ഫലമായി ഫാക്ടറികൾ അടക്കമുള്ള തൊഴിൽ സ്ഥാപനങ്ങളിൽ വരുന്ന മാറ്റം – ഇവയെല്ലാം സൂക്ഷ്മതലത്തിൽ വംശീയവും പ്രാദേശികവും തൊഴിൽപരവുമായ എണ്ണമറ്റ വൈരുദ്ധ്യങ്ങൾക്ക് കാരണമായിട്ടുണ്ട്. തെക്കേ അമേരിക്കൻ രാജ്യമായ മെക്സിക്കോയിൽ നിന്നും അമേരിക്കയിലേക്കും, തുർക്കിയിൽ നിന്നും ജർമനിയിലേക്കും, ദക്ഷിണേഷ്യയിലും കരീബിയൻ ദ്വീപുകളിൽ നിന്നും ബ്രിട്ടനിലേക്കും കുടിയേറുന്നവർ നേരിടുന്ന വംശീയ വിവേചനം ഇതിന്റെ ഉദാഹരണമാണ്. പശ്ചിമേഷ്യൻ രാജ്യങ്ങളിൽ പൗരാവകാശങ്ങൾ ഒന്നുമില്ലാതെ പണിയെടുക്കുന്ന വിവിധ രാജ്യങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ സ്ഥിതിയും വ്യത്യസ്തമല്ല. ബീഹാർ, ബംഗാൾ, തമിഴ്നാട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കേരളത്തിൽ വന്ന് പണിയെടുക്കുന്നവരുടെ ദുരവസ്ഥയെപ്പറ്റി നമ്മുടെ വ്യവസ്ഥാപിത ട്രേഡ്‌യൂണിയനുകൾ പുലർത്തുന്ന കുറ്റകരമായ മൗനവും ഉദാഹരണമാണ്. തൊഴിലാളിവർഗ്ഗം എന്ന പരികൽപ്പനയുടെ സാർവ്വദേശീയമാനം, ഒരുപക്ഷെ ഏറ്റവും പ്രസക്തമായ കാലഘട്ടത്തിൽ തന്നെയാണ് പ്രായോഗികതലത്തിൽ അങ്ങേയറ്റം ശിഥിലമായ അവസ്ഥയും നിലനിൽക്കുന്നതെന്ന വിചിത്രമായ സ്ഥിതിവിശേഷത്തെയാണ് ഇന്ന് നേരിടേണ്ടി വരുന്നത്. സൈദ്ധാന്തികവും പ്രായോഗികവുമായ നിലയിൽ ഇക്കാര്യം എങ്ങനെ കൈകാര്യം ചെയ്യുമെന്നത് അടിയന്തിരപ്രാധാന്യമർഹിക്കുന്ന വിഷയമാണ്. വർത്തമാനകാലത്തെ വിമോചനാത്മകമായ രാഷ്ട്രീയ കർതൃത്വം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചുള്ള ക്രമബദ്ധവും സമഗ്രവുമായ വീക്ഷണം അവതരിപ്പിക്കാനായിട്ടില്ല എന്ന ബോധ്യത്തോടെയാണ് ഈ കുറിപ്പ് അവസാനിപ്പിക്കുന്നത്. പരിസ്ഥിതി വിനാശം, സ്ത്രീകളോടുള്ള വിവേചനം, ജാതീയവും, വംശീയവുമായ അടിച്ചമർത്തൽ തുടങ്ങിയ പല സുപ്രധാനവിഷയങ്ങളെ പരിഗണിക്കാതെ വിമോചനാത്മകമായ രാഷ്ട്രീയത്തെക്കുറിച്ചുള്ള ചിന്തകൾ അപൂർണ്ണമാണെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ? ഇതു സംബന്ധമായ തുടർചർച്ചകളിൽ അത്തരം വിഷയങ്ങൾ സജീവമായി ഉയർന്നു വരുമെന്നു പ്രതിക്ഷിക്കുന്നു.

■


ചർച്ച

# മാവോയിസ്റ്റ് പാർടി

**അജിത്ത്**

മുതലാളിത്ത യുഗത്തിൽ വർഗങ്ങളുടെയും അവയിലെ വ്യത്യസ്ത വിഭാഗങ്ങളുടെയും താൽപര്യങ്ങൾ പ്രകടിപ്പിക്കാനും സാക്ഷാത്കരിക്കാനുള്ള പ്രധാന ഉപകരണം രാഷ്ട്രീയപാർടി എന്ന സാമൂഹ്യ സംഘടനാരൂപമാണ്. ശത്രുവർഗങ്ങളോട് എതിർത്ത് തങ്ങളുടെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ തൊഴിലാളിവർഗവും സ്വന്തം പാർടി രൂപീകരിക്കണം എന്ന മാർക്സിന്റെ തിരിച്ചറിവിന് ലെനിൻ ശാസ്ത്രീയ സിദ്ധാന്തം ആവിഷ്കരിച്ച് പ്രയോഗത്തിലൂടെ അത് പരീക്ഷിച്ചു സ്ഥാപിച്ചു.

സിപിഎം ആഭാസം മലീമസമാക്കിയ വർത്തമാന രാഷ്ട്രീയാന്തരീക്ഷത്തിൽ തൊഴിലാളിവർഗ മുന്നണിപ്പടസങ്കൽപം മാധ്യമ സംവാദത്തിലും സ്ഥാനംനേടിയിരിക്കുന്നു. ഉദാരവൽക്കരണ പ്രതിപത്തിയോടൊപ്പം സിപിഎം നേതൃത്വത്തിന്റെ ഉദ്യോഗസ്ഥ മേധാവിത്വ നിയന്ത്രണവും ശക്തമാകുമ്പോൾ മാർക്സിസത്തിന്റെ പാർടി സങ്കൽപമായി ഇത് തെറ്റിധരിച്ച് (തെറ്റിധരിപ്പിച്ചും) ചിലർ വിമർശിക്കുന്നുണ്ട്. ഈ പാർടിയുടെ തെളിഞ്ഞുവരുന്ന ഭരണവർഗ സ്വഭാവത്തിൽ അമ്പരന്ന എംഎൻ വിജയന്റെ വിമർശനവൈകൃതവും (പാർടിക്കുള്ളിൽ 'കാറ്റും വെളിച്ചവും കയറ്റിവിട്ടതാണ് പ്രശ്നം) ഇവിടെ ഓർക്കാം. മറുവശത്ത്, പുതിയ സമൂഹത്തിന്റെയും മനുഷ്യരുടെയും സൃഷ്ടിക്ക് മുന്നണിപ്പടയാകാൻ ഒരു സംഘടനക്കുണ്ടാകേണ്ട ഗുണങ്ങൾ, അതിന് അനുയോജ്യമായ പാർടി നിർമ്മാണം, തൊഴിലാളിവർഗ സർവ്വാധിപത്യത്തിൽ പാർടിക്കുള്ള സ്ഥാനം എന്നിവയെ കേന്ദ്രീകരിച്ച് മാവോയിസ്റ്റു ചേരിക്കുള്ളിൽ ഇന്ന് നടക്കുന്ന ആശയസമരവും പാർടി സങ്കൽപത്തിന്റെ വിഷയം തന്നെയാണ് ഉന്നയിക്കുന്നത്. മാവോയിസ്റ്റ് പാർടി ആകാതെ ഒരു തൊഴിലാളിവർഗ പാർടിക്ക് ഇന്ന് അതിന്റെ കമ്മ്യൂണിസ്റ്റ് ഗുണം നിലനിർത്താൻ കഴിയുമോ? കമ്മ്യൂണിസ്റ്റ് പാർടിക്കുള്ള മറ്റൊരു പേരു മാത്രമാണോ മാവോയിസ്റ്റ് പാർടി? അതല്ല, സ്വഭാവത്തിലും പ്രവർത്തനരീതികളിലും ശൈലിയിലും പുതിയത് എന്തെങ്കിലും അതിലുണ്ടോ?



മുതലാളിത്ത യുഗത്തിൽ വർഗങ്ങളുടെയും അവയിലെ വ്യത്യസ്ത വിഭാഗങ്ങളുടെയും താൽപര്യങ്ങൾ പ്രകടിപ്പിക്കാനും സാക്ഷാത്കരിക്കാനുള്ള പ്രധാന ഉപകരണം രാഷ്ട്രീയപാർടി എന്ന സാമൂഹ്യ സംഘടനാരൂപമാണ്. ശത്രുവർഗങ്ങളോട് എതിർത്ത് തങ്ങളുടെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ തൊഴിലാളിവർഗവും സ്വന്തം പാർടി രൂപീകരിക്കണം എന്ന മാർക്സിന്റെ തിരിച്ചറിവിന് ലെനിൻ ശാസ്ത്രീയ സിദ്ധാന്തം ആവിഷ്കരിച്ച് പ്രയോഗത്തിലൂടെ അത് പരീക്ഷിച്ചു സ്ഥാപിച്ചു. ഒരു സ്ഥിരംതൊഴിലുപോലെ വിപ്ലവപ്രവർത്തനത്തിൽ ഏർപ്പെടുന്നവരാണ് ലെനിനിസ്റ്റ് പാർടി സങ്കൽപത്തിലെ ദൃഢകാമ്പ്. തൊഴിലാളിവർഗത്തെ അടക്കിഭരിക്കുന്ന വരേണ്യ മേൽത്തട്ടിന് ഇത് ജന്മംകൊടുക്കുന്നതായി വിമർശനമുണ്ട്. തൊഴിലാളികൾക്ക് സ്വയോത്ഭവമായി തങ്ങളുടെ വിമോചന ആശയശാസ്ത്രത്തിൽ എത്തിചേരാനാവില്ല, അത് പുറമേ നിന്ന് എത്തിക്കണം എന്ന ലെനിന്റെ നിലപാടു തന്നെ വരേണ്യതയുടെ ആഘോഷമാണെന്നും തൊഴിലാളികളുടെ ശേഷിയെ താഴ്ത്തികെട്ടുന്ന ഈ സമീപനത്തിന്റെ മൂർത്തരൂപമാണ് ലെനിനിസ്റ്റ് പാർടി സങ്കൽപം എന്ന ആരോപണവുമുണ്ട്. ഇതെല്ലാം ബോൾഷെവിക്ക് പാർടിയിൽ പ്രകടമാകുന്നതിനെ ലെനിന്റെ വ്യക്തിഗുണം തടഞ്ഞുനിർത്തീയെങ്കിലും അദ്ദേഹത്തിന്റെ മരണത്തോടെ ലെനിനിസ്റ്റ് പാർടി സങ്കൽപത്തിന്റെ സകല ദോഷങ്ങളും സ്റ്റാലിന്റെ നേതൃത്വത്തിൻ കീഴിൽ ഭീകര താണ്ഡവമാടിയെന്നും ചിലർ വാദിക്കുന്നു. (പിയേഴ്സൺ, മാതൃഭൂമി –87/3, മാർച്ച് 29, 2009). ഇങ്ങനെയുള്ള വിമർശനങ്ങളുടെ പരിശോധനയിലേക്ക് കടക്കും മുമ്പ് ലെനിനിസ്റ്റ് പാർടി സങ്കൽപം രൂപപ്പെട്ടുവന്ന കാലഘട്ടത്തിൽ തന്നെ ഈ വിഷയത്തെ കുറിച്ച് നടന്ന ആശയസമരങ്ങൾ പരിചയപ്പെടാം. അവിഭക്ത റഷ്യൻ കമ്മ്യൂണിസ്റ്റ് പാർടിയുടെ (അന്ന്, റഷ്യ സോഷ്യൽ ഡെമോക്രാറ്റിക്ക് ലേബർ പാർടി) രണ്ടാം കോൺഗ്രസിൽ പാർടി ഭരണഘടനയെ കുറിച്ച് നടന്ന ചർച്ചയാണ് തുടക്കം. ലെനിന്റെ കരട് നിർദ്ദേശങ്ങൾ അമിതകേന്ദ്രീകരണത്തിന് കാരണമാകും എന്ന് വിമർശിച്ച വലതുപക്ഷത്തിന് (ഇതിൽ ട്രോട്സ്കിയും ഉണ്ടായിരുന്നു) ഏതെങ്കിലും ഘടകത്തിൽ ഉൾച്ചേർന്ന് പ്രവർത്തനത്തിൽ പങ്കെടുക്കണം എന്ന ലെനിന്റെ അംഗത്വമാനദണ്ഡം പോലും അനാവശ്യ കേന്ദ്രീകരണമായിരുന്നു. സഹായിക്കുന്നവരെയൊക്കെ അംഗങ്ങളായി കരുതാം എന്ന, ഒഴിവുസമയ പ്രവർത്തകരുടെ ഒരു അയഞ്ഞ സംഘടനാരൂപമായി പാർടിയെ മാറ്റുന്ന, ബദൽ നിർദ്ദേശമാണ് അവർക്കുണ്ടായിരുന്നത്. ഇതായിരുന്നു ലെനിനും പ്രതിയോഗികളും തമ്മിലുള്ള അടിസ്ഥാന സമീപന വ്യത്യാസം.

രാഷ്ട്രീയാധികാരം പിടിച്ചെടുക്കുന്ന വിപ്ലവ പ്രസ്ഥാനത്തിന്റെ മുൻനിര പ്രവർത്തകരാകാൻ സന്നദ്ധരായവരുടെ, അതിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെയ്ക്കുകയും അതിലൂടെ അവശ്യമായ നേതൃത്വശേഷിയും പാടവവും വികസിപ്പിക്കുന്നവരുടെ, സംഘടനയാണ് വേണ്ടത് എന്ന വ്യക്തതയിൽ നിന്നാണ് ലെനിന്റെ പാർടി സങ്കൽപം രൂപംകൊണ്ടത്. ഒരു തരത്തിലുമുള്ള പരസ്യപ്രവർത്തനം അനുവദിക്കാത്ത സാറിസ്റ്റ് റഷ്യയിൽ സുസജ്ജമായ ഒരു രഹസ്യപോലീസിനെ വെട്ടിച്ച് പ്രവർത്തിക്കേണ്ട സവിശേഷ സാഹചര്യം തീർച്ചയായും ഇതിൽ വലുതായ സ്വാധീനം ചെലുത്തി. പാർടി നേതൃഘടകത്തിന്റെ പൂർണ്ണ കേന്ദ്രീകരണത്തിലും, വ്യത്യസ്ത കടമകൾ വിവിധ പാർടി സമിതികൾക്കിടയിലും സമിതിയിലെ അംഗങ്ങൾക്കിടയിലും വീതിക്കുന്ന, ആധുനിക ഫാക്ടറിയിലെ തൊഴിൽവിഭജനം പോലെ കർക്കശമായ, പ്രവൃത്തിവിഭജനത്തിലും ലെനിൻ ഊന്നിയതിൽ ഇങ്ങനെയുള്ള സവിശേഷതകൾ കാണാം. അതേസമയം, റഷ്യൻ പ്രത്യേകതകളെ മുൻനിർത്തി ആവിഷ്കരിച്ച ഈ സമീപനം അന്ന് ആധിപത്യത്തിലുണ്ടായിരുന്ന 2-ാം ഇന്റർനാഷണൽ പാർടിസങ്കൽപത്തോട് പരോക്ഷമായി കലഹിക്കുന്നുമുണ്ടായിരുന്നു. പാർടി പ്രശ്നത്തിൽ ലെനിൻ തന്റെ സമകാലികരിൽ നിന്ന് വേർതിരിയുന്നത് ഇവിടെയാണ്. കടുത്ത വലതുപക്ഷത്തേക്കു നീങ്ങിയവരെ മാറ്റിനിർത്തി, റോസാ ലക്സംബർഗും, പിന്നീടൊരു ഘട്ടത്തിൽ കുറച്ചുകാലത്തേക്ക് വിപ്ലവപക്ഷത്തോട് ചേർന്ന ട്രോട്സ്കിയും, ലെനിനെതിരെ ഉന്നയിച്ച വിമർശനങ്ങൾ പരിശോധിച്ച് ഇത് സ്പഷ്ടമാക്കാം.

റഷ്യൻ വിപ്ലവ പ്രസ്ഥാനത്തിലെ 'അതികേന്ദ്രീകരണ' പ്രവണതയുടെ പ്രതിനിധിയെന്നാണ് ലക്സംബർഗ് ലെനിനെ വിശേഷിപ്പിച്ചത്. വിപ്ലവ ബഹുജനപ്രസ്ഥാനവും പാർടിയും തമ്മിലുള്ള ബന്ധത്തെ കുറിച്ച് അവർക്കുണ്ടായിരുന്ന വീക്ഷണമായിരുന്നു ഈ വിമർശനത്തിന് ആധാരം. ലക്സംബർഗിന്റെ അഭിപ്രായത്തിൽ, "തൊഴിലാളി പ്രസ്ഥാനത്തിന്റെ ഘട്ടമേതെന്ന് നോക്കാതെ നടപ്പാക്കേണ്ട കേവലമായ ഒന്നല്ല സോഷ്യലിസ്റ്റ് അർത്ഥത്തിലുള്ള കേന്ദ്രീകരണം. അതൊരു പ്രവണതയാണ്, തങ്ങളുടെ സമരങ്ങളുടെ ഗതിയിലൂടെ അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾ ആർജിക്കുന്ന വികാസത്തിനും രാഷ്ട്രീയ പരിശീലനത്തിനും അനുപാതികമായി യാഥാർത്ഥ്യമാകുന്ന ഒന്ന്."; "സോഷ്യൽ ഡെമോക്രസിയെ തൊഴിലാളിവർഗ സംഘടനയോട് കൂട്ടിച്ചേർക്കുകയല്ല. അതുതന്നെയാണ് തൊഴിലാളിവർഗം. അതുകൊണ്ട് സോഷ്യൽ ഡെമോക്രാറ്റിക്ക് കേന്ദ്രീകരണം ബ്ലാൻക്വിസ്റ്റ് കേന്ദ്രീകരണത്തിൽ നിന്ന് സത്തയിൽ തന്നെ വ്യത്യസ്തമാണ് ...
ഒരർത്ഥത്തിൽ അത് തൊഴിലാളിവർഗത്തിലെ മുന്നിട്ടു നിൽക്കുന്ന വിഭാഗങ്ങളുടെ 'സ്വയമേയുള്ള കേന്ദ്രീകരണം' ആണ്. സ്വന്തം പാർടിക്കുള്ളിൽ ഭൂരിപക്ഷത്തിന്റെ ഭരണം."('റഷ്യൻ സോഷ്യൽ ഡെമോക്രസിയിലെ സംഘടനാപ്രശ്നങ്ങൾ') കമ്മ്യൂണിസ്റ്റ് പാർടി കേന്ദ്രീകരണത്തിന്റെ സ്വമേധയായുള്ള സ്വഭാവം എടുത്തുപറയുന്ന ഈ അഭിപ്രായങ്ങളിൽ, മുന്നിട്ടുനിൽക്കുന്നവരും വർഗവും, പാർടിയും വിശാല വിപ്ലവപ്രസ്ഥാനവും തമ്മിലുള്ള വേർതിരിവുകൾ ഏറെക്കുറെ നിഷേധിക്കപ്പെടുന്നുണ്ട്. "തൊഴിൽവിഭജനത്തെ ഒരു സംഘാടകതത്വമായി കരുതാമെങ്കിൽ,

മാർക്സിസ്റ്റ് സൈദ്ധാന്തികയും വിപ്ലവകാരിയുമായ റോസലക്സംബർഗ്ഗ് 1871-ൽ ജർമ്മനിയിൽ ജനിച്ചു. ജർമ്മൻ സോഷ്യൽ ഡെമോക്രാറ്റിക്ക് പാർട്ടിയിൽ പ്രവർത്തിച്ചു വരവേ സംഘടനയുടെ വലതുനയവ്യതിയാനത്തെത്തുടർന്ന് 1914-ൽ ലിബ്നെറ്റുമായി ചേർന്ന് റെവല്യൂഷനിറി സ്പാർട്ടകിസ്റ്റ് ലീഗ് രൂപീകരിച്ചു. 1919-ൽ ഈ സംഘടന കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ജർമ്മനിയായി രൂപാന്തരപ്പെട്ടു. 1918-ൽ ഇടതു



■ റോസ ലക്സംബർഗ്

പക്ഷ വിപ്ലവകാരികളുടെ കേന്ദ്രസംഘടനയായ റെഡ്ഫ്ളാഗിന്റെ രൂപികരണത്തിലും നേതൃത്വപരമായ പങ്കു വഹിച്ചു. ഒന്നാം ലോക മഹായുദ്ധത്തിന്റെ അവസാന ഘട്ടത്തിൽ റോസലക്സംബർഗ്ഗ് കാൾലീബ്നെറ്റിനും നിരവധി സഖാക്കൾക്കുമൊപ്പം രക്തസാക്ഷിയായി.

ഒരു ഫാക്ടറിക്കുള്ളിൽ മാത്രമെ അത് കഴിയൂ, ഏതെങ്കിലും രാഷ്ട്രീയ പാർടിയിൽ ഇത് ഒരിക്കലും കഴിയില്ല, നമ്മുടേതു പോലുള്ള ഒന്നിൽ അത്രപോലും പറ്റില്ല - തൊഴിൽവിഭജനത്തിന്റെ 'തത്വം' തൊഴിലാളിവർഗത്തിന്റെ വർഗബോധം വികസിപ്പിക്കുന്നത് സ്വന്തം കടമയാക്കിയ സംഘടനക്ക് ഒരർത്ഥത്തിലും സ്വാഭാവികമല്ല എന്ന് സ്പഷ്ടമല്ലേ..." എന്ന് ചോദിച്ച ട്രോട്സ്കിയുടെ വീക്ഷണത്തിലും ഈ വേർതിരിവ് നേർത്തുപോകുന്നത് കാണാം. ('നമ്മുടെ രാഷ്ട്രീയ കടമകൾ - ഭാഗം 3, സംഘടനാ പ്രശ്നങ്ങൾ') 'സ്വമേധയാ' എന്ന് പറയുന്നുണ്ടെങ്കിലും അത് 'സ്വയോത്ഭവം' എന്നതിന് പര്യായമാവുകയാണ്, ഫലത്തിൽ.

പാർടിയിലെ കേന്ദ്രീകരണത്തിന്റെ സ്വയമേയുള്ള സ്വഭാവത്തെ ലെനിൻ നിഷേധിക്കുന്നില്ല. അടിച്ചേൽപ്പിക്കുന്നതല്ല, എല്ലാവരും സ്വയം വരിക്കുന്ന ഒന്നാണത്. വിപ്ലവത്തിന്റെ ആവശ്യം മനസ്സിലാക്കി ബോധപൂർവ്വം സ്വീകരിക്കുന്ന ഒന്ന്. അതാണ് ലെനിന്റെ ധാരണയിലെ സ്വമേധയായുള്ള കേന്ദ്രീകരണം. സമരങ്ങളുടെ ഗതിയിലൂടെ യാഥാർത്ഥ്യമാകേണ്ട ലക്സംബർഗിന്റെ 'പ്രവണത'ക്കു പകരം, ലെനിനെ സംബന്ധിച്ചിടത്തോളം ആരംഭം മുതൽ ബോധപൂർവ്വം സ്ഥാപിച്ചെടുക്കേണ്ട, പരിശീലിക്കേണ്ട ഒന്നാണ്, പ്രവൃത്തിവിഭജനം ഉൾപ്പെടെയുള്ള, കേന്ദ്രീകൃത പാർടിയുടെ പ്രവർത്തനരീതികൾ. അതുപക്ഷെ വിപ്ലവസ്വയോത്ഭവതയുടെ അനുകൂലാംശത്തെ നിഷേധിക്കുന്നില്ല. വിപ്ലവം സംഘടിപ്പിച്ച് വിജയിപ്പിക്കാൻ എന്തുതരം സംഘടനവേണം, ഇതായിരുന്നു ലെനിന്റെ ആരംഭബിന്ദു. ഇങ്ങനെയൊക്കെയാകണം വിപ്ലവം, ഇങ്ങനെയൊക്കെയാകണം തൊഴിലാളിവർഗവും അതിന്റെ ബോധവികാസവും എന്ന എന്തെങ്കിലും സങ്കൽപത്തിൽ നിന്നല്ല, ശത്രുവിന്റെയും ബഹുജനങ്ങളുടെയും യഥാർത്ഥ അവസ്ഥയിൽ നിന്നാണ് ഇതിൽ എത്തിച്ചേർന്നത്. 1905ലെ വിപ്ലവമുന്നേറ്റത്തിന്റെ സാഹചര്യത്തിൽ, അതുവരെ താൻ ആവശ്യപ്പെട്ട കർക്കശ കേന്ദ്രീകരണത്തിനും പരിശോധിച്ചുള്ള പ്രവേശനത്തിനും പകരം, സമരോത്സുക തൊഴിലാളി ബഹുജനങ്ങളെ ആകാവുന്നത്ര ഉൾചേർക്കാൻ പര്യാപ്തമായ സംഘടനാരീതികൾക്ക് ലെനിൻ വാദിച്ചു. ലെനിനിസത്തെ ലെനിൻ തന്നെ നിഷേധിക്കുകയായിരുന്നില്ല, ഇതാണ് ലെനിനിസം. പുതിയ സാഹചര്യത്തിൽ ബഹുജനങ്ങളുടെ വിപ്ലവ ഉത്സാഹം നൽകുന്ന ഊർജ്ജം അവരുടെ ആശയശാസ്ത്ര-രാഷ്ട്രീയ ദൗർബല്യങ്ങളെ

വലിയൊരു പരിധിവരെ കവച്ചുനിൽക്കും എന്ന വിലയിരുത്തലാണ് അവിടെ ലെനിനെ നയിച്ചത്. ജനങ്ങളിലുള്ള അഗാധ വിശ്വാസവും, വിപ്ലവപ്രസ്ഥാനത്തിലെ ബോധപൂർവ്വ നീക്കങ്ങളും സ്വയോത്ഭവതയും തമ്മിലുള്ള ബന്ധത്തെ വൈരുദ്ധ്യാത്മകമായി ഉൾക്കൊണ്ടതുമായിരുന്നു ഇവിടെ ദൃശ്യമായത്. തീർച്ചയായും, 'ഘട്ടമേതെന്ന് നോക്കാതെ' നടപ്പാക്കുന്ന കേവലമായ ഒന്നല്ല ലെനിനിസ്റ്റ് കേന്ദ്രീകരണവും സംഘടനാചട്ടങ്ങളും. മുഴുവൻ പാർടിയംഗത്വത്തിന്റെയും, അതിനുമപ്പുറം സാധ്യമാകുന്നത്ര ബഹുജനങ്ങളുടെയും ബോധതലം ഉയർത്തുന്ന കടമ കൈയൊഴിയുന്നതല്ല അതിന്റെ പ്രവൃത്തിവിഭജനം.

താൻ ആവിഷ്കരിച്ച മുന്നണിപ്പടസങ്കൽപവും സംഘാടനരീതികളും വൈരുദ്ധ്യാധിഷ്ഠിതമായി കൈകാര്യം ചെയ്ത ലെനിന്റെ മികവ് പിൽക്കാല സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് കൈമോശംവന്നോ? പിയർസൺ ചെയ്യുന്നപോലെ നേതാക്കളുടെ വ്യക്തിഗുണങ്ങൾ തേടിപ്പോകുന്നതിനു പകരം ഇങ്ങനെയുള്ള വീക്ഷണവ്യത്യാസങ്ങൾ മനസിലാക്കുന്നതായിരിക്കും ഉപകാരപ്രദമാവുക. സ്ഥലകാലഭേദമില്ലാതെ ബോൾഷെവിക്ക് പാർടിചട്ടങ്ങൾ സാർവ്വത്രികമാതൃകയാകുന്നതിലെ ദോഷത്തെ കുറിച്ച് ലെനിൻ ആശങ്കപ്പെട്ടിരുന്നു. 3-ാം ഇന്റർനാഷണലിലെ (കമ്മ്യൂണിസ്റ്റ് ഇന്റർനാഷണൽ-കോമിന്റേൺ) ചർച്ചകളിൽ ഇടപെട്ട്, അത് തയ്യാറാക്കിയ സംഘടനാ ചട്ടങ്ങൾക്ക് വല്ലാത്ത റഷ്യൻ ചുവയുള്ളതായും മറ്റു രാജ്യങ്ങളിലെ സഖാക്കൾക്ക് ഇതൊക്കെ ശരിയായി മനസിലാക്കാൻ കഴിയുമോ എന്നുമൊക്കെ ലെനിൻ പറയുന്നുണ്ട്. 2-ാം ഇന്റർനാഷണലിന്റെ അയഞ്ഞ സംഘടനാരീതികളിൽ നിന്നു തെറ്റിപിരിയാനുള്ള അന്നത്തെ തിരക്കിൽ ഇത് അത്ര കാര്യമായില്ല. ലെനിനും ഇത് പിന്നീട് പരിശോധിച്ചില്ല. അതേസമയം റഷ്യയിൽ ഭരണകക്ഷിയായി മാറിയ കമ്മ്യൂണിസ്റ്റ് പാർടിയിൽ കൂടുതൽ കർക്കശമായ കേന്ദ്രീകരണം ആവശ്യമായിത്തീരുകയും ചെയ്തു. റഷ്യയിലെ വിപ്ലവഭരണകൂടത്തിന്റെ നിലനിൽപ്പിന് പാർടിയുടെ ഉരുക്കുപോലുള്ള ഐക്യം അത്യന്താപേക്ഷിതമായ സാമ്രാജ്യത്വ ഇടപെടലിന്റെയും ആഭ്യന്തര യുദ്ധത്തിന്റെയും കാലഘട്ടമായിരുന്നു അത്. ഇത്തരമൊരു സാഹചര്യത്തിലാണ് റഷ്യൻ പാർടിയുടെ 10-ാം കോൺഗ്രസിൽ പാർടിക്കുള്ളിൽ അന്നേവരെ അനുവദിച്ചിരുന്ന ഗ്രൂപ്പുകളും അവയുടെ പ്രസിദ്ധീകരണങ്ങളുമൊക്കെ നിർത്തലാക്കാൻ തീരുമാനിക്കുന്നത്. ഇത് പിന്നീട് കമ്മ്യൂണിസ്റ്റ് പാർടി സംഘടനാതത്വത്തിന്റെ ഒരു അടിസ്ഥാനമായി. ഈ സന്ദർഭത്തിലും, പശ്ചിമ യൂറോപ്പ്യൻ രാജ്യങ്ങളിലെ വിപ്ലവ മുന്നേറ്റം ആസന്നമാണെന്ന ധാരണയിലാണ് ലെനിനും റഷ്യൻ പാർടിയും കോമിന്റേണും പ്രവർത്തിച്ചിരുന്നത്. ഇതിന് സാധൂകരണം നൽകുന്നതായിരുന്നു വിവിധ രാജ്യങ്ങളിലെ രാഷ്ട്രീയ സംഭവവികാസങ്ങൾ. മേൽപറഞ്ഞ തീരുമാനങ്ങളിൽ ഈ അടിയന്തിരത്വം തീർച്ചയായും സ്വാധീനം ചെലുത്തിയിരിക്കും. അന്ന് രൂപംകൊണ്ട വിപ്ലവപരിതസ്ഥിതി പിന്നീട് പിന്മാറി. പുതിയ സാഹചര്യത്തിൽ എങ്ങനെ മുന്നേറണം എന്ന് നിശ്ചയിക്കാൻ ആകെമൊത്തത്തിലുള്ള ഒരു വിലയിരുത്തൽ നടത്തണമെന്ന് ലെനിൻ പറയുന്നുണ്ട്. അതിലേക്ക് കടക്കാൻ കഴിയും മുമ്പ്, പക്ഷെ വെടിയേറ്റ് കിടപ്പിലാവുകയും മരിക്കുകയും ചെയ്തു. വിലയിരുത്തലിന് താൻ മനസ്സിൽകണ്ട വിഷയങ്ങളിൽ പാർടി സങ്കൽപവും സംഘടനാചട്ടങ്ങളും ലെനിൻ ഉൾപ്പെടുത്തിയിരുന്നോ എന്ന് വ്യക്തമല്ല. ഏതായാലും അത്തരമൊരു പരിശോധന

വിപ്ലവം സംഘടിപ്പിച്ച് വിജയിപ്പിക്കാൻ എന്തുതരം സംഘടന വേണം, ഇതായിരുന്നു ലെനിന്റെ ആരംഭബിന്ദു.



■ ട്രോട്സ്കി

സ്റ്റാലിന്റെ യാന്ത്രികവാദ തെറ്റുകളിൽ പ്രമുഖമാണ് ഏകശിലാ പാർടി സങ്കൽപം. മാവോ വിമർശിക്കുന്നതുവരെ ഇതായിരുന്നു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മാതൃക.

യല്ല പിന്നീടുണ്ടായത്.
സവിശേഷ സാഹചര്യങ്ങളിൽ സ്വീകരിച്ച ചട്ടങ്ങളും പ്രവർത്തനരീതികളും വളരെ യാന്ത്രികമായി സൈദ്ധാന്തവൽക്കരിക്കപ്പെട്ടു.

സ്റ്റാലിന്റെ യാന്ത്രികവാദ തെറ്റുകളിൽ പ്രമുഖമാണ് ഏകശിലാപാർടി സങ്കൽപം. മാവോ വിമർശിക്കുന്നതുവരെ ഇതായിരുന്നു കമ്മ്യൂണിസ്റ്റ് പ്രസ്ഥാന ത്തിന്റെ മാതൃക. ചോദ്യംചെയ്യാനാവാത്ത, തെറ്റുസംഭവിക്കാത്ത, ഒരു ശക്തിയായി പാർടിയെ പൂജിക്കുന്ന മനോഭാവവും ശക്തമായി. സോഷ്യലിസത്തിലെ ആന്തരിക വർഗ വൈരുദ്ധ്യങ്ങളും വർഗസമരവും നിഷേധിച്ച യാന്ത്രിക ധാരണയുടെ സ്വാധീനമാണ് സ്റ്റാലിന്റെ പാർടിസങ്കൽപത്തിലും കാണുന്നത്. സജീവ വൈരുദ്ധ്യങ്ങളുടെ ഒരു ഇടമായി, ബാഹ്യവും ആന്തരികവുമായ വൈരുദ്ധ്യങ്ങളുമായി ഏറ്റുമുട്ടി സാമൂഹ്യ നേതൃസ്ഥാനവും പ്രസക്തിയും നിരന്തരം പുതുക്കേണ്ട ഒന്നായി അല്ല പാർടി മനസിലാക്കപ്പെട്ടത്. ആശയ സമരം ഔപചാരികമായി. ജനാധിപത്യ കേന്ദ്രീകരണം ആധിപത്യ/വിധേയത്വ ബന്ധങ്ങളിൽ മരവിച്ചു. സ്വാഭാവികമായും, അധികാരത്തിലുള്ള പാർടിയിലും അല്ലാത്തവയിലും ഇത് ഒരേപോലെയായിരുന്നില്ല. ശത്രുവിന്റെ അടിച്ചമർത്തൽ അതിജീവിച്ച് പ്രവർത്തിക്കേണ്ടിയിരുന്ന സാഹചര്യം ജനങ്ങളെ കൂടുതലായി ആശ്രയിക്കേണ്ടത് ആവശ്യമാക്കി, സ്വയംപരിശോധനയും തിരുത്തലും ഇതിനുള്ള ആശയസമരങ്ങളും പാർടി അന്തരീക്ഷത്തെ സജീവമാക്കി. അവിടെയും പക്ഷെ ഏകശിലാപാർടി സങ്കൽപത്തിന്റെ ഞെരുക്കം കൂടെയുണ്ടായിരുന്നു. ആശയശാസ്ത്ര തെറ്റുതിരുത്തലിലല്ല പുറന്തള്ളലിലായിരുന്നു ഊന്നൽ. പാർടി മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ദിശയിൽ തുടരുന്നിടത്തോളം കാലം, കമ്മ്യൂണിസ്റ്റ് ഗുണം നഷ്ടപ്പെട്ടവരെ നീക്കംചെയ്യുന്നതായിരുന്നു അതിലെ പുറന്തള്ളലിന്റെ പൊതുസ്വഭാവമെങ്കിലും, ആശയശാസ്ത്ര തെറ്റുതിരുത്തലിനെ അപേക്ഷിച്ച് ഇതിൽ സംഘടനാനടപടി സ്വഭാവവും ഊന്നലും മുഴച്ചുനിന്നു. ഈ നിഷേധാത്മക അനുഭവത്തിൽ നിന്ന്, അതിന് ആധാരമായ യാന്ത്രിക ധാരണയിൽ നിന്നുള്ള തെറ്റിപിരിയലാണ് മാവോ സാധ്യമാക്കിയത്. മുന്നണിപ്പട സങ്കൽപത്തിന്റെ ഒരു പുതുക്കിപണിയൽ. തൊഴിലാളി വർഗ നേതൃത്വപദവിയുടെ വൈരുദ്ധ്യാത്മകത കൂടുതൽ ആഴത്തിൽ, സങ്കീർണ്ണതയിൽ, മനസിലാക്കാനും അത് വഴിതുറന്നു. *(തുടരും)*

60s debate, attack on slave mentality
to discipline, line as basis of centaralisation

# ഇ. എം. എസ്സും ലോകവും

**സി. ആർ**

**ശാസ്ത്രസാങ്കേതിക വളർച്ചയുടെ** സ്ഫോടനാൽമകായ വികാസം ഉൽപാദന ശക്തികളിലും ഉൽപാദനത്തിലും ഉണ്ടാക്കിയ വമ്പിച്ച കുതിച്ചു ചാട്ടവും സമ്പത്തിന്റെ സ്വരൂപണവും ദുരയും കഴുത്തറുപ്പൻ മത്സരങ്ങളും ഒരു ഭാഗത്ത്. മറുഭാഗത്താകട്ടെ ദാരിദ്ര്യവും പട്ടിണിയും നിന്ദയും ഇതെല്ലാം വിധിയാണെന്ന തത്വശാസ്ത്രങ്ങളും 19 ാം നൂറ്റാണ്ടുവരെയുള്ള ഈ ലോകാവസ്ഥയ്ക്കും കാഴ്ചപ്പാടുകൾക്കും എതിരെ നിരന്തരം കലഹിച്ചുകൊണ്ടാണ് മാർക്സിസം രംഗപ്രവേശനം ചെയ്യുന്നത്. അത് അന്നുവരെ നിലനിന്നു വന്ന ലോകത്തെ വ്യാഖ്യാനിക്കുക മാത്രം ചെയ്ത തത്വശാസ്ത്രങ്ങളെ, സാമ്പത്തികശാസ്ത്രങ്ങളെ, ആശയങ്ങളെ ചോദ്യം ചെയ്യുകയും നിലവിലുള്ള ലോകത്തെ മാറ്റിമറിക്കുകയാണ് വേണ്ടതെന്ന് വാദിക്കുകയും അതിനുള്ള ലോകവീക്ഷണത്തെ സമാന്തരമായി സ്ഥാപിച്ചെടുക്കുകയും ചെയ്തു. സ്വത്തുടമസ്ഥതയുടേയും രാഷ്ട്രീയാധികാരത്തിന്റേയും പ്രശ്നത്തെയാണ് മാർക്സിസം സജീവമായും വളരെ പ്രാധാന്യത്തോടെയും എന്നും ഉയർത്തിയത്. അങ്ങിനെയാണ് ചരിത്രത്തിൽ ആദ്യമായി 1871 ലെ പാരീസ് കമ്മ്യൂൺ തൊട്ട് 1917ലെ ബോൾഷെവിക് വിപ്ലവവും ചൈനീസ് വിപ്ലവവും, സോഷ്യലിസം, ജനാധിപത്യം, സ്വാതന്ത്ര്യം എന്നീ ലക്ഷ്യങ്ങളെ ആധാരമാക്കിയുള്ള തൊഴിലാളി വർഗ്ഗ നേതൃത്വത്തിലുള്ള മറ്റനേകം വിപ്ലവ സംരംഭങ്ങൾക്കും ലോകം സാക്ഷ്യം വഹിച്ചത്.

ലോകത്തിന്റെ ഈ കുതിപ്പ് മനുഷ്യചിന്തയിൽ വിപ്ലവകരമായ വമ്പിച്ച വഴിത്തിരിവിനിടയാക്കി. ലോകം തന്നെ രണ്ടായി എല്ലാ അർത്ഥത്തിലും വേർതിരിഞ്ഞു. അവബോധത്തിൽ വിപ്ലവകരമായൊരു 'വേലിയേറ്റത്തി'ന് തന്നെ മാർക്സിസം കാരണമായി മാറുകയായിരുന്നു. ഇത് ലോകമെമ്പാടുമുള്ള യുവബുദ്ധിജീവികളെ മാർക്സിസത്തിലേക്ക് അടുപ്പിച്ചു. ഒരു മാർക്സിസ്റ്റ് വിദ്യാർത്ഥിയായി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലേക്കുള്ള ഇ.എം.എസ്സിന്റെ പ്രവേശന പശ്ചാത്തലം ഇതായിരുന്നു. ഒരു മാർക്സിസ്റ്റ് വിദ്യാർത്ഥിയായി വന്ന ഇ.എം.എസ്. മാർക്സിസ്റ്റ് ലോകവീക്ഷണത്തിനെതിരായ പിന്തിരിപ്പൻ ആക്രമണങ്ങൾക്കും ദുർവ്യാഖ്യാനങ്ങൾക്കും എതിരായ ചെറുത്ത് നിൽപ്പുകളിലും കടന്നാക്രമണങ്ങളിലും അണിചേർന്നുവെങ്കിലും സ്വന്തം വർഗ്ഗപരമായ മാറാപ്പിൻ കെട്ടുകളെ കൈയൊഴിയാൻ തയ്യാറായിരുന്നില്ല എന്നതുകൊണ്ട് തന്നെ ഒരു മാർക്സിസ്റ്റ് ലെനിനിസ്റ്റ് ലോകവീക്ഷണം വളർത്തിയെടുക്കാനോ ഒരു മാർക്സിസ്റ്റ് വിദ്യാർത്ഥി ആയിരുന്നപ്പോൾ ആർജ്ജിച്ച തൊഴിലാളി വർഗ്ഗനിലപാടുകളും വീക്ഷണങ്ങളും നിലനിറുത്താനോ കഴിഞ്ഞില്ല.





ഒരേ സമയം മാർക്സിസത്തിന്റെ വിപ്ലവ അന്തസത്തയെ നിരാകരിച്ചും മാർക്സിസ്റ്റെന്ന പരിവേഷം നിലനിറുത്താൻ ശ്രമിച്ചുമാണ് ഇ. എം.എസ്സ് ജീവിതത്തിന്റെ ഭൂരിഭാഗവും ചെലവഴിച്ചത്. ഇ.എം.എസ് കൂടി നേതൃത്വം നൽകി വളർത്തിയെടുത്ത അവിഭക്ത സി.പി.ഐ ആയാലും സി.പി.എം. ആയാലും ഇന്ത്യൻ വിപ്ലവത്തെ സംബന്ധിച്ചിടത്തോളം നിഷ്ഫലം മാത്രമല്ല പ്രതിലോമ ശക്തിയായി ഇന്നത്തെ നിലയിലേക്ക് അധഃപ്പതിച്ചതിൽ ഇത് പ്രകടമാണ്. മാർക്സിയൻ ഡയലക്ടിക്സിന് പകരം നമ്പൂതിരി തർക്കവും മാർക്സിസത്തിന്റെ വികൃതാനുകരണവുമാണ് ഇ. എം.എസിനെ സ്വാധീനിച്ചിരുന്നതും നയിച്ചതും എന്നത് അയാളുടെ എഴുത്തുകളിലും പ്രയോഗത്തിലും വ്യക്തമാണ്.

'ഇ.എം.എസ്സിന്റെ ലോക'ത്തെകുറിച്ച് സി.പി.എം. ബുദ്ധിജീവികൾ ഇന്ന് വീമ്പിളക്കുന്നത് സ്വന്തം പാർട്ടി അണികൾക്കിടയിൽ അയാളെ ഒരു ബിംബമെന്ന നിലയിൽ പ്രതിഷ്ഠിക്കാനും മാർക്സിസം-ലെനിനിസം-മാവോയിസത്തിൽ നിന്നും അവരെ അകറ്റുന്നതിനുമാണ്. ഐക്യമുന്നണി, ജനകീയ ജനാധിപത്യ വിപ്ലവം, കാർഷികവിപ്ലവം എന്നീ കമ്മ്യൂണിസ്റ്റ് അടവുകളുടേയും പരിപാടികളുടേയും വികൃതാനുകരണത്തിലൂടെ ജനങ്ങളെ അണിനിരത്തി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തേയും ജനങ്ങളേയും എന്നെന്നേക്കുമായി ബൂർഷ്വാപാർലിമെന്ററി ചളിക്കുണ്ടിൽ ആഴ്ത്തുക എന്നതും ഇ.എം.എസിന്റെ ജന്മലക്ഷ്യമായിരുന്നിട്ടുണ്ട്. അതുകൊണ്ട് തന്നെ ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് നേരിടേണ്ടി വന്ന നിരവധി പ്രതിവിപ്ലവ അട്ടിമറികളിൽ നിന്ന് പാഠം പഠിക്കുന്നതിൽ നിന്നും വാശിയോടെ മുഖം തിരിക്കുക മാത്രമല്ല അവയെ വാഴ്ത്താൻ പോലും അയാൾ ധൈര്യപ്പെട്ടു. അങ്ങിനെ വർഗ്ഗസമരത്തേയും മാർക്സിസത്തേയും വഞ്ചിക്കുന്നതിൽ ഒരു ഇന്ത്യൻ കൗഡ്സ്കിയാണ് താനെന്ന് അദ്ദേഹം അർത്ഥശങ്കക്കിടയില്ലാത്തവിധം തെളിയിച്ചു. മാത്രമല്ല ഇന്ത്യൻ വിപ്ലവത്തെ ഏറെ വൈകിക്കുന്നതിൽ അയാൾ മറ്റാരേക്കാളും വിജയിക്കുകയും ചെയ്തു. മാർക്സിസം-ലെനിനിസം-മാവോയിസത്തിൽ നിന്നും വർഗ്ഗസമരത്തിൽ നിന്നും അന്യനായ ഇ.എം.എസ്. അന്തിമമായി, മാർക്സിസം ആരംഭം മുതൽ ഏത് ലോകത്തോടും ലോകവീക്ഷണത്തോടും നിരന്തരം കലഹിക്കുകയും മാറ്റിത്തീർക്കണമെന്ന് സിദ്ധാന്തിക്കുകയും ചെയ്തുവോ അതേ ലോകത്തിന്റേയും ലോകവീക്ഷണത്തിന്റേയും ശക്തനായ ഉപജ്ഞാതാവുമായിരുന്നു. ■

ശാസ്ത്രം

# സർട്ടിഫിക്കേഷൻ : നവകോളനീകരണത്തിന്റെ വഴിത്താര

ഗോവർധൻ




എല്ലാ ഭൂഖണ്ഡങ്ങളിലും ഭൂമദ്ധ്യരേഖയോട് ചേർന്ന് ഉഷ്ണമേഘലാ പ്രദേശങ്ങളിൽ കാണപ്പെടുന്ന സങ്കീർണ്ണവും അമൂല്യവുമായ ജൈവ വൈവിദ്ധ്യത്തെ ആശ്രയിക്കുന്നത് അവിടെയുള്ള രാജ്യങ്ങൾ മാത്രമല്ല. കോളനിവത്കരണത്തിന്റെ പ്രധാന കാരണവും ഈ ജൈവസത്ത തന്നെയാണ്. ചരിത്രത്തിലെ നാഴികക്കല്ലുകളായ കപ്പലോട്ടങ്ങളൊക്കെയും ഉന്നം വെച്ചത് ഉഷ്ണമേഖലാ പ്രദേശങ്ങളിലെ ജൈവ വൈവിദ്ധ്യത്തെയായിരുന്നു.

കേരള തീരത്തെത്തിയ വിദേശികൾ രാജക്കന്മാരുടെ അനുവാദത്തോടെ വാണിജ്യത്തിലേർപ്പെടുന്ന രീതിയിൽ നിന്ന് രാജ്യഭരണത്തിലേക്ക് കടന്നതും വിഭവങ്ങളുടെ കൊള്ള കാര്യക്ഷമമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ്. മദിരാശിയിൽ നിന്നും നേരിട്ട് ബ്രിട്ടീഷുകാർ ഭരിച്ചിരുന്ന കാലങ്ങളിൽ ചില ഇനം മരങ്ങൾ– പ്രത്യേകിച്ചും തേക്ക്– മുറിക്കാനുള്ള അവകാശം നാട്ടുകാർക്കില്ലാതായത് ഈ മരങ്ങൾ ബ്രിട്ടന് ആവശ്യമുണ്ട് എന്നതു കൊണ്ടായിരുന്നു. പക്ഷേ അന്ന് ആ നിയമത്തിന് കാരണമായി പറഞ്ഞത് നാട്ടുകാർ അനധികൃതമായി മരം മുറിക്കുന്നത് കാടിന് ക്ഷതമേല്പ്പിക്കും എന്നായിരുന്നു ഒരു പുത്തൻ റയിൽപ്പാത വേണ്ടിവരും വിധം മരങ്ങളാണ് നിലമ്പൂർ പോലുള്ള പ്രദേശങ്ങളിലെ സ്വാഭാവിക വനങ്ങളിൽ നിന്നും ഈസ്റ്റ് ഇന്ത്യാ കമ്പനി മുറിച്ചു കടത്തിയത്. ഈ കൊള്ളയിൽ നിന്ന് നാട്ടുകാരെ പൂർണ്ണമായും മാറ്റി നിർത്താൻ നിയമ നിർമ്മാണത്തിലൂടെ കഴിയുകയും ചെയ്തു. കോളനികൾ ആവശ്യമായി വന്നതിന്റെ പ്രധാനകാരണം വിഭവങ്ങളുടെ ഈ കൊള്ളയാണ്. പരിസ്ഥിതി സംരക്ഷണമാണ് ഈ കൊള്ളയ്ക്കായി നിലവിൽ വന്ന നിയമ നിർമ്മാണത്തിന് കാരണമായി പറഞ്ഞത്. സാങ്കേതികമായി കോളനികൾ ഇല്ലാതായ ശേഷം, കോളനികളൊക്കെ സ്വാതന്ത്ര്യം നേടി എന്ന് കരുതി ജീവിക്കുമ്പോൾ ഈ വിഭവങ്ങൾക്ക് മേലുള്ള ആർത്തി എങ്ങിനെയാണ് നിറവേറ്റുക. സ്വാതന്ത്ര്യം നേടിയശേഷം ഈ വിഭങ്ങൾക്ക് മേൽ നാം പൂർണ്ണമായും അവകാശം സ്ഥാപിച്ചുവോ? എങ്ങിനെയൊക്കെയാവാം പുത്തൻ കോളനിവത്കരണം കടന്നു വരുന്നത്?

പ്ലാച്ചിമടയിലെ ജലത്തിനുമേൽ മുതലാളിത്തം ആധിപത്യം സ്ഥാപിച്ച രീതി നമുക്കറിയാം. പ്രധാന വനവിഭവമായ മരം അല്ലെങ്കിൽ തടിയുടെ മേൽ വാണിജ്യ ഇടപെടലുകളിലേക്ക് ശക്തമായ ആധിപത്യ ലക്ഷ്യത്തോടെ മുതലാളിത്ത ഇടപെടൽ കൊടുക്കുന്നതിന്റെ രീതിയാണ് സർട്ടിഫിക്കേഷൻ.

സർട്ടിഫിക്കേഷന്റെ ന്യായം ഇങ്ങിനെയാണ്: ഒന്ന് അന്താരാഷ്ട്ര വിപണിയിൽ ലഭ്യമാകുന്ന തടിയുടെ

20% മുതൽ 80% വരെ അനധികൃതമായതാണ്. അനധികൃതം എന്നാൽ സ്വാഭാവിക വനത്തിൽ നിന്ന് മുറിച്ചതോ, അനധികൃതമായ സ്ഥലത്ത് നിന്ന് മോഷ്ടിക്കപ്പെട്ടതോ, സ്വാഭാവിക വനം മുറിച്ച് മാറ്റി അവിടെ വളർത്തി മുറിച്ചെടുത്തതോ ആയ മരങ്ങൾ. കുറച്ചു കൂടി സൂക്ഷ്മമായി നിർവചിക്കപ്പെടുമ്പോൾ സുസ്ഥിരമല്ലാത്ത രീതിയിൽ (രാസവളം, കീടനാശിനികൾ എന്നിവ ഉപയോഗിച്ചും മരം മുറിക്കുന്നത് മണ്ണൊലിപ്പുണ്ടാക്കിയും മറ്റും) ഉത്പാദിപ്പിക്കപ്പെട്ട തടിയും അനധികൃതം എന്ന പട്ടികയിൽ പെടും. കുറച്ച് കൂടി സൂഷ്മമായാൽ ബാലവേല, അടിമവേല എന്നിവ ഉപയോഗിക്കപ്പെട്ട തടികളും അനധികൃതമായും അന്താരാഷ്ട്ര വിപണിയിലെത്തുന്ന തടികൾ അനധികൃതമല്ലെന്ന് ഉറപ്പ് വരുത്തി സർട്ടിഫിക്കറ്റ് കൊടുക്കുന്ന പ്രക്രിയയാണ് സർട്ടിഫിക്കേഷൻ. സർട്ടിഫിക്കറ്റ് കൊടുക്കാൻ അധികാരപ്പെട്ട തന്നെ ആഗോള മുതലാളിത്തത്തിന്റെ ആന്തരിക വൈരുദ്ധ്യങ്ങളുടെയും മറികടക്കലിന്റേയും ഉദാഹരണങ്ങളാണ്. International Timber Trades Organisation (ITTO) ആണ് ആദ്യമായി സർട്ടിഫിക്കേഷൻ സംവിധാനങ്ങൾ തുടങ്ങി വച്ചത്. ജപ്പാന് ആധിപത്യമുള്ള, വിവിധ രാജ്യങ്ങളിലെ സർക്കാർ സംവിധാനങ്ങൾ ഉൾച്ചേർന്ന ഈ സർട്ടിഫിക്കേഷൻ ഏജൻസി 1980 കളിൽ കാര്യമായി വിമർശിക്കപ്പെടുകയുണ്ടായി. തടി വാങ്ങുന്നവന്റെ പക്ഷത്ത് നിന്ന് കൊണ്ട്, ഉഷ്ണമേഖലക്കാടുകളെ വെട്ടി നീക്കുന്ന പ്രക്രിയ നിർഭാഗം സർട്ടിഫിക്കേഷന് കീഴിലും നടന്നതുകൊണ്ടാണ് കൂടുതൽ പാരിസ്ഥിതിക കാര്യക്ഷമതയുള്ള സംവിധാനം വേണമെന്ന് പരിസ്ഥിതി സംഘടനകൾ ആവശ്യമുന്നയിച്ചത്.

1951 ൽ ബ്രിട്ടണിൽ നിന്നുള്ള പഠനസംഘം സർട്ടിഫിക്കേഷൻ രീതികളിൽ മാറ്റങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് വച്ച നിർദ്ദേശങ്ങൾ ഉഷ്ണമേഖലാ പ്രദേശ രാജ്യങ്ങൾ-പ്രത്യേകിച്ചും മലേഷ്യ നിരാകരിക്കയുണ്ടായി. ഇത് പ്രധാനമായും തടി വാങ്ങുന്ന ജപ്പാനും തടി ഉത്പാദിപ്പിക്കുന്ന മലേഷ്യയും ഒരേ പോലെ സ്വാഭാവിക വനം വെട്ടി തടിയായി വില്ക്കുന്ന പ്രക്രിയയെ പ്രോത്സാഹിപ്പിച്ചതിനു തെളിവാണ്. അതേ പോലെ ഈ കച്ചവടത്തിൽ ഞങ്ങൾക്കും പങ്ക് വേണമെന്ന് മുതലാളിത്ത രാജ്യങ്ങൾ ആദ്യം പറഞ്ഞതും അപ്പോഴാണ്.

ഉഷ്ണമേഖലാ കാടുകളിലെ ഈ വിഭവത്തെ മുൻനിർത്തി മുതലാളിത്ത രാജ്യങ്ങൾ തമ്മിലുള്ള മത്സരത്തിൽ പിന്നീട് സംഭവിച്ചത് WWF എന്ന അന്തർദേശീയ പരിസ്ഥിതി സംഘടനയും മറ്റ് സർക്കാരിതര സംഘടനകളും ചേർന്ന് smart wood എന്ന സർട്ടിഫിക്കേഷൻ സംഘം രൂപീകരിച്ചു കൊണ്ടാണ്. അതേ സമയം തന്നെ Green Cross എന്ന അമേരിക്കൻ സംഘടനയും രംഗത്തെത്തി. മറ്റു ചില പരിസ്ഥിതി സംഘടനകളെ കൂടി ചേർത്ത് Forest Steward ship Council എന്ന സംഘം പിന്നീട് രൂപപ്പെട്ടത് വ്യത്യസ്ത അഭിപ്രായമുള്ള സംഘടനകളെ ഏകോപിപ്പിക്കാനും പരസ്പരമൽസരം ഒഴിവാക്കാനുമായിരുന്നു. ഈ കൗൺസിലിന്റെ ഉത്ഭവവും വളർച്ചയും മുതലാളിത്തത്തിന്റെ അതിജീവനരീതിയുടെ ഉദാഹരണമാണ്.

കഥയിത്രയും പറഞ്ഞതിനു കാരണം Forest Steward ship Council കേരളത്തിലുമെത്തി എന്നതിനാലാണ്. കഴിഞ്ഞവർഷം അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും നിയമങ്ങൾ കർശനമാക്കുക വഴി വിഷമത്തിലായത് ഇന്ത്യൻ കരകൗശല വ്യവസായമാണ്. തടിയുപയോഗിച്ച് കരകൗശല വസ്തുക്കളുണ്ടാക്കുന്നവർ അവരുണ്ടാക്കുന്ന വസ്തുക്കൾ അനധികൃതമായി ഉദ്പാദിപ്പിച്ച തടി കൊണ്ടുള്ളതല്ല എന്ന് തെളിയിക്കേണ്ട ബാദ്ധ്യതയിലാണ്. ഇന്ത്യയിൽ 9400 കോടി രൂപയുടെ വിനിമയം നടക്കുന്ന വ്യവസായമാണിത്. ഈ വർഷം WWF-ന്റെ മുഖ്യ കാർമ്മികത്വത്തിൽ Forest Steward ship Council ഇന്ത്യയിലെത്തുമ്പോൾ സർട്ടിഫിക്കേഷൻ എങ്ങിനെ നേടാമെന്ന് തടിയുത്പാദകരേയും വിപണനം ചെയ്യുന്നവരേയും പഠിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. 2010 ഓടെ നിയമങ്ങൾ കർശനമാവുമെന്നും അതിനു മുമ്പ് സർട്ടിഫിക്കേഷൻ നേടണമെന്നുമാണ് തിരക്കും ഭീഷണിയും.

ആഗോളതലത്തിൽ സർട്ടിഫിക്കേഷൻ ചെയ്യപ്പെട്ടത് 80 രാജ്യങ്ങളിലായി 110 മില്ല്യൺ ഹെക്ടർ വനഭൂമിയുമാണ്, ചൈനയിലെ 3 മില്ല്യൺ ഹെക്ടർ അടക്കം ഇന്ത്യയിൽ ഇതുവരെ സർട്ടിഫിക്കറ്റ് നേടിയത് കന്യാകുമാരി ജില്ലയിലെ മുരുഗപ്പ ഗ്രൂപ്പു നടത്തുന്ന അമ്പാടി റബ്ബർ തോട്ടത്തിന് മാത്രമാണ്. 600 ഏക്കറുള്ള ഈ എസ്റ്റേറ്റിന് സർട്ടിഫിക്കേഷൻ നേടാനായി അവർ ചിലവഴിച്ചത് 20 ലക്ഷം രൂപയും.

പുത്തൻ കൊളോണിയലിസത്തിന്റെ വഴിത്താരകളിൽ ഏറ്റവും പുതിയതാണ് നമ്മുടെ കാടിനും മരത്തിനും സർട്ടിഫിക്കറ്റിനായി നമ്മൾ വനം കൊടുക്കേണ്ടുന്ന അവസ്ഥയങ്ങനെ വളർത്തണമെന്നും മുറിക്കണമെന്നും കൊണ്ടു പോകണമെന്നും വിദേശികൾ നമ്മെ പറഞ്ഞു പഠിപ്പിക്കുന്ന സർട്ടിഫിക്കേഷൻ സംവിധാനങ്ങൾ ■

കവിത

റഷീദ്

# ലാൽഗഢ്

## കൊന്നിട്ടും ചാവാത്ത ഇരയുടെ പോർ വീര്യത്തിന്

**ബുദ്ധൻ** അമ്പ് പണിതപ്പോൾ
ഇരയറിഞ്ഞില്ല അത്
തന്റെ നെഞ്ചിലേക്കാണെന്ന്
വേട്ടയ്ക്ക് അമ്പുവേണമെന്നും
വേടന് അമ്പുണ്ടായിരിക്കുമെന്നും
എപ്പോഴോ
നിയമമായി
വേടന്റെ അമ്പ്
വാഴ്ത്തപ്പെട്ടു
ഇരയുടെ നിയമാവലിയിൽ
അമ്പില്ലായിരുന്നു.
ഇരയ്ക്ക് ഇലയുടെ
മറവിലൊളിക്കാം
മണലിൽ മുഖം പൂഴ്ത്താം
ഏറിയാൽ ഓരിയിടാം
ഒടുവിൽ,

ഇരുട്ടിൽ ഭയം വിഴുങ്ങി മരിക്കാം
ഇരയ്ക്ക് വേണമൊരമ്പ്
മരണം വിതയ്ക്കുന്ന
വേടന്റെ തഴമ്പിച്ച
നിയമ പുസ്തകത്തിന്റെ
മാറുപിളർക്കാൻ
ഒരു കൂരമ്പ്.



# വ്യാവസായിക പുരോഗതി ...?

സുനിൽ

**കഴിഞ്ഞ കുറെ കാലങ്ങളായി** നഷ്ടത്തിലായി അടച്ചുപൂട്ടാൻ വിധിക്കപ്പെട്ട പൊതുമേഖലയിലെ വ്യവസായങ്ങൾ എൽ.ഡി.എഫ് അധികാരമേറ്റെടുത്തതിന് ശേഷം ഉയർച്ചയുടെ പടവുകൾ കയറിക്കൊണ്ടിരിക്കുന്നുവെന്നാണ് ഔദ്യോഗിക ഭാഷ്യം. ഉയർച്ചയുടെ നേട്ടങ്ങൾ എന്തെല്ലാമാണെന്നും അത് എങ്ങിനെയാണ് നേടിയെടുത്തതെന്നും ജനങ്ങളെ ബോധ്യപ്പെടുത്താൻ 'ദേശാഭിമാനി'(2009 മെയ് 29) ചില കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ നേട്ടങ്ങളും അതിന് ആധാരമായ വ്യവസായിക നയവും സമൂഹത്തിന്റെ പുരോഗതിയായി എടുത്തു കാട്ടുന്നു. എന്നാൽ, സ്വകാര്യ മേഖലയിലെ ആദ്യത്തെ വൻകിട വ്യസായ സംരംഭം മുതൽ വിവിധ ജില്ലകളിൽ ഇന്ന് നിലനിൽക്കുന്ന വ്യസായ കേന്ദ്രങ്ങൾ വരെ വെളിപ്പെടുത്തുന്നത് പ്രകൃതിയും മനുഷ്യാധ്വാനവും ചൂഷണം ചെയ്യപ്പെടുന്നതായാണ്.

കഴിഞ്ഞ കോൺഗ്രസ്സ് മന്ത്രിസഭയുടെ ഭരണത്തിൽ സ്വകാര്യമേഖലയ്ക്കു കൈമാറുവാൻ തീരുമാനിച്ച വ്യവസായങ്ങളാണ് ഇന്ന് ലാഭത്തിലേയ്ക്കു കുതിക്കുന്നതായി മന്ത്രി ചൂണ്ടികാണിക്കുന്നത്. യു.ഡി.എഫ് നിയോഗിച്ച ചൗധരി കമ്മറ്റിയുടെ നിർദ്ദേശം ഈ വ്യവസായങ്ങൾ അടച്ചുപൂട്ടി സ്വകാര്യ മേഖലയ്ക്ക് കൈമാറണമെന്നായിരുന്നു. ഇതിനു പകരം പൊതുമേഖല സ്ഥാപനങ്ങൾ സർക്കാർ ഉടമസ്ഥതയിൽ തന്നെ നിലനിർത്തിയും ഇവയുടെ ഉൽപന്നങ്ങൾ പരസ്പരം ക്രയവിക്രയം ചെയ്യാനുള്ള സാഹചര്യം ഒരുക്കിയുമാണ് ഈ വളർച്ചയുണ്ടായതെന്ന് മന്ത്രി വിശദീകരിക്കുന്നുണ്ട്. അതോടൊപ്പം, കോൺഗ്രസ്സ് സർക്കാരിനെ അപേക്ഷിച്ച്, 1993-നോട് കൂടി ആരംഭിച്ച വ്യവസായ പാർക്കുകൾ (കിൻഫ്ര) വ്യാപിപ്പിക്കുവാനും, അതിൽ ചെറുകിട വ്യവസായങ്ങൾക്ക് ആവശ്യമായ പാശ്ചാത്തല സൗകര്യങ്ങൾ, പ്രത്യേകിച്ചും സ്ഥലം, വൈദ്യുതി, റോഡ് തുടങ്ങിയവ, കൂടുതലായി ഒരുക്കുവാനും കഴിഞ്ഞതാണ് നാല് വർഷക്കാലം കൊണ്ട് വളർച്ചയുണ്ടാകുന്നതിന് ആധാരമായ വ്യവസായ നയമെന്നാണ് ജനങ്ങളെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നത്.

എന്നാൽ ഇതിനെ മുൻനിർത്തി വളർച്ചയുടെ ശരിയുത്തരങ്ങൾ കണ്ടെത്തുന്നതിന് മുമ്പ് അടച്ചുപൂട്ടലിന് വഴിവെച്ച സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് കൂടി നാം പരിശോധിക്കേണ്ടിയിരിക്കുന്നു. കാരണം എൽ.ഡി.എഫിന്റെ മുൻകാലഭരണകൂടങ്ങളും അടച്ചുപൂട്ടലിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്ന യാഥാർത്ഥ്യം ഇവിടെയുണ്ട്. കുറച്ച് മാസങ്ങൾക്ക് മുൻപ് താലപ്പൊലിയും പഞ്ചവാദ്യവുമായി കേരള സോപ്സ് എന്ന പുതിയ കമ്പനിയുടെ ശിലാസ്ഥാപനം നടന്നു. കേരള സോപ്സ് ആന്റ് ഓയിൽസ് എന്ന കമ്പനി നിലനിന്ന സ്ഥലത്താണ് പുതിയ കമ്പനിയുടെ ശിലാസ്ഥാപനം നടന്നത്. ഒരു കാലത്ത് പൊതുമേഖലയിലെ വ്യവസായങ്ങളിൽ മുന്നിട്ടു നിന്ന ഒന്നായിരുന്നു ഇത്. ആ സ്ഥാപനമാണ് തൊഴിലാളികളെ നിർബന്ധിത പിരിഞ്ഞ് പോകലിന് സാഹചര്യമൊരുക്കിക്കൊണ്ട് എന്നന്നേക്കുമായി അടച്ചത്.

ഒരുകാലത്ത് കേരളത്തിലെ സോപ്പ് വിപണിയിൽ കോർപ്പറേറ്റ് ഭീമൻമാരുടെ ഉൽപന്നങ്ങളുമായി മൽസരിച്ച് കമ്പോളത്തിൽ ആധിപത്യം ചെലുത്തിയ കമ്പനിയാണ് പിന്നീട് അടച്ചുപൂട്ടപ്പെട്ടത്. ഇന്ന് പൊതുമേഖലാ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കു വേണ്ടി എൽ.ഡി.എഫ് സ്വീകരിച്ചുവെന്ന് പറയപ്പെടുന്ന വ്യസായിക നയം, പൊതുമേഖല സ്ഥാപനങ്ങൾ പരസ്പരം സഹകരിക്കുക എന്ന കാഴ്ച്ചപാട്, 1987-91ലെ ഇ.കെ.നായനാർ

മന്ത്രിസഭ എടുത്തിരുന്നുവെങ്കിൽ ഈ സ്ഥാപനം അടച്ചുപൂട്ടുമായിരുന്നില്ല. 1989-ൽ ഹിന്ദുസ്ഥാൻ ലിവറിനെതിരെ കേരള വ്യാപാരി വ്യവസായി ഏകോപനസമിതി നടത്തിയ സമരം ലിവറിന്റെ ഉൽപന്നങ്ങൾക്ക് വിപണിയില്ലാതാകുന്നതിലേക്കാണ് എത്തിയത്. സാമ്രാജ്യത്വ വിരുദ്ധ കാഴ്ചപാടൊന്നും ഈ സമരത്തിന് നേതൃത്വം വഹിച്ച സംഘടനയ്ക്കില്ലായിരുന്നുവെങ്കിലും സി.പി.എമ്മിനും അതിന്റെ മുന്നണിക്കും ആ രാഷ്ട്രീയ ദിശയിലേക്ക് സമരത്തെ നയിക്കാൻ സാധിക്കുമായിരുന്നു. പകരം സമരത്തെ പരാജയപ്പെടുത്താനാണ് അവർ ശ്രമിച്ചത്. ഇതിന്റെ ഭാഗമായാണ് സർക്കാറിന്റെ ഉടമസ്ഥതയിലുള്ള വിപണന കേന്ദ്രങ്ങൾ ലിവറിന്റെ ഉൽപന്നങ്ങൾ വിറ്റൊഴിക്കാനുള്ള കേന്ദ്രങ്ങളാക്കി മാറ്റിയത്. മാസങ്ങളോളം നീണ്ടുനിന്ന സമരത്തിന്റെ ഫലമായുണ്ടായ സാമൂഹ്യ സാഹചര്യം പൊതുമേഖലയുടെ വളർച്ചയ്ക്ക് വേണ്ടി ഉപയോഗപ്പെടുത്തുന്നതിന് പകരം കുത്തക കമ്പനികളുടെ വളർച്ചയ്ക്കു വേണ്ടിയുള്ള ദാസ്യപ്രവൃത്തിക്കുള്ള അവസരമാക്കി സിപിഎം മാറ്റി.

വ്യാവസായിക നയത്തിന്റെ കാര്യത്തിൽ സത്തയിൽ മുൻകാല നയം തന്നെയാണ് ഇപ്പോഴും സി.പി.എമ്മിനുള്ളത്. വിവിധ ജില്ലകളിൽ പ്രവൃത്തിക്കുന്ന വ്യവസായ കേന്ദ്രങ്ങൾ നിർവ്വഹിക്കുന്ന ദൗത്യം അതാണ് സൂചിപ്പിക്കുന്നത്. വ്യവസായ വളർച്ചയ്ക്ക് വേണ്ട പാശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്ന ഇടങ്ങളിൽ കേരളത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ വളർച്ചയ്ക്ക് നേർവിപരീതഫലമാണ് രൂപപ്പെട്ടുക്കൊണ്ടിരിക്കുന്നത്. ഇത് ബോധപൂർവ്വം മറച്ചുവെച്ചാണ് കഴിഞ്ഞ കോൺഗ്രസ്സ് ഭരണകാലത്തെക്കാൾ പുതിയ ഇടങ്ങളിൽ വ്യവസായിക വളർച്ചയ്ക്കു വേണ്ട പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയെന്ന് മന്ത്രി അവകാശപ്പെടുന്നത്. പാലക്കാട് ജില്ലയിൽ കഞ്ചിക്കോട്ടുള്ള വ്യവസായ കേന്ദ്രം തരുന്ന ചിത്രം എന്താണ്? കേരളത്തിന്റെ ഭൂമിയും ഊർജ്ജവും മറുനാടൻ വ്യവസായികൾക്ക് കൊള്ളയടിക്കാനുള്ള വിഭവങ്ങളാക്കിയത് കാരണം ഇവിടെ പ്രവൃത്തിക്കുന്ന എല്ലാ കമ്പനികളും സർക്കാർ അനുവദിച്ചിരിക്കുന്ന സൗകര്യങ്ങൾ പരാമവധി മുതലാക്കാമെന്ന ലക്ഷ്യത്തെ മുൻനിർത്തിയാണ് ഈ പ്രദേശം തിരഞ്ഞെടുത്തത്. പരമാവധി ലാഭം കൊയ്യാമെന്ന ഉദ്ദേശമുള്ളത് കൊണ്ട് തൊഴിലവസരങ്ങൾ പോലും മലയാളിക്ക് നിഷേധിച്ചിരിക്കുന്നു.ഇത് പാലക്കാട് മാത്രമല്ല ഏതാണ്ട് എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും കാണാം. ഫലത്തിൽ സാമ്പത്തികമായോ തൊഴിൽപരമായോ യാതൊരു പങ്കും വഹിക്കാത്ത ഈ കേന്ദ്രങ്ങളാണ് എൽ.ഡി.എഫ് നേട്ടങ്ങളുടെ പട്ടികയിൽ പെടുത്തിയിരിക്കുന്നത്.

ഈ യാഥാർത്ഥ്യത്തെ മുൻനിർത്തി വേണം നാല് വർഷകാലത്തെ എൽഡിഎഫിന്റെ വ്യവസായിക വളർച്ചയുടെ കണക്കുകളെ സമീപിക്കേണ്ടത്. അല്ലെങ്കിൽ വൻകിട ചെറുകിട വ്യവസായങ്ങളുടെ വളർച്ചയുടെ പേരിൽ ഭൂമിയുടെയും ഊർജ്ജത്തിന്റെയും വെള്ളത്തിന്റെയും ക്രയവിക്രയം കേരളത്തിന്റെ പിന്നാക്കാവസ്ഥയെ ത്വരിതപ്പെടുത്തും. അതുമല്ലെങ്കിൽ മാവൂരിലെ ഭൂമി ഗോയങ്കയുടെ കൈവശം എത്തിയ പോലെ, ഇവിടുത്തെ ഭൂമിയിൻമേൽ ഇത്തരം ശക്തികളുടെ ആധിപത്യം അംഗീകരിച്ചു കൊടുക്കുന്നതിലേക്കായിരിക്കും വളർച്ചയുടെ ഇത്തരം കണക്കുകൾ നമ്മളെയെത്തിക്കുക. ■

# വിമോചന സമരം: പിച്ചാത്തി ലഹളയുടെ 50-ാം വാർഷികം

1957ലെ ഇ.എം.എസ് മന്ത്രിസഭയുടെ ഭരണഘടനാപരമായ പിരിച്ചുവിടലിന് സാഹചര്യം ഒരുക്കിയ വിമോചനസമരമെന്ന ഓമനപ്പേരിൽ കുപ്രസിദ്ധമായ പിച്ചാത്തി ലഹളയുടെ 50ാം വാർഷികം യാതൊരു ഉളുപ്പുമില്ലാതെ ഇവിടെ പല ശക്തികളും ആഘോഷിക്കുകയുണ്ടായി. യഥാസ്ഥിതിക പള്ളിമേധാവികളാണ് ഇതിൽ അമിതകുതൂഹലം പ്രദർശിപ്പിച്ചത്. വിദ്യാഭ്യാസ മേഖലയിൽ ഇനിയും പല സൗജന്യങ്ങൾ നേടിയെടുക്കുക എന്ന ലക്ഷ്യം മനസ്സിൽ വച്ചുകൊണ്ടുള്ള ഒരു ഭീഷണിയും ഇതിന് പുറകിൽ ഉണ്ട്. പ്രത്യേകിച്ചും രണ്ടാം ഭൂപരിഷ്കരണത്തെപ്പറ്റിയും ഭൂപ്രശ്നത്തെപ്പറ്റിയും ചർച്ചകളും സമരങ്ങളും ഉയർന്നു വന്നിട്ടുള്ള സാഹചര്യത്തിൽ.

അന്നത്തെ മുഖ്യമന്ത്രിയും അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അറിയപ്പെടുന്ന നേതാവുമായിരുന്ന ശ്രീ.ഇ.എം.എസ്. പറഞ്ഞതുപോലെ ഒരു ഉൽപതിഷ്ണുവായ ബൂർഷാ സർക്കാർ കൊണ്ടുവരാവുന്ന പരിഷ്കരണ നടപടികൾ മാത്രമാണ് 1957 ലെ സർക്കാർ തുടങ്ങി വെച്ചത്. അത്തരം ബൂർഷാ പരിഷ്കാരങ്ങളോടുപോലും സഹിഷ്ണുത പ്രകടിപ്പിക്കാൻ കഴിയാത്ത ജന്മിനാടുവാഴിത്ത ശക്തികളും മതയാഥാസ്ഥിതികരും വിദ്യാഭ്യാസ മുതലാളിമാരും സാമ്രാജ്യത്തവുമാണ് 1959-ൽ കേരളത്തിൽ ലഹള കുത്തിപ്പൊക്കിയത്. സാമ്രാജ്യത്ത പണവും ആയുധങ്ങളും ഇതിനു വേണ്ടി ഒഴുകിയിരുന്നു എന്ന യാഥാർത്ഥ്യം പിന്നീട് വെളിവായി.


'നിലവിലുള്ള ഭരണകൂടത്തെ അങ്ങിനെ തന്നെ ഉപയോഗിച്ച് ജനങ്ങൾക്ക് ആശ്വാസമുണ്ടാക്കുന്ന നടപടികൾ സ്വീകരിക്കാനാകും എന്നത് വെറും വ്യാമോഹമാണ്' എന്ന ഒരു മഹത്തായ സന്ദേശം 1959ലെ ലഹളയും, കേന്ദ്രം ഇടപെട്ടുകൊണ്ട് ഭരണഘടനാനുസൃതമായി തന്നെ (ബൂർഷാ ജനാധിപത്യ പ്രകാരം) 1957ലെ മന്ത്രിസഭയെ പിരിച്ചുവിടുകയും ചെയ്തെന്ന ഒരു നേട്ടത്തിൽ കവിഞ്ഞ് 'വിമോചനസമര'മെന്ന് വ്യാഖ്യാനിക്കാൻ ഈ ലഹള സമൂഹത്തിനൊ രാഷ്ട്രീയത്തിനോ ഒരു ഗുണവും ഉണ്ടാക്കിയില്ല. മാത്രമല്ല സമൂഹത്തെ പുറകോട്ടു കൊണ്ടുപോകാൻ ഉതകുന്ന പല ഭവിഷ്യത്തുകൾ അതുണ്ടാക്കുകയും ചെയ്തു. ഒട്ടേറെ പിന്തിരിപ്പൻ പ്രതിലോമ നടപടികൾക്കും തീരുമാനങ്ങൾക്കും അത് പ്രേരണയാവുകയുമാണുണ്ടായത്.

കേരളീയ സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിനും പുരോഗതിക്കും അടിത്തറയാകേണ്ട കാർഷിക പരിഷ്കരണം എന്ന സ്വപ്നത്തെ തന്നെ അതിന്റെ ശാസ്ത്രീയതയിൽ നിന്നും സമഗ്രതയിൽ നിന്നും വളരെ ദൂരം അകറ്റിമാറ്റുകയും അതിനുള്ള വർഗ്ഗസമരങ്ങളെതന്നെ കൈയൊഴിയുന്ന സംഭവികാസങ്ങളാണ് തുടർച്ചയായി പിന്നീട് അനുഭവപ്പെടാനിടയായത്. പഴയ 'വിമോചന സമര'ശക്തികളെത്തന്നെ ഇതിനു വേണ്ടി കൂട്ടുപിടിക്കുകയും ബൂർഷാ തെരഞ്ഞെടുപ്പുരാഷ്ട്രീയവും വികസനവും എന്ന പിന്തിരിപ്പൻ ആശയത്തിലേക്ക് മുതലകൂപ്പുകുത്തുകയും ചെയ്ത സി.പി.ഐ., സി.പി.എം പാർട്ടികളുടെ ഇന്നത്തെ അധഃപതനം മേൽപറഞ്ഞ സംഭവവികാസങ്ങളിൽ അതിപ്രധാനമായ ഒന്നാണ്. അർദ്ധഫ്യൂഡലിസം അർദ്ധകൊളോണിയലുമായ ഇന്ത്യൻ അവസ്ഥയിൽ തന്നെ കേരളീയ സമൂഹത്തെ തളച്ചിടുന്നതിൽ ഇത് ഫലപ്രദമായ പങ്കാണ് വഹിച്ചിട്ടുള്ളത്. സാമ്രാജ്യത്ത പുത്തൻ കൊളോണിയൽ കൊള്ളയും ആധിപത്യവും പൂർവ്വാധികം ശക്തിയോടെ ഉറപ്പിക്കുന്നതിന് ഇത് വഴി വെച്ചു. ഇന്നത് ലോക മുതൽമുടക്ക് മേളയിലൂടെ ഗ്രാമന്തരങ്ങളെ കൂടി ഗ്രസിക്കുന്ന അവസ്ഥയിലെത്തി. "വിമോചന സമര"ക്കാരുടെ ആധിപത്യങ്ങളും ലക്ഷ്യങ്ങളും ചെങ്കുപ്പായമിട്ടുകൊണ്ട് തന്നെ അവരുടെ ഭാഗത്തേക്ക് കൂറുമാറിയവർ നിർവ്വഹിക്കുന്ന ദുരന്തക്കാഴ്ച. ഒരു പക്ഷെ ഇതൊരു വിജയമായിത്തന്നെ വിലയിരുത്തുന്ന ആഘോഷത്തിനുള്ള വക ഇന്നത്തെ സംഭവവികാസങ്ങൾ പിന്തിരിപ്പൻ യാഥാസ്ഥിതിക ശക്തികൾക്ക് നൽകുന്നുണ്ട്. പോര ഇനിയും കൂടുതൽ വിശ്വസ്തത പ്രകടിപ്പിക്കണമെന്ന ആവശ്യവും ഈ ആഘോഷത്തിനും ഭീഷണിക്കും പുറകിലുണ്ട്.

**അറിയപ്പെടാത്ത സാംസ്കാരിക വിപ്ലവം – 7**

**ഡോങ് പിങ് ഹാൻ**






# വിദ്യാഭ്യാസവും അദ്ധ്വാനവും

ഡോങ് പിങ് ഹാൻ തന്റെ പിഎച്ച്ഡി തീസിസിനെ ആധാരമാക്കി തയ്യാറാക്കിയ 'അറിയപ്പെടാത്ത സാംസ്കാരിക വിപ്ലവം' എന്ന കൃതിയുടെ (ഇന്ത്യൻ പതിപ്പ് കോർണർസ്റ്റോൺ പബ്ലിഷേർസ്, ഖരഖ്പൂർ, 2007) ഈ സംഗ്രഹം മുന്നണിപ്പോരാളിയുടെ 125–ാം ലക്കം മുതൽ പ്രസിധീകരിച്ചുവരുന്നു. സാംസ്കാരിക വിപ്ലവത്തിന്റെ ആവേശകരമായ അനുഭവങ്ങളും, അതിനുമുമ്പുള്ള 17 വർഷങ്ങളിലെ, പ്രത്യകിച്ചും മഹത്തായ കുതിച്ചുചാട്ട കാലഘട്ടത്തിലെ, ചൈനീസ് നാട്ടിൻപുറവും സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെ സങ്കീർണതകളും പരിചയപ്പെടാൻ ഈ കൃതി ഉപകരിക്കും. തൊഴിലാളിവർഗ നേതൃത്വത്തിലുള്ള സാമൂഹ്യസൃഷ്ടിക്കായി വീണ്ടും ഒരവസരം നേപ്പാളിൽ വാതിൽക്കൽ മുട്ടവിളിക്കുന്ന ഇന്ന്, ശരിയായ ദിശ പിൻപറ്റുന്നതിന്റെ പ്രാധാന്യവും, ഒപ്പം അതിലെ സങ്കീർണതയും, അത് ഓർമിപ്പിക്കുന്നു. അഞ്ചാം അദ്ധ്യായം സംഗ്രഹത്തിന്റെ ആദ്യഭാഗമാണ് ഈ ലക്കത്തിൽ. – *മുന്നണിപ്പോരാളി*

1968ലെ ജിമോ വിദ്യാഭ്യാസ പരിഷ്കരണ പരിപാടി വിഭാവനം ചെയ്ത പദ്ധതികളിൽ ഒന്നു മാത്രമായിരുന്നു വിവിധ തലങ്ങളിലെ ഗ്രാമീണ സ്കൂൾ കെട്ടിട നിർമ്മാണം. അതോടൊപ്പം, പഴയ പാഠ്യപദ്ധതിയും പഠനരീതികളും പരിഷ്കരിക്കാനും അത് അദ്ധ്യാപകരോടും വിദ്യാർത്ഥികളോടും ആഹ്വാനം ചെയ്തിരുന്നു. യഥാർത്ഥ ജീവിതത്തിൽ നിന്ന് വേർപെട്ടു നിന്ന പഴയ പാഠ്യപദ്ധതിയും ആധ്യാപക കേന്ദ്രീകൃത പഠനരീതിയും വിമർശിക്കപ്പെട്ടു.

ബീജിങ്ങിലെയും മറ്റു വൻനഗരങ്ങളിലെയും ചില വിദഗ്ദർ ചേർന്നാണ് ചൈനയിലെ പാഠപുസ്തകങ്ങൾ തയ്യാറാക്കിയിരുന്നത്. നാട്ടിൻപുറത്തെ കുട്ടികളുടെ ആവശ്യങ്ങളോ, നാട്ടിൻപുറ വികസനത്തിന്റെ മുന്നുപാധികളോ ഇവർക്ക് അറിയില്ലായിരുന്നു. അതിൽ കേന്ദ്രീകരിക്കാൻ അവർ മിനക്കെട്ടതുമില്ല. ഗണിതം, ഭൗതികം, രസതന്ത്രം എന്നിങ്ങനെയുള്ള വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ കൈകാര്യംചെയ്ത അമൂർത്ത ആശയങ്ങൾക്ക് നിത്യജീവിതത്തിൽ ഒരു പ്രസക്തിയുമുണ്ടായിരുന്നില്ല. പ്രസക്തമായത് പഠിപ്പിച്ചതുമില്ല. ഇതിലൊരു മാറ്റമുണ്ടാക്കുന്നതിന് പുതിയ പാഠ്യപദ്ധതിയും പുസ്തകങ്ങളും തയ്യാറാക്കാൻ ജിമോ ഒന്നാം നമ്പർ മിഡിൽ സ്ക്കൂൾ വിദ്യാർത്ഥികളും അധ്യാപകരും തീരുമാനിച്ചു. സ്കൂളിലേയ്ക്ക് നിയോഗിക്കപ്പെട്ട തൊഴിലാളി സംഘം അവർക്ക് പ്രോത്സാഹനം നൽകി.

പാഠപുസ്തകങ്ങൾ തയ്യാറാക്കാനായി രൂപീകരിച്ച സംഘങ്ങളിൽ അധ്യാപകരും വിദ്യാർത്ഥികളും തൊഴിലാളികളും കർഷകരും ഉൾപ്പെട്ടിരുന്നു. 'അടിസ്ഥാന വ്യാവസായിക ജ്ഞാനം', 'അടിസ്ഥാന കാർഷിക ജ്ഞാനം' എന്നിങ്ങനെ രണ്ട് മുഖ്യ പാഠ്യ വിഷയങ്ങളിലായി രസതന്ത്രവും ഭൗതിക

വും ജീവശാസ്ത്രവും ഉൾപ്പെടുത്തി. കണക്കുവെയ്പ്പ്, കണക്കെഴുത്ത്, ബഡ്ജറ്റ് തയ്യാറാക്കൽ മുതലായ കാര്യങ്ങൾ ഗണിതത്തിൽ ഉൾപ്പെടുത്തി.

വിദ്യാർത്ഥികൾക്ക് കൂടുതൽ സമഗ്രമായ വിദ്യാഭ്യാസം ലഭിക്കണം എന്നാണ് സാംസ്കാരിക വിപ്ലവ പരിഷ്കർത്താക്കൾ ആഗ്രഹിച്ചത്. അക്കാദമിക പഠനം മുഖ്യ കടമയായെടുക്കുന്നതോടൊപ്പം, അവർ കുറച്ച് കാർഷിക, വ്യാവസായിക പണികൾ പരിചയപ്പെടുകയും, സർവ്വോപരി, സ്വന്തം വിമർശനശേഷി വികസിപ്പിക്കുകയും വേണം എന്നായിരുന്നു ധാരണ. അക്കാദമിക പഠനത്തെ അപേക്ഷിച്ച് കായിക അദ്ധ്വാനത്തിന് മുൻതൂക്കം കൊടുക്കുന്ന ഒരു പ്രവണത സാംസ്കാരിക വിപ്ലവകാലത്തുണ്ടായിരുന്നു. അതുകൊണ്ട് പല വിദ്യാർത്ഥികൾക്കും വളരെയധികം കായികാദ്ധ്വാനം ചെയ്യേണ്ടിവന്നു. എന്നാൽ അക്കാദമിക പഠനം, കായികാദ്ധ്വാനം എന്നിവ തമ്മിലുള്ള അനുപാതത്തിൽ സ്ഥലവും കാലവും അനുസരിച്ച് വലിയ അന്തരവുമുണ്ടായിരുന്നു.

ജിമോ അധ്യാപക പരിശീലന സ്കൂളിലെ വിദ്യാർത്ഥികൾ അവിടെയുള്ള പ്ലാസ്റ്റിക്ക് വർക്ക്ഷോപ്പിലും പച്ചക്കറിതോട്ടത്തിലും മാറിമാറി ആഴ്ചതോറും മൂന്നു മണിക്കൂർ പണിയെടുത്തു. 1968ൽ ഒന്നാം നമ്പർ മിഡിൽ സ്കൂളിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും വിവിധ ഫാക്ടറികളിൽ മൂന്നുമാസം ചെലവഴിച്ചു. പലതരം എഞ്ചിനുകളുടെ പ്രവർത്തനം, ബ്ലൂപ്രിന്റുകൾ വരയ്ക്കുന്ന രീതിയും അവ നോക്കി മനസിലാക്കുന്ന വിധവും, മറ്റു വ്യാവസായിക വൈദഗ്ദ്യങ്ങൾ എന്നീ വിഷയങ്ങളെ കുറിച്ച്, അവിടെയുള്ള തൊഴിലാളികളുടെയും എഞ്ചിനീയർമാരുടെയും സഹായത്തോടെ, അവർ പാഠപുസ്തകങ്ങൾ തയ്യാറാക്കി. ബ്ലൂപ്രിന്റുകൾ വരയ്ക്കാനും വ്യത്യസ്ത തരം യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാനും ഈ പ്രക്രിയക്കിടയിൽ അവർ പഠിച്ചു. ഇതേ വർഷം ഇവർ വടക്കൻ ജിമോയിലെ കൃഷിയിടങ്ങളിലും രണ്ട് മാസം ചെലവിട്ടു. വിളകൾ, വളങ്ങൾ, കാർഷിക യന്ത്രങ്ങൾ മുതലായ വിഷയങ്ങളെ കുറിച്ച് പാഠപുസ്തകങ്ങൾ തയ്യാറാക്കുകയും കർഷകരുമൊത്ത് പണിയെടുക്കുകയും ചെയ്തു. ഇങ്ങനെ നീണ്ട കാലം ഫാക്ടറികളിലും കൃഷിയിടങ്ങളിലും ചെലവിടുന്ന രീതി പിന്നീട് തുടർന്നില്ല. സ്കൂളിലെ വർക്ക്ഷോപ്പിലോ തോട്ടത്തിലോ ആഴ്ചതോറും ഒരു ഉച്ച ചെലവിടുന്നതായി പതിവ്. അത്യാവശ്യം വരുമ്പോൾ കൃഷിക്കാരെ സഹായിക്കാൻ അവർ അധികസമയം ചെലവിടാറുമുണ്ടായിരുന്നു. ജീമോയിലെ മറ്റൊരു സ്കൂളിലെ വിദ്യാർത്ഥികൾ, വൈക്കോൽ ശേഖരണം, മെറ്റലടി എന്നിങ്ങനെ വ്യത്യസ്ത പണികൾ ചെയ്തിരുന്നു. സ്കൂളിന്റെ വരുമാനം വർദ്ധിപ്പിക്കാനും കുട്ടികളിൽ കായികാദ്ധ്വാനത്തോട് പ്രതിപത്തി വളർത്താനുമാണ് ഇത് ചെയ്തത്.

1973ലും 1974ലും 'കായ്മെൻ ബാൻക്സു' പ്രോത്സാഹിപ്പിച്ചിരുന്നു. ആഴ്ചതോറും ചെയ്യുന്ന കായികാദ്ധ്വാനം കൂടാതെ തങ്ങൾക്കിഷ്ടമായ ഒരു പണി പഠിക്കാൻ ഏതെങ്കിലും ആശുപത്രയിലേക്കോ ഫാക്ടറിയിലേക്കോ വിദ്യാർത്ഥികളെ നാലാഴ്ച പറഞ്ഞുവിടുന്ന രീതിയായിരുന്നു ഇത്. ചിലർ ഫസ്റ്റ് ഏയിഡും ഇഞ്ചക്ഷൻ കൊടുക്കുന്നതും പഠിച്ചു. മറ്റു ചിലർ റേഡിയോ നന്നാക്കാൻ പഠിച്ചു. 1971–72ൽ ഹൈസ്ക്കൂൾ വിദ്യാർത്ഥികൾ അക്കാദമികേതര പ്രവർത്തികൾക്ക് ആഴ്ചയിൽ നാലു മണിക്കൂർ ചെലവിട്ടു. 1974–75ൽ അത് 7 മണിക്കൂറായി, ആകെ പഠനസമയത്തിന്റെ ആറിലൊന്ന്.

ഇത്തരം പ്രവർത്തനങ്ങളിലൂടെ വിവിധ സ്ഥാപനങ്ങളും സ്ക്കൂളുകളും തമ്മിൽ ദൃഢബന്ധങ്ങൾ രൂപപ്പെട്ടു. കുട്ടികൾക്ക് ക്ലാസെടുക്കാൻ തൊഴിലാളികളും കർഷകരും കണക്കെഴുത്തുകാരുമൊക്കെ ക്ലാസുമുറികളിൽ എത്തി. പഠനകാലത്ത് പരിശീലിച്ച പണികൾ പഠിത്തംകഴിഞ്ഞ് ജോലിക്കുപോകുന്നവർക്ക് വലിയ ഉപകാരമാവുകയും ചെയ്തു. എല്ലാ സ്ക്കൂളുകളും ഇക്കാലത്ത് സ്വന്തമായി വർക്കുഷാപ്പുകളും തോട്ടങ്ങളും സ്ഥാപിച്ചിരുന്നു. തെക്കേ നദി സംയുക്ത മിഡിൽ സ്ക്കുളിൽ ഇരുമ്പ് വാർപ്പുപുരയും ജൈവവളം നിർമ്മിക്കുന്ന വർക്കുഷാപ്പും രണ്ട് ചെറിയ കൃഷിതോട്ടങ്ങളുമാണ് ഉണ്ടായിരുന്നത്. ഇതൊക്കെ സ്ഥാപിക്കുന്നതിൽ തൊഴിലാളികളും കർഷകരും വിദ്യാർത്ഥികളെ സഹായിച്ചു.




സാംസ്കാരിക വിപ്ലവ കാലത്തെ ഭൗതികം പാഠ്യപദ്ധതിയെ 'മൂന്ന് യന്ത്രങ്ങളുടെയും ഒരു പമ്പിന്റെയും' (ജനറേറ്റർ, ഡീസൽ എഞ്ചിൻ, ഇലക്ട്രിക്ക് മോട്ടർ, വെള്ളമടിക്കുന്ന പമ്പ്) പഠനമായി ചുരുക്കി എന്ന് ചിലർ വിമർശിച്ചിട്ടുണ്ട്. പഠനപരിഷ്കാരത്തിലെ ചലനഗതി കാണാതെയുള്ള വിമർശനമാണിത്. ആരംഭകാലത്ത്, 1968 മുതൽ 1970 വരെ, കൂടുതൽ അമൂർത്തമായ ആശയങ്ങളുടെ പഠനം ചുരുക്കി യന്ത്രങ്ങളെയും പമ്പുകളെയും കുറിച്ചുള്ള പ്രായോഗിക അറിവിനാണ് മുൻതൂക്കം കൊടുത്തിരുന്നത്. എന്നാൽ, ഇതൊരു പരീക്ഷണമാണെന്നു വ്യക്തമാക്കുന്ന ഷിയിങ് കെബി (ട്രയൽ പാഠപുസ്തകം) എന്ന പേരാണ് ഇതിന് നൽകിയത്. 1971 ആയതോടെ ഇവ കൂ

ടുതൽ പക്വമായി. ഉള്ളടക്കം കുറേക്കൂടി സന്തുലിതവുമായി. ഉദാഹരണത്തിന് ജിമോയിലും ഷാൻഡോങ് പ്രവിശ്യയിലെ മറ്റ് കൗണ്ടികളിലും ഉപയോഗിച്ച ഭൗതികം പാഠപുസ്തകത്തിൽ കാന്തവലയം, സ്ഥിത വൈദ്യുതി, തെർമോഡൈനാമിക്സ് മുതലായ സൈദ്ധാന്തിക വിഷയങ്ങളും അവയുടെ പ്രായോഗിക ഉപയോഗവും ഉണ്ടായിരുന്നു.

ഇന്നത്തെ ചൈനീസ് സർക്കാറിന്റെയും സാംസ്കാരിക വിപ്ലവ വിമർശകരുടെയും വീക്ഷണങ്ങളുടെ സ്വാധീനത്തിൽപെട്ട് അന്നത്തെ പരിഷ്കാരങ്ങൾ കുട്ടികൾക്ക് ദ്രോഹംചെയ്തു എന്ന് കരുതുന്ന ചില കർഷകരെ ജിമോയിൽ കാണാം. പഴയ രീതിയിൽ പഠിച്ചവരുടെ അടുത്തൊന്നും വരില്ല പുതിയ പഠിത്തക്കാരുടെ കൈയ്യെഴുത്ത് എന്നാണ് ഒരു പരാതി. അറിവിന്റെയും ശേഷിയുടെയും മാനദണ്ഡമായി കൈയ്യെഴുത്തിനെ പരിഗണിക്കുന്നത് പഴയ ചൈനയിലെ രീതിയായിരുന്നു. എന്നാൽ ആധുനിക വിദ്യാഭ്യാസത്തിന്റെ മാനദണ്ഡമായി അതിനെ കരുതുന്നത് വിഢിത്തമാണ്. അന്നത്തെ പരിഷ്കാരങ്ങളെ പറ്റി മറിച്ചു ചിന്തിക്കുന്നവരുമുണ്ട്. ഉദാഹരണത്തിന്, സാൻഹി കൗണ്ടിയിൽ 1500 ഹൈസ്ക്കൂൾ വിദ്യാർത്ഥികൾ ഡീസൽ എഞ്ചിനും മറ്റും നന്നാക്കാനും, പുതിയ വിത്തിനങ്ങൾ വികസിപ്പിക്കലും മറ്റ് കാർഷിക പണികളും ചെയ്യാൻ 1800 പേരും, 4000 പേർ കാർഷിക മൃഗങ്ങളിൽ പതിവായി കാണുന്ന രോഗങ്ങൾ ചികത്സിക്കാനും ഈ പരിഷ്കാരങ്ങൾ വഴി പഠിച്ചുവെന്ന് യു ബൊ പറഞ്ഞു. ഇവർ ഗ്രാമീണ സാൻഹിയിലെ സാങ്കേതിക വിദഗ്ദരുടെ കാമ്പായി മാറി, ഇന്നും ആ ദൗത്യം തുടരുകയും ചെയ്യുന്നു. മാത്രമല്ല, 1970നും 1981നും ഇടയിൽ ഗ്രാമീണ ഷാൻഹിയിലെ സ്ക്കൂൾ സ്ഥാപനങ്ങൾ 130 ലക്ഷം യുവാൻ സമ്പാദിച്ചു. സ്ക്കൂൾ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും കൗണ്ടിയിലെ മൊത്തം 405 മിഡിൽ, പ്രൈമറി സ്ക്കൂളുകളിലെ എല്ലാ വിദ്യാർത്ഥികളുടെയും ഫീസുകൊടുക്കാനും ഈ സംഖ്യ ഉപകരിച്ചു. 196 സ്ക്കൂളുകൾ സൗജന്യമായി പാഠപുസ്തകങ്ങൾ കൊടുക്കുകയും, 96 എണ്ണം കുട്ടികൾക്ക് പേനയും പേപ്പറും നൽകുകയും ചെയ്തു. സാമ്പത്തിക പരാധീനതകൾ മൂലം മുമ്പ് പഠിക്കാൻ കഴിയാതിരുന്ന എല്ലാവർക്കും അതിന് അവസരമുണ്ടായി. 97 ശതമാനത്തിന് മേലെയായിരുന്നു ഗ്രാമീണ ഷാൻഹിയിലെ സ്ക്കൂൾ പ്രവേശനനിരക്ക്. 80 ശതമാനത്തിലേറെ പേർ മിഡിൽ സ്ക്കൂൾ പൂർത്തിയാക്കി.



സാംസ്കാരിക വിപ്ലവകാലത്തെ വിദ്യാഭ്യാസ പരിഷ്കാരങ്ങളുടെ മൂന്ന് നേട്ടങ്ങളാണ് ഹുവാങ് ബിങ്ഡെ ചൂണ്ടികാട്ടിയത്. ഒന്നാമത്, നാട്ടിൻപുറത്തെ കുട്ടികൾക്ക് വലിയതോതിൽ കാർഷിക, വ്യാവസായിക പണികളുടെ അറിവും പരിശീലനവും ലഭിച്ചു. ഗ്രാമീണ വികസനത്തിൽ നീണ്ടകാലം സ്വാധീനം ചെലുത്തുന്ന കാര്യമായിരുന്നു ഇത്. രണ്ടാമത്, മുമ്പ് കർഷകരെ പുച്ഛത്തോടെ നോക്കിയിരുന്ന അദ്ധ്യാപകരുടെ മനോഭാവത്തിൽ മാറ്റമുണ്ടായി. കായികാദ്ധ്വാനത്തിൽ പങ്കെടുക്കാൻ തുടങ്ങിയതോടെ കർഷകരെയും മറ്റ് അദ്ധ്വാനിക്കുന്നവരെയും ബഹുമാനിക്കാൻ അവർ പഠിച്ചു. മൂന്നാമത്, അത് ഗ്രാമീണരെ അധികാരപ്പെടുത്തി. വിദ്യാഭ്യാസം ലഭിച്ച മേൽതട്ടിനെ പൂജിക്കുന്ന മനോഭാവത്തെ അത് മാറ്റിതീർത്തു. അദ്ധ്യാപകരുമായി ഒത്ത് പണിയെടുത്തതോടെ അവരെ അടുത്തറിയാൻ അവർക്ക് കഴിഞ്ഞു. ചുരുക്കത്തിൽ നാട്ടിൻപുറങ്ങളുടെ ചരിത്രപരമായ ആവശ്യങ്ങളെ സാംസ്കാരിക വിപ്ലവം വളരെ നന്നായി സേവിച്ചു.

കായികാദ്ധ്വാനത്തിൽ ആവശ്യത്തിലേറെ ഉണ്ടായ പങ്കാളിത്തവും, പ്രായോഗിക അറിവ് വേണമെന്ന ബാധയും ചൈനയുടെ ശാസ്ത്ര, ഗവേഷണ നിലവാരത്തിൽ ഇടിവുണ്ടാക്കി എന്നും വിമർശിക്കപ്പെട്ടിട്ടുണ്ട്. ഇത് ന്യായമായ ഒരു ആശങ്കയാണ്. ഏതുകാര്യവും അതിരുകടന്നു പോയേക്കാം. പക്ഷെ, പ്രയോഗിക അറിവ് നൽകുന്നതും ഉൽപാദനത്തിൽ പങ്കെടുപ്പിക്കുന്നതും എത്ര വേണം, എവിടം മുതൽ അധികപറ്റാകും എന്നൊക്കെയുള്ള കാര്യങ്ങൾ ആപേക്ഷികമാണെന്ന് മറക്കരുത്. ഓരോരുത്തരുടെയും വീക്ഷണ വ്യത്യാസം അനുസരിച്ച് ഇതിൽ മാറ്റമുണ്ടാകും.

പണ്ടത്തേക്കാൾ വലുതായ അനുപാതത്തിൽ മിഡിൽ, ഹൈസ്ക്കൂൾ വിദ്യാഭ്യാസം ലഭിച്ചവരുണ്ടായതും, മാത്രമല്ല അവർക്ക് സാങ്കേതിക ജ്ഞാനം നേടാൻ കഴിഞ്ഞതും ഒരു രാഷ്ട്രത്തിന്റെ ശാസ്ത്ര-സാങ്കേതിക വികാസത്തിലെ സൂചനയാണോ? കൃഷിയിൽ കൂടുതലാളുകൾ ശാസ്ത്രീയ അറിവുകൾ പ്രയോഗിക്കാൻ തുടങ്ങിയതും കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ചതും തങ്ങളുടെ ഗ്രാമീണ ഫാക്ടറികളിൽ യന്ത്രങ്ങൾ നിർമ്മിക്കാൻ തുടങ്ങുന്നതും ഒരു രാഷ്ട്രത്തിന്റെ ശാസ്ത്ര-സാങ്കേതിക നിലവാരത്തെ ഉയർത്തുന്നുണ്ടോ? അതല്ല, സങ്കീർണ്ണമായ ഗവേഷണരംഗങ്ങളിൽ ഉണ്ടാകുന്ന മുന്നേറ്റങ്ങളെ മാത്രമാണോ വിദ്യാഭ്യാസത്തിന്റെയും ശാസ്ത്ര-സാങ്കേതിക വിദ്യയുടെയും വളർച്ചാസൂചകങ്ങളായി കരുതേണ്ടത്? സാംസ്കാരിക വിപ്ലവകാലത്തും ചൈനയ്ക്ക് സ്തുത്യർഹമായ ശാസ്ത്രീയ മുന്നേറ്റങ്ങളുണ്ടാക്കാനായത് തീർച്ചയായും സാങ്കേതിക നിലവാരത്തിന്റെ സുപ്രധാന സൂചകമാണ്. പക്ഷെ, കാർഷികോപകരണങ്ങളിലും മെച്ചപ്പെട്ട വിത്തിനങ്ങളിലുമുണ്ടാകുന്ന ചെറിയ സാങ്കേതിക കണ്ടെത്തലുകളെ പോലെ ജനങ്ങളുടെ നിത്യജീവിതവുമായി ഇത്തരം മുന്നേറ്റങ്ങൾക്ക് അത്ര അടുത്ത ബന്ധമുണ്ടാവില്ല. ജനങ്ങളെ നേരിട്ട് ബാധിക്കുന്ന ഇത്തരം ചെറിയ സാങ്കേതിക കണ്ടത്തലുകളെയാണ് സാംസ്കാരിക വിപ്ലവകാലത്തെ വിദ്യാഭ്യാസ പരിഷ്കാരവും, അതുവഴി ജനങ്ങളെ അധികാരപ്പെടുത്തിയതും, കൃത്യമായും ഉത്തേജിപ്പിച്ചത്.

സാംസ്കാരിക വിപ്ലവത്തിലെ ശ്രദ്ധേയമായ മറ്റൊരു കാര്യം അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധത്തിൽ വരുത്തിയ മാറ്റമാണ്. വിദ്യാർത്ഥികൾക്കുമേൽ അധ്യാപകർക്കുണ്ടായിരുന്ന പരമാധികാരത്തെ അത് തകർത്തു. വിദ്യാർത്ഥികളെ അധികാരപ്പെടുത്തി. പ്രൈമറിയിൽ പഠിക്കുന്ന കുട്ടികൾപോലും അദ്ധ്യാപകരെ വിമർശനബുദ്ധിയോടെ പരിശോധിക്കാൻ തുടങ്ങി. അവർക്കെതിരെയുള്ള വിമർശനങ്ങൾ പരസ്യപ്പെടുത്താൻ അവർ വലിയ ചുമർ പരസ്യങ്ങൾ എഴുതി. തന്റെ ചീട്ടുകളും പുരാതനമായ ഒരു കത്തിയും പിടിച്ചെടുത്ത് സ്വന്തം മകന് കൊടുത്ത തന്റെ അദ്ധ്യാപികയെ ഒ




രു വിദ്യാർത്ഥി ഇങ്ങനെ പരസ്യമായി വിമർശിച്ചു. സഹപാഠിയോട് സംസാരിച്ചതിന് തന്നെ അടിച്ചതായിരുന്നു മറ്റൊരു കുട്ടിയുടെ വിമർശനവിഷയം. ഇത്തരം പോസ്റ്ററുകൾ കൊണ്ട് സ്കൂൾ ചുമരുകൾ നിറഞ്ഞു. ക്ലാസുമുറികളിലെ അന്തരീക്ഷം മാറി. പല അദ്ധ്യാപരും ഇത്തരം വിമർശനങ്ങളെ ഗൗരവത്തോടെ സ്വീകരിച്ചു. തങ്ങളുടെ വിദ്യാർത്ഥികളെ ബഹുമാനിക്കാൻ ഈ അനുഭവം സഹായിച്ചതായി ചില അദ്ധ്യാപകർ പറഞ്ഞു. സാംസ്കാരിക വിപ്ലവത്തിനു മുമ്പ് നിലനിന്നിരുന്ന വിദ്യാഭ്യാസരീതിയിൽ പല അദ്ധ്യാപകരും അസംതൃപ്തരായിരുന്നു. എന്നാൽ അന്നു നിലനിന്നിരുന്ന രാഷ്ട്രീയ അന്തരീക്ഷത്തിൽ അവർക്ക് ഇതിൽ ഒരു നിയന്ത്രണവും ഉണ്ടായിരുന്നില്ല. ഇതിനെതിരെ കലാപം ചെയ്യാനുള്ള അവസരമായി സാംസ്കാരിക വിപ്ലവം. വിദ്യാഭ്യാസ പരിഷ്കാരത്തെ കുറിച്ച് അന്ന് പ്രസിദ്ധീകരിക്കപ്പെട്ട സംവാദങ്ങളിൽ ഏറ്റവുമധികം പങ്കടുത്തത് അദ്ധ്യാപകരാണ്. ഏറ്റവും ശക്തമായ വിമർശനങ്ങളും പരിഷ്കാരങ്ങളും അവരുടെയായിരുന്നു.

ക്ലാസുമുറികളിൽ ചോദ്യങ്ങൾ ഉന്നയിക്കാനും തങ്ങൾക്കിടയിലും അദ്ധ്യാപകരുമായും ചർച്ച നടത്താനും പലരും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിച്ചു. പുതിയ പാഠങ്ങൾ തയ്യാറാക്കുന്നതിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കാൻ തുടങ്ങി. സ്വയം ക്ലാസെടുക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിച്ച അനുഭവങ്ങളുമുണ്ട്. ക്ലാസു

## ക്ലാസിലിരുന്ന് ഉറങ്ങാനും നോവൽ വായിക്കാനും... (മാവോ സേതുങ്ങും മരുമകളും തമ്മിലുള്ള സംഭാഷണത്തിൽ നിന്ന്)

**വാങ് ഹായ്-ജുങ്:** ഒരു ഒഴപ്പൻ ചെക്കനുണ്ട്, കേഡറുടെ മകനാണ്. ക്ലാസിൽ ശ്രദ്ധിക്കില്ല. ഹോംവർക്കും ചെയ്യില്ല. നോവൽ വായിക്കാനാണ് ഇഷ്ടം. ചിലപ്പോൾ ഹോസ്റ്റലിൽ കിടന്നുറങ്ങും. ചിലപ്പോൾ ശനിയാഴ്ച ഉച്ചക്കുള്ള യോഗങ്ങളിൽ പങ്കെടുക്കില്ല. ഞാറാഴ്ച സമയത്തിന് സ്കൂളിൽ എത്താറുമില്ല. ഞാറാഴ്ച ഞങ്ങളുടെ ക്ലാസിന്റെയൊ വിഭാഗത്തിന്റെയൊ യോഗം നടക്കുമ്പോൾ അവൻ ചിലപ്പോൾ പങ്കെടുക്കില്ല. ഞങ്ങൾക്കെല്ലാവർക്കും അവനെ കുറിച്ച് ചീത്ത അഭിപ്രായമാണ്.

**ചെയർമാൻ മാവോ:** ക്ലാസിലിരുന്ന് ഉറങ്ങാനും നോവൽ വായിക്കാനും നിങ്ങളുടെ അദ്ധ്യാപകർ അനുവദിക്കാറുണ്ടോ? ക്ലാസിലിരുന്ന് നോവൽ വായിക്കാനും ഉറങ്ങാനും വിദ്യാർത്ഥികളെ അനുവദിക്കേണ്ടതാണ്. അദ്ധ്യാപകർ ക്ലാസെടുക്കുന്നത് ചുരുക്കി വിദ്യാർത്ഥികളെ കൂടുതൽ വായിക്കാൻ പ്രോത്സാഹിപ്പിക്കണം. നീ പറഞ്ഞ വിദ്യാർത്ഥി ഭാവിയിൽ നല്ല കഴിവുള്ളവനാകാനാണ് സാധ്യത. ശനിയാഴ്ചത്തെ മീറ്റിങ്ങിൽ നിന്ന് മാറി നിൽക്കാനും ഞാറാഴ്ച വൈകിയെത്താനും അവൻ ധൈര്യപ്പെട്ടില്ലേ? എട്ടോ ഒമ്പതോ മണിക്ക് വരുന്നത് വളരെ നേരത്തേയാണ്, ഒരു പതിനൊന്ന് പന്ത്രണ്ട് മണിവരെ വൈകുന്നതിൽ തെറ്റില്ലെന്ന് ഇനി കാണുമ്പോൾ അവനോട് പറയണം. ആരുടെ ദെണ്ണമാ ഈ ഞാറാഴ്ച മീറ്റിങ്ങ് നടത്തുന്ന ഏർപ്പാട്?

**വാങ് ഹായ്-ജുങ്:** ... ഇപ്പോൾ ഞങ്ങളുടെ സ്കൂളിൽ ഞാറാഴ്ച രാത്രി മുഴുവൻ മീറ്റിങ്ങുകളാണ്... ഈ സെമസ്റ്റർ തുടങ്ങിയതു മുതൽ മീറ്റിങ്ങില്ലാതിരുന്ന ഒറ്റ ഞാറാഴ്ച രാത്രിയും ഉണ്ടായിട്ടില്ല.

**ചെയർമാൻ മാവോ:** ഇനി സ്കൂളിലേക്ക് മടങ്ങിപോകുമ്പോൾ നീ കലാപത്തിന് നേതൃത്വം കൊടുക്കണം. ഞാറാഴ്ച സ്കൂളിലേക്ക് മടങ്ങിപോകരുത്. ഒരു മീറ്റിങ്ങിലും പങ്കെടുക്കരുത്.

**വാങ് ഹായ്-ജുങ്:** അതിനുള്ള ധൈര്യമെനിക്കില്ല. അതാണ് സ്കൂളിലെ ചിട്ട. എല്ലാ കുട്ടികളും നിശ്ചിത സമയത്തിന് മടങ്ങിയെത്തണം. ഞാനത് ചെയ്തില്ലെങ്കിൽ സ്കൂൾ ചിട്ട ലംഘിച്ചതിന് എന്നെ വിമർശിക്കും.

**ചെയർമാൻ മാവോ:** ചിട്ടയൊന്നും വകവയ്ക്കേണ്ട. മടങ്ങിപോകണ്ട അത്രതന്നെ. സ്കൂൾ ചിട്ട ലംഘിക്കാൻ നീ ആഗ്രഹിക്കുന്നു എന്ന പറഞ്ഞേക്ക്.

**വാങ് ഹായ്-ജുങ്:** എനിക്ക് വയ്യ. അങ്ങനെ ചെയ്താൽ എന്നെ വിമർശിക്കും.

**ചെയർമാൻ മാവോ:** ഭാവിയിൽ നീ കഴിവുള്ളവളാകുമെന്ന് എനിക്ക് തോന്നുന്നില്ല. സ്കൂൾ ചിട്ട ലംഘിച്ചുവെന്ന ആരോപണം കേൾക്കാൻ, വിമർശിക്കപ്പെടാൻ, പെരുമാറ്റദൂഷ്യം എന്ന ചീത്തപേരു കേൾക്കാൻ, സ്കൂളിൽ നിന്ന് പുറത്താക്കപ്പെടാൻ, പാർടി അംഗത്വം കിട്ടാതെ പോകാൻ, എല്ലാം നിനക്ക് പേടിയാണ്. ഇത്രയൊക്കെ പേടിക്കാൻ എന്തിരിക്കുന്നു? കൂടിവന്നാൽ സ്കൂളിൽ നിന്ന് പുറത്താക്കും. വിദ്യാർത്ഥികളെ കലാപം ചെയ്യാൻ സ്കൂളുകൾ അനുവദിക്കണം. സ്കൂളിലേക്ക് മടങ്ങിചെല്ലുമ്പോൾ നീ കലാപം ചെയ്യ്.

**വാങ് ഹായ്-ജുങ്:** ചെയർമാന്റെ ബന്ധുവായിട്ടും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ പാലിക്കാതെ സ്കൂൾ ചിട്ട തെറ്റിക്കുന്നതിന് നേതൃത്വം കൊടുത്തുവെന്ന് മറ്റുള്ളവർ പറയും. എനിക്ക് അഹങ്കാരവും ആത്മസംതൃപ്തിയും ഉണ്ടെന്നും അച്ചടക്കവും സംഘടനാബോധവും ഇല്ലെന്നും കുറ്റപ്പെടുത്തും.

**ചെയർമാൻ മാവോ:** നിന്റെ കാര്യം കഷ്ടമാണ്. അഹങ്കാരവും ആത്മസംതൃപ്തിയും ഉണ്ടെന്നും അച്ചടക്കവും സംഘടനാബോധവും ഇല്ലെന്നും വിമർശിക്കപ്പെടുമെന്നാണ് ഭയം. എന്തിനാ ഇങ്ങനെ ഭയപ്പെടുന്നത്?ചെയർമാൻ മാവോയുടെ ബന്ധുവായതുകൊണ്ട് കലാപം ചെയ്യണമെന്ന അദ്ദേഹത്തിന്റെ നിർദ്ദേശം പാലിച്ചേപറ്റൂ എന്ന് പറയാല്ലോ. നീ നേരത്തെ പറഞ്ഞ വിദ്യാർത്ഥി നിന്നേക്കാൾ സമർത്ഥനാകും എന്നാണ് എനിക്ക് തോന്നുന്നത്, സ്കൂൾ ചിട്ട ലംഘിക്കാൻ അവൻ ധൈര്യപ്പെട്ടില്ലേ. നിങ്ങളൊക്കെ വല്ലാതെ യാന്ത്രികമാണ്.

മുറികളിലെ വിദ്യാർത്ഥികളുടെ പങ്ക് വർദ്ധിച്ചപ്പോൾ ഇതിനെ മുതലെടുത്ത് ചിലർ ശല്യക്കാരായ അനുഭവവുമുണ്ട്. ക്ലാസുമുറിയിലെ അച്ചടക്കവും ക്രമവും ഇങ്ങനെ തകരുന്നത് ചില അദ്ധ്യാപകരെയും മാതാപിതാക്കളെയും വല്ലാതെ വിഷമിപ്പിച്ചിരുന്നു. പക്ഷെ ഭൂരിപക്ഷം കുട്ടികളും പഠിക്കാൻ ആഗ്രഹിക്കുന്നവരായിരുന്നു. പ്രശ്നക്കാരെ നിയന്ത്രിക്കാൻ അദ്ധ്യാപകർ അവരുടെയും വീട്ടുകാരുടെയും സഹായംതേടി. ഇങ്ങനെയുള്ള സമ്മർദ്ദത്തിലൂടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ എല്ലാവരും സമർത്ഥമായിരുന്നില്ല. അച്ചടക്കരാഹിത്യത്തെ പുച്ഛത്തോടെ നിസ്സംഗമായി നോക്കിനിന്ന അദ്ധ്യാപകരും ഉണ്ടായിരുന്നു. കൺഫ്യൂഷ്യൻ മനഃസ്ഥിതിക്കാരായ അദ്ധ്യാപകർക്കും അച്ഛനമ്മമാർക്കും ക്ലാസ്മുറിയിലെ സമാനത ഒട്ടും ദഹിക്കുന്നുണ്ടായിരുന്നില്ല. സാംസ്കാരിക വിപ്ലവത്തെ തള്ളിപറയാൻ തുടങ്ങിയതോടെ പഴയ, പട്ടാളചിട്ടയിലുള്ള, സ്ക്കൂൾ അച്ചടക്കത്തിലേക്ക് അവർ സന്തോഷത്തോടെ മടങ്ങി. പുതിയൊരു ജനാധിപത്യ സംസ്കാരത്തിന് വേരുപിടിക്കാൻ സമയം എടുക്കും.

സജീവമായ ക്ലാസ്മുറി അന്തരീക്ഷത്തിന്റെ നേട്ടവും കോട്ടവും എങ്ങനെ സന്തുലനം ചെയ്യും എന്നതാണ് പ്രശ്നം. കുട്ടികളുടെ സ്വാതന്ത്ര്യം വർദ്ധിച്ചതോടെ അദ്ധ്യാപകരുടെ പണി കൂടുതൽ ബുദ്ധിമുട്ടും വെല്ലുവിളി നിറഞ്ഞതുമായി. ക്ലാസ് രസകരമാക്കിയില്ലെങ്കിൽ കുട്ടികൾ ശ്രദ്ധിക്കാതെയാകും, ശല്യപ്പെടുത്താനും തുടങ്ങും.



നാട്ടിൻപുറത്തെ കഴിവുള്ളവരെ അവിടെനിന്ന് അകറ്റുന്ന പണിയാണ് സാംസ്കാരിക വിപ്ലവത്തിനു മുമ്പുണ്ടായിരുന്ന വിദ്യാഭ്യാസരീതി നിറവേറ്റിയത്. ജൂൺ 1966ൽ ദേശീയ എൻട്രൻസ് പരീക്ഷ നിർത്തിവെച്ചു. വ്യക്തിപരമായ വികാസത്തിന്റെ വീക്ഷണകോണിൽ നിന്ന് നോക്കിയാൽ ഇത് വലിയ അടിയായിരുന്നു. മറിച്ച് നാട്ടിൻപുറ വികസനത്തിന് അത് വലിയ അനുഗ്രഹമായി; ചാവാറായ രോഗിക്ക് രക്തദാനം ചെയ്യുന്നപോലെ. ഹൈസ്ക്കൂൾ കഴിഞ്ഞാൽ ഉടനെ തന്നെ നഗരത്തിലെ കോളേജിലേയ്ക്കു പോകാനുള്ള സാധ്യത അടഞ്ഞു. രണ്ടു വർഷത്തെ ഗ്രാമീണസേവനമോ, ഫാക്ടറിപ്പണിയോ ചെയ്തവർക്ക് മാത്രമെ കോളേജ് പ്രവേശനം നൽകിയിരുന്നുള്ളൂ. അക്കാദമിക മികവ് കൂടാതെ ഇത്തരം പണികളിലെ മികവും പ്രവേശന യോഗ്യതയായി പരിഗണിക്കാൻ തുടങ്ങി. 1976നു ശേഷം നാട്ടിൻപുറങ്ങളിൽ നിന്നു വരുന്ന ഗ്രാജ്വേറ്റുകൾ താന്താങ്ങളുടെ ഗ്രാമങ്ങളിലേയ്ക്കു മടങ്ങി അവരുടെ കോളേജ് വിദ്യാഭ്യാസം സാധ്യമാക്കിയ ഗ്രാമീണരെ സേവിക്കണം എന്ന് നിർബന്ധമാക്കി.

കോളേജ് എൻട്രൻസ് നിർത്തിവെച്ചതോടെ 'ഷാങ് ഷാൻ ക്സ്യാക്സ്യാങ്' (പർവ്വതങ്ങൾ കേറുകയും ഗ്രാമങ്ങളിലേക്ക് ഇറങ്ങുകയും) പ്രസ്ഥാനം തീവ്രമാക്കി. അങ്ങനെ ജിമോ ഒന്നാം നമ്പർ മിഡിൽ സ്ക്കൂളിൽ നിന്ന് ഹൈസ്ക്കൂൾ പൂർത്തിയാക്കിയവർ തങ്ങളുടെ ഗ്രാമങ്ങളിലേക്ക് തന്നെ മടങ്ങിചെന്നു. നഗര താമസത്തിന് രജിസ്ട്രേഷനുള്ള വിദ്യാർത്ഥികൾ ജിമോ കൗണ്ടിയിലെ ചില കമ്മ്യൂണുകളിൽ താമസമാക്കി. നഗരത്തിൽ ജോലികിട്ടുന്നതിനു മുമ്പ് മിക്കവരും രണ്ടു വർഷം അവിടെയായിരുന്നു. അവർക്ക് കൂട്ടായി താമസിക്കാൻ സർക്കാർ വീടുകൾ പണിതുകൊടുക്കുകയും ആദ്യവർഷത്തെ ഭക്ഷണാവശ്യങ്ങൾ ഏർപ്പാടാക്കികൊടുക്കുകയും ചെയ്തു. നഗരങ്ങളിൽ നിന്നു വന്ന തങ്ങളുടെ കുട്ടികൾക്ക് വിശേഷപരിഗണന കിട്ടണമെന്ന താൽപര്യത്തിൽ ഇവരുടെ മാതാപിതാക്കൾ ആ ഗ്രാമങ്ങളിലെ ആൾക്കാരെ സഹായിക്കാൻ, ഉദാഹരണത്തിന് കൂടുതൽ വളവും കാർഷിക ഉപകരണങ്ങളും മറ്റും ലഭ്യമാക്കാൻ, തങ്ങളുടെ സ്വാധീനം ഉപയോഗിച്ചു. നഗരത്തിൽ നിന്നു വന്ന യുവജനങ്ങളെ ഗ്രാമീണർ നല്ലപോലെ പരിചരിച്ചിരുന്നു. ചെയർമാൻ മാവോയുടെ അതിഥികൾ എന്നാണ് അവരെ വിശേഷിപ്പിച്ചത്. അവരെ പാർടിയിലേയ്ക്ക് എടുക്കുകയും, സൈന്യത്തിലും കോളേജിലും ചേരാൻ സഹായിക്കുകയും ചെയ്തു. നഗരവും നാട്ടിൻപുറവും തമ്മിലുള്ള കൊടുക്കൽവാങ്ങലായി ഈ പ്രക്രിയ.

പരിസരപ്രദേശങ്ങളിലെ യുവജനങ്ങളെ കൂടാതെ, 1968 ജനുവരി മുതൽ ജൂലായ് വരെ മാത്രം ക്വിങ്ഡാഒ നഗരത്തിലെ അഭ്യസ്തവിദ്യരായ 883 യുവജനങ്ങളാണ് ജിമോ നാട്ടിൻപുറത്ത് താമസമാക്കി തൊഴിലെടുത്തത്. വിദ്യാഭ്യാസം ലഭിച്ച യുവജനങ്ങളുടെ ഈ കടന്നുവരവ് ഗ്രാമങ്ങളിലെ വിദ്യാഭ്യാസഘടനയും വൈദഗ്ദ്യനിലവാരവും മാറ്റിമറിച്ചു. 1966–1976 കാലഘട്ടത്തിൽ ഓരോ ഗ്രാമത്തിലും ശരാശരി 85 പേരാണ് ഇങ്ങനെ എത്തിചേർന്നത്. ഇവരായിരുന്നു നാട്ടിൻപുറ വികസനത്തിന്റെ നട്ടെല്ല് ആയ പുതിയ ആദ്ധ്യാപകരും വൈദ്യസഹായികളും വിദഗ്ദതൊഴിലാളികളും സാങ്കേതികവിദഗ്ദരും. കോളേജ് എൻട്രൻസിന്റെ പരിഷ്കാരവും നഗരങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങളെ നാട്ടിൻപുറത്തേക്കു പോകാൻ പ്രോത്സാഹിപ്പിച്ച പ്രസ്ഥാനവും ചൈനീസ് വിദ്യാഭ്യാസത്തിലെ വിഷമവൃത്തത്തെ ഭേദിച്ചു.

വിദ്യാഭ്യാസരംഗത്തെ ആകെ താറുമാറാക്കിയ കാലഘട്ടമായിട്ടാണ് സാംസ്കാരിക വിപ്ലവദശകത്തെ ചൈനീസ് വിദ്യാഭ്യാസപ്രവർത്തകർ ഇന്ന് ചിത്രീകരിക്കുന്നത്. ഗ്രാമങ്ങളുടെ കോണിൽ നിന്നു നോക്കിയാൽ നേരെ മറിച്ചായിരുന്നു അനുഭവം; അഭൂതപൂർവ്വമായ വികാസത്തിന്റെ വർഷങ്ങളായിരുന്നു അത്. ഔപചാരികമായി, നാട്ടിൻപുറത്ത് സാർവ്വത്രിക വിദ്യാഭ്യാസം നടപ്പാക്കുമെന്ന വാഗ്ദാനം ചൈന കമ്മ്യൂണിസ്റ്റ് പാർടി ഗൗരവപൂർവ്വം നടപ്പാക്കി തുടങ്ങുകയായിരുന്നു.

*(തുടരും)*



# രോഗംവരുന്ന വഴികൾ

പകർച്ചവ്യാധികളുടെ പിടിയിലാണ് കേരളമിപ്പോൾ. ലോകമൊട്ടുക്ക് ഭീതി പരത്തിയ പന്നിപ്പനി നമ്മുടെ നാട്ടിലും എത്തികഴിഞ്ഞു. ഈ സമയത്ത് സംസ്ഥാനത്തിന്റെ ആരോഗ്യസുരക്ഷാരംഗത്ത് എന്താണ് നടക്കുന്നത്? കുത്തക മരുന്നുകമ്പനികളുടെ കച്ചവടത്തിനുള്ള പീടികകളായും കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഫണ്ടു ചെലവാക്കൽ കേന്ദ്രങ്ങളായും മാറിയിരിക്കുന്നു നമ്മുടെ ആരോഗ്യകേന്ദ്രങ്ങൾ. ശരിയായ ആസൂത്രണമില്ലാത്ത ഫണ്ട് മാനേജ്മെന്റും രോഗികളെ പിഴിയുന്ന തരത്തിലേക്കു വളരുന്ന ആശുപത്രി വികസനസമിതി പ്രവർത്തനങ്ങളുമായി ആരോഗ്യ മേഖല മാറികഴിഞ്ഞിരിക്കുന്നു. കാര്യശേഷിയിൽ കുപ്രസിദ്ധി നേടിയ ആരോഗ്യമന്ത്രിയും താൻ പ്രമാണിത്തവും കെടുകാര്യസ്ഥതയും കൈമുതലാക്കിയ ഉദ്യോഗസ്ഥ വൃന്ദവും ചേർന്ന കേരളത്തിലെ ആരോഗ്യരംഗത്തെ കുറിച്ച്, ഇന്നത്തെ പകർച്ചവ്യാധികൾക്ക് വഴിവെയ്ക്കുന്ന കാരണങ്ങളെ കുറിച്ച്, ഒരു ആരോഗ്യ പ്രവർത്തകന്റെ നിരീക്ഷണങ്ങൾ ഇവിടെ രേഖപ്പെടുത്തുന്നു.

*(മുന്നണിപ്പോരാളി)*

### മിഷൻ 2005 – 2012 അഥവാ കാട്ടിലെ തടി തേവരുടെ ആന

വിവിധ രോഗങ്ങളുടെ നിർമ്മാർജ്ജനത്തിനും രോഗപ്രതിരോധത്തിനും വേണ്ടി സർക്കാർ തലത്തിൽ പ്രവർത്തിച്ചിരുന്ന സൊസൈറ്റികളെ സംയോജിപ്പിച്ചുകൊണ്ടാണ് ഈ ദൗത്യനിർവ്വഹണത്തിന് കേന്ദ്രസർക്കാർ മുതിർന്നത്. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം (NRHM) പദ്ധതിപ്രകാരം രോഗപ്രതിരോധത്തിന് പുറമെ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യസുരക്ഷയും ലക്ഷ്യമിടുന്നു. ഇതിനുവേണ്ടി ഓരോ സംസ്ഥാനങ്ങളിലും കോടികളുടെ ഫണ്ടാണ് കേന്ദ്രം വഴി ചെലവഴിക്കുന്നത് ഗവൺമെന്റ് നേരിട്ട് നടത്തിയിരുന്ന ആരോഗ്യരക്ഷാപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജനങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനും വേണ്ടി സൊസൈറ്റി രൂപീകരിച്ചതിന് ശേഷവും പ്രവർത്തനം പഴയതിൽനിന്ന് ഗുണകരമായ തലത്തിലേക്ക് മുന്നേറുന്നതിന് പകരം അപകടകരമായ സ്ഥിതിയിലേക്കാണ് നീങ്ങികൊണ്ടിരിക്കുന്നത്.

ദേശീയ ഗ്രാമീണ ആരോഗ്യദൗത്യം 2005 ൽ ആരംഭിച്ച് 2012 ഓടുകൂടി പൂർത്തീകരിക്കുന്നതാണ്. ഇതിനുവേണ്ടി ഓരോ വർഷവും നിശ്ചിത തുക സംസ്ഥാനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. ഈ വിധത്തിൽ ഓരോ വർഷവും അനുവദിച്ചിരിക്കുന്ന മൊത്തം തുകയിലെ ചെലവ് എത്രയെന്ന് പരിഗ

ണിച്ചാണ് അടുത്ത വർഷത്തേക്കുള്ള ഫണ്ട് പാസ്സാക്കുക. അതായത് ഒരു വർഷം ചെലവു ചെയ്തത് അനുവദിച്ച തുകയുടെ 50 ശതമാനമാണെങ്കിൽ അത്രയും ബാലൻസ് തുകയോടൊപ്പം ചേർത്ത് അടുത്ത വർഷത്തേക്ക് അനുവദിച്ചു കിട്ടും. എന്നാൽ ഒരു ഘട്ടത്തിൽ പോലും പദ്ധതി തുക മുഴുവനായും ചെലവഴിക്കാൻ സാധിച്ചിട്ടുമില്ല. 2005-2006ൽ തുകയുടെ 11 ശതമാനം മാത്രമാണ് ചെലവഴിച്ചത്. അതിനടുത്ത വർഷം 16 ശതമാനവും. തുടർന്നുള്ള വർഷങ്ങളിലും തുക പൂർണമായി ചെലവഴിക്കാനായില്ല.

ഈ പ്രവർത്തനങ്ങളെയോ തുടർ പ്രവർത്തനങ്ങളെയോ നിരീക്ഷിച്ച് വിലയിരുത്തുവാനുള്ള സംവിധാനങ്ങൾ ഈ പദ്ധതിയിലില്ല. ഫണ്ട് ചെലവഴിച്ചു എന്നതിൽ കവിഞ്ഞ് അതുകൊണ്ടെന്തു ഫലമുണ്ടായി എന്ന ഒരു അന്വേഷണവുമില്ല. ഫലത്തിൽ കോടികളുടെ ഫണ്ട് ചെലവാക്കുകയോ ലാഭമുണ്ടാക്കുകയോ ചെയ്യുന്നു; രോഗങ്ങളും പകർച്ചവ്യാധികളും ദിനംപ്രതി പെരുകുകയും ചെയ്യുന്നു.

ആരോഗ്യരംഗത്തെക്കുറിച്ച് കൂടുതൽ അറിവുകൾ സമ്പാദിക്കുവാനെന്ന നിലയിൽ ആരോഗ്യമന്ത്രി സിംഗപ്പൂരിൽ പോയിരുന്നു. പഠനം നടത്തി തിരിച്ചുവന്നതിനുശേഷം ചില പരിഷ്കാരങ്ങൾക്ക് തുടക്കംകുറിച്ചു. ഇതിന്റെ ഭാഗമായി എല്ലാ ആരോഗ്യകേന്ദ്രങ്ങൾക്കും ഒരു കമ്പ്യൂട്ടർ വീതം അനുവദിച്ചു. എന്നാൽ പല കേന്ദ്രങ്ങളിലും വൈദ്യുതി പോലുമില്ല എന്നതാണ് യാഥാർത്ഥ്യം. കമ്പ്യൂട്ടറും പ്രിന്ററുമടക്കം 50,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. വൈദ്യുതി ഉള്ള സ്ഥലങ്ങളിൽ തന്നെ കമ്പ്യൂട്ടറുകൾ ഇന്നും നിശ്ചലമാണ്. ഒരു ഏജൻസി മുഖാന്തരം ലഭ്യമാക്കിയ സോഫ്റ്റ്‌വെയറുകൾ ഇൻസ്റ്റാൾ ചെയ്തതോടെ അതുവരെയുണ്ടായ മറ്റു സോഫ്റ്റ്‌വെയറുകളും പ്രവർത്തിക്കാതായി. ഇതിനെല്ലാം പുറമെയാണ് എല്ലാ ആരോഗ്യകേന്ദ്രങ്ങൾക്കും ഓപ്പറേഷനുവേണ്ട ഉപകരണങ്ങളടങ്ങിയ സർജിക്കൽ കിറ്റുകളും അനുബന്ധ ഉപകരണങ്ങളും അനുവദിച്ചത്. ഇവയ്ക്ക് 2.5 ലക്ഷം രൂപയോളം വിലവരും. മാത്രവുമല്ല അതേ ഉപകരണങ്ങൾ വീണ്ടും കൊടുത്തു. മൊത്തം 5 ലക്ഷം രൂപയുടെ ഉപകരണങ്ങൾ. ഉപകരണങ്ങളുടെ ആവശ്യകതയും മറ്റും അന്വേഷിക്കാതെയുള്ള ഇത്തരം നടപടികൾ മൂലം അനാവശ്യമായ ഫണ്ട് വിനിയോഗത്തിനും അതുവഴി ചില സ്വകാര്യ കമ്പനികൾക്ക് ലാഭമുണ്ടാക്കുന്നതിനുമുള്ള സാഹചര്യമാണ് ഉണ്ടായത്.

നമ്മുടെ ആരോഗ്യ കേന്ദ്രങ്ങളിൽ, പ്രത്യേകിച്ചും ജില്ലാ ആശുപത്രികളിൽ പോലും, ആവശ്യമായ സ്പെഷ്യലിസ്റ്റുകളെ ലഭിക്കാത്ത സാഹചര്യത്തിലാണ് വൻതുക മുടക്കി കിറ്റുകൾ നൽകുന്നത്. രസകരമെന്നു പറയട്ടെ, ഈ ഉപകരണങ്ങൾ ഉപയോഗിക്കുവാനുള്ള സംവിധാനം ഇത് വിതരണം ചെയ്ത മിക്കവാറും ആശുപത്രികളിലും ഇല്ല. ചുരുക്കത്തിൽ കോടിക്കണക്കിനു രൂപ രക്ഷോപകരണങ്ങൾക്കെന്ന പേരിൽ ചെലവ് ചെയ്യുമ്പോൾ ജനങ്ങൾക്ക് ലഭിക്കുന്നത് പഴയപടിയുള്ള ചികിത്സമാത്രം.


ഇതിനെല്ലാം പുറമെയാണ് പഞ്ചായത്തുഭരണസമിതിക്ക് നേരിട്ടു കിട്ടുന്ന ഫണ്ടുകൾ. ആശുപത്രി അറ്റകുറ്റപ്പണിക്ക് 50,000 മുതൽ 5,00,000 രൂപവരെ, ഇങ്ങനെ നിരവധി ഫണ്ടുകളുണ്ട്. ഇതെല്ലാം പ്രാഥമികാരോഗ്യകേന്ദ്രങ്ങൾക്കുള്ളതാണ്. ഇതു കൂടാതെ ഓരോ പ്രാഥമികാരോഗ്യകേന്ദ്രത്തിനു കീഴിലും നഴ്സുമാർ മാത്രമുള്ള സബ് സെന്ററുകളുണ്ട്. ഇവയ്ക്കും പ്രത്യേക ഫണ്ടുണ്ട്. ഞാൻ പ്രവർത്തിക്കുന്ന ജില്ലയിൽ ഏതാണ്ട് 70 ശതമാനം സബ്സെന്ററുകളും പ്രവർത്തിക്കുന്നത് വാടകക്കെട്ടിടത്തിലാണ്. ഇവയ്ക്കും ഫണ്ടുണ്ട്. ഇവിടെ എടുത്തു പറയേണ്ട ഒരു കാര്യം ഈ ഫണ്ടുകൾ ഒരു നിബന്ധനയുമില്ലാത്ത ഫണ്ട് എന്ന വിഭാഗത്തിലാണ് പെടുത്തിയിരിക്കുന്നത്. ഇതിന്റെയൊന്നും ഗുണഫലങ്ങൾ നിങ്ങൾക്കെവിടെയും കാണാൻ കഴിയില്ല. ഫണ്ട് എങ്ങിനെയും ചെലവാക്കുക എന്നുമാത്രമാണ് മുകളിൽ നിന്നുള്ള ഉത്തരവ്. കൂടാതെ തിരുവനന്തപുരത്തു നിന്ന് നേരിട്ട് നടപ്പാക്കുന്ന ചില നിർമ്മാണ പ്രവർത്തനങ്ങളുണ്ട്. ഒരു സ്വകാര്യ കമ്പനിക്കാണ് അതിന്റെ മേൽനോട്ട ചുമതല. പ്രദേശത്തിന്റെ ആരോഗ്യരംഗത്തെ ആവശ്യങ്ങളെ കുറിച്ച് യാതൊരറിവുമില്ലാത്ത കേരളത്തിന് പുറത്തുള്ളവരാണ് ഇതിന്റെ തലപ്പത്ത്. അവർ നിശ്ചയിക്കുന്നതേ നടക്കൂ. പ്രസവവാർഡ് ആവശ്യമുള്ളിടത്ത് കക്കൂസും കുളിമുറിയും നിർമ്മിച്ച് അവർ പോകും. വലിയ തുകയ്ക്കുള്ള എസ്റ്റിമേറ്റുകളാണ് ഇവരുടെ മറ്റൊരു പ്രത്യേകത. അവർ ആ എസ്റ്റിമേറ്റ് വെച്ച് ടെൻഡർ ചെയ്യുന്നു. ഇത്തരത്തിൽ ഒരു നിർമ്മാണപ്രവൃത്തി ഏൽപ്പിച്ചത് ഹിന്ദുസ്ഥാൻ ലാറ്റക്സിനെയാണ്. നിരോധ് ഉൽപാദിപ്പിക്കുന്ന കമ്പനി. അവർ അത് സബ്കോൺട്രാക്ട് കൊടുത്തു. അവർ എന്ത്, എങ്ങനെ, ചെയ്തു എന്ന് പരിശോധിക്കുവാനുള്ള സംവിധാനങ്ങളില്ല. സൊസൈറ്റിയായതുകൊണ്ട് സർക്കാറിന്റെ മറ്റ് ഫണ്ടുകൾ പോലെ ഓഡിറ്റിങ്ങുമില്ല. ജനങ്ങളുടെ ഇടപെടലിന് സാഹചര്യമൊരുക്കുന്നുമില്ല.

പ്രസവാനുകൂല്യമായും മറ്റും ജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കേണ്ടുന്ന സാമ്പത്തിക സഹായങ്ങൾ കൂടിയുള്ളതാണ് ഈ ഫണ്ട്. എന്നാൽ ഇതിനുള്ള വഴികളും ജനങ്ങൾക്ക് ലഭിക്കാതിരിക്കുവാനുള്ള സാഹചര്യമാണ് ഇന്നുള്ളത്. കാരണം സന്നദ്ധ ആരോഗ്യ പ്രവർത്തകരിലൂടെയാണ് ഇതെല്ലാം ഗുണഭോക്താക്കളിൽ എത്തിച്ചേരേണ്ടത്. 'ആശ' പ്രവർത്തകരാണ് ഈ പ്രവർത്തനങ്ങൾ ഇപ്പോൾ നടത്തുന്നത്. ആയിരം ജനസംഖ്യയ്ക്ക് ഒരു ആശ പ്രവർത്തകൻ എന്ന രീതിയിൽ തെരഞ്ഞെടുത്ത് പരിശീലനം നൽകണം. ബജറ്റിൽ ഇവർക്കുള്ള അലവൻസും വകയിരുത്തിയിട്ടുണ്ടെങ്കിലും ഒന്നും നടക്കുന്നില്ല. ആശ പ്രവർത്തകർക്ക് ശമ്പളമില്ല. ഒരു പ്രസവം നടന്നാൽ 600 രൂപ ഇവർക്ക് അലവൻസ് കിട്ടിയിരുന്നു. എന്നാൽ ഇപ്പോഴത് 400 രൂപയായി വെട്ടിക്കുറച്ചിരിക്കുന്നു. ഇതുപോലും ഇവർക്ക് കൊടുക്കാതായതോടുകൂടി ഈ മേഖലയിൽ പ്രവർത്തിക്കാൻ ആരും സന്നദ്ധരല്ലാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഇത് പരിഹരിക്കാനുള്ള യാതൊരു നടപടിയും സർക്കാർതലത്തിൽ ഇല്ല. ജനങ്ങളുടെ രോഗത്തെക്കുറിച്ച് നേരിട്ട് മനസ്സിലാക്കി അവരെ രോഗവിമുക്തമാക്കാൻ നിയോഗിക്കപ്പെട്ട സന്നദ്ധപ്രവർത്തകർക്ക് അനുവദിച്ച അലവൻസുപോലും കൊടുക്കാതിരിക്കുന്ന സ്ഥിതിയിലാണ് കോടികൾ മുടക്കി ജനങ്ങളുടെ രോഗത്തെക്കുറിച്ചുള്ള ആരോഗ്യമന്ത്രിയുടെ അന്വേഷണം. കഴിഞ്ഞ വർഷം മുഖാമുഖം എന്ന ധൂർത്ത് മന്ത്രിയുടെ സാന്നിധ്യത്തിൽ നടന്നിരുന്നു. താലപ്പൊലി, വെൺചാമരം, പിന്നെ തിരുവനന്തപുരത്തുനിന്നുമെത്തിയ സിൽബന്തികളും... ഇതിന് ചെലവായത് 1,70,000 രൂപയും.

## സേവനരംഗത്തെ സ്വകാര്യവൽക്കരണം

ആശുപത്രി വികസന സമിതി എന്ന പേരിൽ രൂപംകൊടുത്തിരിക്കുന്ന സ്ഥാപനം വഴി രക്തവിതരണത്തിൽ കൂടി ജനങ്ങളിൽനിന്ന് ദിനംപ്രതി ആയിരക്കണക്കിന് രൂപയാണ് കൈക്കലാക്കുന്നത്. ബ്ലഡ് ബാങ്കിലെ എല്ലാവിധ ടെസ്റ്റുകളുടെയും കിറ്റുകളും സൗജന്യമായിട്ടാണ് ബ്ലഡ് ബാങ്കുകൾക്ക് വിതരണം ചെയ്തിട്ടുള്ളത്. എന്നാലിവിടെ ഓരോ ബാഗിനും 500 രൂപ വീതം ആശുപത്രികൾ ഈടാക്കുന്നു. ജനറൽ വാർഡിൽ ഉള്ളവർക്ക് 250, പുറമേയുള്ളവർക്ക് 500. രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ആശുപത്രിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. എന്നാൽ ആ പ്രദേ

ഒരു പ്രസവം നടന്നാൽ 600 രൂപ ഇവർക്ക് അലവൻസ് കിട്ടിയിരുന്നു. എന്നാൽ ഇപ്പോഴത് 400 രൂപയായി വെട്ടിക്കുറച്ചിരിക്കുന്നു. ഇതുപോലും ഇവർക്ക് കൊടുക്കാതായതോടുകൂടി ഈ മേഖലയിൽ പ്രവർത്തിക്കാൻ ആരും സന്നദ്ധരല്ലാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഇത് പരിഹരിക്കാനുള്ള യാതൊരു നടപടിയും സർക്കാർതലത്തിൽ ഇല്ല. ജനങ്ങളുടെ രോഗത്തെക്കുറിച്ച് നേരിട്ട് മനസ്സിലാക്കി അവരെ രോഗവിമുക്തമാക്കാൻ നിയോഗിക്കപ്പെട്ട സന്നദ്ധപ്രവർത്തകർക്ക് അനുവദിച്ച അലവൻസുപോലും കൊടുക്കാതിരിക്കുന്ന സ്ഥിതിയിലാണ് കോടികൾ മുടക്കി ജനങ്ങളുടെ രോഗത്തെക്കുറിച്ചുള്ള ആരോഗ്യമന്ത്രിയുടെ അന്വേഷണം. കഴിഞ്ഞ വർഷം മുഖാമുഖം എന്ന ധൂർത്ത് മന്ത്രിയുടെ സാന്നിധ്യത്തിൽ നടന്നിരുന്നു. താലപ്പൊലി, വെൺചാമരം, പിന്നെ തിരുവനന്തപുരത്തുനിന്നുമെത്തിയ സിൽബന്തികളും ... ഇതിന് ചെലവായത് 1,70,000 രൂപയും.



ശത്ത് വരാൻ സാധ്യതയുള്ള രോഗങ്ങൾ കണക്കിലെടുത്ത് വേണ്ട മരുന്നുകൾ ജനങ്ങൾക്ക് ലഭ്യമാക്കാനുള്ള സാഹചര്യമല്ല സൃഷ്ടിക്കുന്നത്. അതിനുപകരം കോർപ്പറേഷൻ നിശ്ചയിച്ച മരുന്നുകൾ മാത്രമേ ആശുപത്രിയിൽ ലഭിക്കുകയുള്ളൂ. ആശുപത്രിയിലേക്ക് ആവശ്യമുള്ള മരുന്നുകൾ ഏതെല്ലാമാണെന്ന് നിശ്ചയിച്ച് സംസ്ഥാന, ജില്ലാതലത്തിൽ അത് വിതരണം ചെയ്യാനല്ല ശ്രമിക്കുന്നത്. മറിച്ച് ഒരു വളയമുണ്ടാക്കിയിട്ട് ചാടാനാണ് പറയുന്നത്, ഇന്നിന്ന മരുന്നുകൾ മാത്രമേ ചോദിക്കാൻപാടുള്ളൂ എന്നാണ് നിർദ്ദേശം. നിരവധി മരുന്നുകൾ ആവശ്യമുള്ള ആശുപത്രിയിൽ വേണ്ട മരുന്നുകൾ കൊടുക്കാൻ പാടില്ലെന്നാണ് കോർപ്പറേഷന്റെ നിർദ്ദേശം. പഞ്ചായത്തുകൾക്ക് മാനിഫാക്ച്ചർ ഫണ്ടിൽ നിന്ന് 10 ശതമാനം തുക മരുന്നുകൾക്ക് ഉപയോഗിക്കാമെന്നാണ് സർക്കാർ പറയുന്നത്. ഇതിനുവേണ്ടി ഒരു പ്രോജക്റ്റ് തയ്യാറാക്കാനും വരാൻ പോകുന്ന രോഗങ്ങൾ മുൻകൂട്ടി തീരുമാനിച്ച് അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് ഉണ്ടാക്കാനും പറയും. പ്രത്യക്ഷത്തിൽ ശരിയെന്നു തോന്നുന്ന ഇത് യാഥാർത്ഥ്യവുമായി പൊരുത്തമില്ലാത്തതാണെന്നുള്ളതാണ് സത്യം. കാരണം നാളെ എത്ര പേരെ പട്ടി കടിക്കും എന്നത് മുൻകൂട്ടി നിശ്ചയിച്ച് മരുന്ന് ആവശ്യപ്പെടാൻ കഴിയുമോ?

പൊതുമേഖല ഉദ്പാദിപ്പിക്കുന്ന പ്രതിരോധമരുന്ന് ഫലപ്രദമാണ്. പക്ഷെ അതിന്റെ ഉദ്പാദനത്തിന് വേണ്ട ചുറ്റുപാടുകൾ ശരിയല്ല എന്നാണ് വിലയിരുത്തൽ. മരുന്ന് കയറ്റുമതി ചെയ്യാൻ വേണ്ട മാനദണ്ഡം വച്ചു നോക്കുമ്പോൾ ഉദ്പാദിപ്പിക്കുന്ന പ്രതിരോധ മരുന്നുകൾ അനുയോജ്യമല്ല. ഇങ്ങനെയാണിവിടെ പ്രതിരോധമരുന്നുകളുടെ ക്ഷാമമുണ്ടായത്. സംസ്ഥാനത്ത് കേരളാ ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് പ്രതിരോധ മരുന്നുകൾ ഉണ്ടാക്കുന്നുണ്ട്. മുമ്പ് പൊതുമേഖലയിൽ ഉണ്ടാക്കുന്ന മരുന്നുകൾക്കാണ് മുൻഗണന കൊടുത്തിരുന്നത്. എന്നാൽ സ്വതന്ത്ര അധികാരമുള്ള കോർപ്പറേഷൻ രൂപം കൊണ്ടതോടുകൂടി സ്വകാര്യ കമ്പനികൾക്കും ആരോഗ്യമേഖലയിൽ കടന്നുകൂടാമെന്നായി. ഇതിന്റെ ഭാഗമായാണ് വില കുറഞ്ഞ മരുന്നുകൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം കിട്ടുകയും പൊതുമേഖലാ സ്ഥാപനങ്ങൾ പിന്തള്ളപ്പെടുകയും ചെയ്തത്. ഇതിനെ ന്യായീകരിക്കാൻ പറയുന്നത് സ്വകാര്യമരുന്നു കമ്പനികളുടെ വിലകൾ വളരെ കുറവാണെന്നും പൊതുമേഖലയുടെത് ഗുണനിലവാരമില്ലാത്തതാണെന്നുമാണ്. എന്നാൽ കോർപ്പറേഷന്റെ ഈ തീരുമാനത്തിന്റെ ഫലമായി പ്രതിരോധ രംഗത്ത് മരുന്നുകളുടെ കടുത്ത ക്ഷാമത്തിലേക്കാണ് കാര്യങ്ങൾ എത്തിയത്. കാരണം കരാർ കിട്ടിയ പല കമ്പനികളും കടലാസ് സ്ഥാപനങ്ങളായിരുന്നു. അതുകൊണ്ടുതന്നെ ഇവർക്ക് ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യാൻ കഴിയാതെ പോയി.

## ആരോഗ്യസുരക്ഷ

ആരോഗ്യമേഖലയിൽ ഏറ്റവും കൂടുതൽ തട്ടിപ്പു നടക്കുന്ന ഒന്നാണ് ഇൻഷൂറൻസ്. കേന്ദ്ര, സംസ്ഥാന സർക്കാർ നേതൃത്വത്തിലുള്ള ഈ പദ്ധതിയിൽ ദാരിദ്ര രേഖക്ക് താഴെയുള്ളവരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ന്യൂ ഇന്ത്യ ഇൻഷൂറൻസ് കമ്പനിക്കാണ് ഇതിന്റെ ചുമതല. ഒരാൾക്ക് 240 രൂപയാണ് സർക്കാർ പ്രീമിയം അടക്കുന്നത്. ഏതാണ്ട് 92,000 പേരെയാണ് ഈ സ്കീമിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിരുന്നത്. ഇതിൽ 40,000 പേരുടെ തുക സർക്കാർ അടച്ചു കഴിഞ്ഞു. എന്നാൽ ഇത് നടപ്പാക്കണമെങ്കിൽ സർക്കാർ ആശുപത്രികളിൽ സാങ്കേതിക സൗകര്യങ്ങൾ വേണം. പല ആശുപത്രികളിലും രോഗികളുടെ പേരു രജിസ്റ്റർ ചെയ്യാനാവശ്യമായ സൗകര്യങ്ങൾ പോലും ചെയ്തിട്ടില്ല. കഴിഞ്ഞ ജനുവരി മുതലാണ് ഇതിലുൾപ്പെട്ടവർക്ക് കാർഡ് വിതരണം ചെയ്തത്. എന്നാൽ പല സ്ഥലത്തും സാങ്കേതിക സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് സർക്കാർ വാഗ്ദാനം ചെയ്തത് പോലെ ഇൻഷൂറൻസ് കമ്പനിയിൽ നിന്നുള്ള യാതൊരു ആനുകൂല്യങ്ങളും രോഗികൾക്ക് കിട്ടുന്നില്ല. ഇതിനു പുറമെയാണ് കാർഡിന്റെ ഉടമസ്ഥതയെ സംബന്ധിച്ച പ്രശ്നം. കാരണം കാർഡിൽ തെളിവിനായി ഉപയോഗിച്ചിരിക്കുന്നത് ഗൃഹനാഥന്റെ ഫോട്ടോ ആണ്. ഗൃഹനാഥന്റെ മരണാനന്തരം കുടുംബാംഗങ്ങൾക്ക് ഈ കാർഡ് കൊണ്ട് ഒരു പ്രയോജനവുമുണ്ടാകുന്നില്ല. ജനങ്ങൾക്ക് ഒരു ഉപകാരുമില്ലാത്ത ഈ പദ്ധതിമൂലം ഇൻഷൂറൻസ് കമ്പനിക്ക് കോടിക്കണക്കിന് രൂപ തട്ടാമെന്നല്ലാതെ വേറൊരു ലക്ഷ്യവും ഇതിനു പിന്നിലില്ല. അതേസമയം ഇൻഷൂറൻസ് കമ്പനിക്ക് സർക്കാർ അടച്ച തുകയിൽ 99 ശതമാനവും ലാഭമാണ്.

ജനങ്ങൾക്ക് അത്യാവശ്യം വേണ്ട ചികിത്സക്ക് സൗകര്യങ്ങൾ ശരിപ്പെടുത്താനല്ല, ആശുപത്രിയുടെ മൊസൈക്കിട്ട നിലം കിളച്ചു മാറ്റി ടൈൽസും മാർബിളും ഇടുക, അല്ലെങ്കിൽ വാർപ്പുകെട്ടിടങ്ങളും ആവശ്യമില്ലാത്ത ഉപകരണങ്ങളും സ്ഥാപിച്ച് ജനങ്ങളെ കബളിപ്പിക്കുക- ഇതൊക്കെയാണ് സർക്കാർ ശ്രദ്ധിക്കുന്നത്. നിലവിലുള്ള കെട്ടിടം പുതുക്കി പണിയാൻ ആദ്യം പി.ഡബ്ല്യു.ഡി ലക്ഷങ്ങൾ ചെലവഴിച്ചിട്ട്, അതേ കെട്ടിടം വീണ്ടും പുതുക്കി പണിയാനായി സ്വകാര്യ കമ്പനിയെ ചുമതലപ്പെടുത്തി കോടികൾ തുലച്ചു കളഞ്ഞ അനുഭവം പോലുമുണ്ട്.

## രോഗ പ്രതിരോധരംഗത്തുനിന്നുള്ള പിന്മാറ്റം


1960-കളിൽ പരിരക്ഷാ പ്രവർത്തനങ്ങൾ തുടങ്ങിയ ഘട്ടത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ കൊടുത്തത്. എല്ലാ കേന്ദ്രങ്ങളിലും

ചികിത്സയില്ലായിരുന്നു. ജില്ലാ താലൂക്ക്, ജനറൽ ആശുപത്രികളിൽ മാത്രമാണ് ചികിത്സ ഉണ്ടായിരുന്നത്. ബാക്കി കേന്ദ്രങ്ങളിൽ രോഗപ്രതിരോധത്തിനാണ് ഊന്നൽ നൽകിയിരുന്നത്. എന്നാൽ 2004 മുതൽ ജില്ലകളിലെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ചികിത്സ എന്ന സമ്പ്രദായം ആരംഭിച്ചു. യഥാർത്ഥത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ ലക്ഷ്യമെന്താണെന്ന് മനസ്സിലാക്കാതെയുള്ള ഒരു തീരുമാനമായിരുന്നു ഇത്. അതോടുകൂടി എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും കിടത്തി ചികിത്സ ആരംഭിച്ചു. രോഗപ്രതിരോധത്തിന് ഊന്നലില്ലാതെയായി. അതോടൊപ്പം തന്നെ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള ഒരിടമാണ് ആശുപത്രി എന്ന പൊതുധാരണ സൃഷ്ടിക്കപ്പെട്ടു. രോഗപ്രതിരോധത്തിന് വേണ്ട സൗകര്യങ്ങൾ ചെയ്യുന്ന ചുമതലയിൽ നിന്ന് സർക്കാർ പിൻമാറി. കൂടുതൽ രോഗികളെ സൃഷ്ടിക്കുക അവരെ ചികിത്സിക്കുക എന്നതായി ആരോഗ്യമേഖല. എന്നാൽ സമൂഹത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ കണക്കിലെടുത്ത് അതിലൂടെ രോഗങ്ങളും അതു സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളും മനസ്സിലാക്കിക്കൊണ്ടുള്ള തീരുമാനമായിരുന്നില്ല ഇതെല്ലാം. പകരം ബയോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ച് ഡൽഹിയിൽ നിന്ന് കൊതുകുവല വരുത്തി ആശുപത്രികൾക്ക് വിതരണം ചെയ്തു. കൊതുകുവലകൾ കൊണ്ട് രോഗം തടയാമെന്നാണ് സർക്കാരിന്റെ പുതിയ കണ്ടുപിടുത്തം. കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ വെള്ളം കെട്ടിക്കിടക്കാനുള്ള സാഹചര്യമാണുള്ളത്. അതൊഴിവാക്കാൻ ശ്രമിക്കുന്നതിന് പകരം കൊതുകു വലയാണ് പ്രതിവിധിയായി കണ്ടത്. കുടിവെള്ളത്തിലൂടെയാണ് ടൈഫോയിഡ് പടരുന്നത്. ജനങ്ങൾക്ക് ശുദ്ധജലം കിട്ടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് പകരം ടൈഫോയിഡ് വന്നാൽ അതിനുള്ള മരുന്നുകൾ എങ്ങനെ വിതരണം ചെയ്യാമെന്നതിലായി ശ്രദ്ധ. കേരളത്തിന്റെ തെക്കൻ ജില്ലയിൽ ആലപ്പുഴയിൽ കുടിവെള്ളത്തിന് വലിയ ക്ഷാമമാണ്. അവർക്ക് ശുദ്ധജലം എത്തിച്ചുകൊടുക്കുവാനല്ല പകരം മലിനജലം കുടിച്ചുണ്ടായ രോഗത്തിന് മരുന്ന് വിതരണം ചെയ്യാനാണ് സർക്കാർ ശ്രമിക്കുന്നത്. വാട്ടർ അതോറിറ്റി വെള്ളം സപ്ലൈ ചെയ്യുന്നുണ്ട്. വാട്ടർ അതോറിറ്റിക്ക് സ്വന്തം ലാബ് ഉള്ളതുകൊണ്ട് വെള്ളം പരിശോധിക്കാനും അതുവഴി അതിന്റെ ശുചിത്വം ഉറപ്പിക്കാനും കഴിയുന്നു. എന്നാൽ സ്വകാര്യ ഏജൻസികൾ വിതരണം ചെയ്യുന്ന വെള്ളത്തിന് ഇത്തരം പരിശോധനകൾ ഒന്നുമില്ലാത്തതുകൊണ്ട് അവർ വിതരണം ചെയ്യുന്ന വെള്ളത്തിൽ പല തരത്തിലുള്ള രോഗാണുക്കളും ഉണ്ടെന്നാണ് പരിശോധനയിൽ തെളിഞ്ഞത്. മലത്തിൽ കാണുന്ന അണുക്കൾ വരെ ഈ വെള്ളത്തിലുണ്ട്. ജലക്ഷാമം നേരിടുന്ന ജില്ലകളിൽ സ്വകാര്യ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വെള്ളം പരിശോധിക്കാനുള്ള യാതൊരു വിധ സംവിധാനവും സർക്കാരിന് കീഴിൽ നിലവിലില്ല. മറ്റൊരു മാമാങ്കമാണ് മന്തുരോഗം എന്ന പേരിലുള്ള നടപടികൾ. ലക്ഷങ്ങളാണ് ഓരോ വർഷവും ഇതിന് വേണ്ടിയുള്ള മരുന്നിന് പാഴാക്കുന്നത്. മരുന്ന് കഴിച്ചവരെക്കുറിച്ചുള്ള സെൻസസ് എടുത്തപ്പോൾ 15 ശതമാനം പേർ മാത്രമേ മരുന്ന് കഴിച്ചിട്ടുള്ളൂ. പക്ഷെ കൊതുകുകളെ നശിപ്പിക്കാനുള്ള നടപടികൾ ഉണ്ടാകുന്നില്ല. വേണമെങ്കിൽ കാട്ടിലെ കൊതുകുകളെ ഉപയോഗിച്ച് കൊണ്ട് നാട്ടിലെ കൊതുകുകളെ ഇല്ലായ്മ ചെയ്യാം. അത് മനുഷ്യനെ കടിക്കുകയില്ല. അതിന്റെ ലാർവ്വ സാധാരണ കൊതുകുകളുടെ ലാർവ്വകളെ ഭക്ഷണമാക്കി ഉപയോഗിക്കും. പരീക്ഷണാടിസ്ഥാനത്തിൽ കാട്ടിലെ കൊതുകുകളെ ഇവിടെ വളർത്താൻ ശ്രമിച്ചു കൊണ്ട് ഒരു പരിഹാരം കണ്ടെത്താൻ കഴിയും. മനുഷ്യന് ഹാനികരമല്ലാത്ത ബാക്ടീരിയകളെ ഉൽപാദിപ്പിച്ച് രോഗനശീകരണത്തിനായി ഉപയോഗപ്പെടുത്താവുന്നതുമാണ്. ഇങ്ങനെ ശാസ്ത്രീയമായ കണ്ടെത്തലുകൾക്ക് മുതിരാതെ കെട്ടിടം മോടി പിടിപ്പിക്കുകയും അനാവശ്യമായ ഉപകരണങ്ങൾ വാങ്ങിക്കൂട്ടുകയും ചെയ്യുന്ന ധൂർത്തുകൾ തുടരുകയാണെങ്കിൽ ആരോഗ്യരംഗത്ത് ഇപ്പോഴുള്ള പ്രശ്നങ്ങൾക്ക് ഒരിക്കലും പരിഹാരം കണ്ടെത്താൻ കഴിയില്ല. ■

# ബ്രിക്ക് കൂട്ടത്തിന്റെ ദൗത്യം

**അജിത്ത്**

2003–ൽ ഗോൾഡ്മാൻ സാക്സിലെ സാമ്പത്തികകാര്യ വിദഗ്ദൻ ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന എന്നി രാജ്യങ്ങളുടെ പേരുകളിലെ ഇംഗ്ലീഷ് ആദ്യാക്ഷരങ്ങൾ കോർത്തിണക്കി ബ്രിക്ക് (BRIC) എന്ന ചുരുക്കപേര് നിർദ്ദേശിച്ചപ്പോൾ വരുംകാലത്ത് ലോക സമ്പദ്ഘടനയിൽ ഇവ വഹിക്കാൻ സാധ്യതയുള്ള സാമ്പത്തിക പങ്ക് മാത്രമാണ് കണ്ടിരുന്നത്. ചൈനയുടെയും ഇന്ത്യയുടെയും ദ്രുതഗതിയിലുള്ള വളർച്ച ആവശ്യപ്പെടുന്ന അസംസ്കൃതവിഭവങ്ങളും ബ്രസീലിനും റഷ്യക്കും പ്രകൃതിദത്തമായുള്ള വിഭവസമ്പന്നതയും പരസ്പരപൂരകമാകുന്നതും, പാശ്ചാത്യ വികസിത രാജ്യങ്ങളുമായുള്ള ബന്ധങ്ങൾക്ക് നിരപേക്ഷമായി ഇത്തരമൊരു പ്രതിപ്രവർത്തനത്തിലൂടെ അവ വളർന്ന് മുൻനിരയിലെത്തുന്നതുമാണ് 2003ലെ ബ്രിക്ക് റിപ്പോർട്ട് വിഭാവനം ചെയ്തത്. ആറു വർഷങ്ങൾ തികയുമ്പോഴേക്കും ബ്രിക്ക് രാജ്യതലവന്മാരുടെ ആദ്യ സമ്മേളനം നടന്നു കഴിഞ്ഞു. തങ്ങൾക്കിടയിലുള്ള സാമ്പത്തിക ഇടപാടുകളല്ല, ലോക സാമ്പത്തിക രംഗത്തെ സംബന്ധിക്കുന്ന കാതലായ രാഷ്ട്രീയ പ്രശ്നങ്ങളാണ് അവിടെ പ്രധാനമായും ചർച്ചചെയ്തത്. ലോക സാമ്പത്തിക ക്രമത്തിന്റെയും ഐക്യരാഷ്ട്ര സഭയുടെയും നടത്തിപ്പിൽ തങ്ങൾക്ക് കൂടുതൽ പങ്കും സ്ഥാനങ്ങളും കിട്ടണമെന്ന് സമ്മേളനപ്രഖ്യാപനം ആവശ്യപ്പെ



ട്ടു. അന്താരാഷ്ട്ര കരുതൽ നാണ്യത്തിന്റെ സ്ഥാനത്തു നിന്ന് ഡോളറിനെ നീക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടില്ലെങ്കിലും ഈ വിഷയം പൂർണ്ണമായി ഒഴുവാക്കിയില്ല. കരുതൽ നാണ്യ പ്രശ്നം പരിശോധിക്കാൻ ധനകാര്യ മന്ത്രിമാരെ എൽപിച്ചിരിക്കുന്നു. മാറുന്ന ലോകത്തിന്റെ ഒരു സൂചന തീർച്ചയായും സമ്മേളന തീരുമാനങ്ങളിലുണ്ട്. അതോടൊപ്പം, യുഎസ് ആധിപത്യത്തിന് കീഴ്പ്പെട്ട് നിൽക്കുന്ന ശാക്തിക ബലാബലത്തിന്റെ, ഇനിയും മാറാത്ത ലോകത്തിന്റെ, ബന്ധനങ്ങളും അവിടെ ദൃശ്യമായി.

ഒരു ദശകം മുമ്പ് ലോക സമ്പദ്ഘടനയുടെ 16ശതമാനമായിരുന്ന ബ്രിക്ക് രാജ്യങ്ങളുടെ പങ്ക് 2008ൽ 22ശതമാനമായി. ലോക ജനസംഖ്യയിൽ 40ശതമാനം ഇവിടെ വസിക്കുന്നു. ഇത് സൃഷ്ടിക്കുന്ന വലുതായ ആഭ്യന്തരവിപണി സാമ്പത്തിക വളർച്ചക്കുള്ള ഏറെക്കുറെ സ്ഥിരതയുള്ള പ്രേരണയാകാം, കാലക്രമത്തിൽ ജി-8നെ മറികടക്കുന്ന ഒരു അന്താരാഷ്ട്ര സഖ്യമായിത്തീരാം ബ്രിക്ക് എന്നാണ് ഒരു പ്രതീക്ഷ. കണക്കുകൾ വരച്ചുകാട്ടുന്ന ഈ സാധ്യതയിൽ അവഗണിക്കപ്പെടുന്നത് ഇതിലെ വ്യത്യസ്ത രാജ്യങ്ങളുടെ സാമ്പത്തിക ശക്തിദൗർബല്യങ്ങളും ഇവ തമ്മിലുള്ള രാഷ്ട്രീയ അന്തരവുമാണ്. മറ്റു മൂന്നു രാജ്യങ്ങളുടെ സമ്പദ്ഘടനകളെ ചേർത്തുവച്ചതിനെ കവച്ചുനിൽക്കും ചൈനീസ് സമ്പദ്ഘടന. അതിന്റെ വിദേശ നാണ്യശേഖരവും കയറ്റുമതിയും അവയുടെ രണ്ടിരട്ടിയുണ്ട്. ബ്രസീലും റഷ്യയും പ്രധാനമായും വിഭവ കയറ്റുമതിയെയും, ഇന്ത്യ സേവന കയറ്റുമതിയെയും (ഐടി), ചൈന നിർമ്മിത ചരക്കുകളുടെ കയറ്റുമതിയെയും ആശ്രയിക്കുന്നതുകൊണ്ട് ലോക സാമ്പത്തിക മാന്ദ്യം വ്യത്യസ്ത രീതികളിലാണ് അവയെ ബാധിച്ചിരിക്കുന്നത്. ഇനി ഇവ പരസ്പരം കയറ്റുമതിയിൽ ഏർപ്പെട്ട് ലോക മാന്ദ്യത്തെ മറികടന്നേക്കാം എന്ന് ധരിച്ചാൽ അതിനുമുണ്ട് പരിമിതികൾ. മുഖ്യമായും എണ്ണയും മറ്റ് അസംസ്കൃതവസ്തുക്കളും കയറ്റിഅയക്കുന്ന റഷ്യയുടെയും ബ്രസീലിന്റെയും സമ്പദ്ഘടനകളെ കയറ്റുമതി വിലയിലും അളവിലും ലോക മാന്ദ്യം സൃഷ്ടിച്ച ഇടിവ് വല്ലാതെ ബാധിച്ചിട്ടുണ്ട്. സ്വാഭാവികമായും ഇത് അവയുടെ ആഭ്യന്തര ഉപഭോഗ ആവശ്യത്തെയും തളർത്തി.

ഈ രാജ്യങ്ങൾ തമ്മിലുള്ള മൗലികമായ വ്യത്യാസമാണ് മറ്റൊരു തടസ്സം. മുമ്പ് വൻശക്തിയായിരുന്ന, ഇപ്പോഴും ആ നിലയിലേക്ക് മടങ്ങിയെത്താവുന്ന, ഒരു സാമ്രാജ്യത്വ രാജ്യമാണ് റഷ്യ. സാമ്രാജ്യത്വ ചൂഷണത്തിനും ആധിപത്യത്തിനും വിധേയമാകുന്ന മർദ്ദിത രാജ്യങ്ങളാണ് മറ്റു മൂന്നും. ചൈനയെ ഇങ്ങനെ വിശേഷിപ്പിക്കാമോ എന്ന് സംശയിക്കണ്ട, വമ്പിച്ച സമ്പത്തും സൈനികശക്തിയും അതിനുണ്ടെങ്കിലും, ഇന്ന്, ആഗോള സാമ്രാജ്യത്വ ബന്ധങ്ങൾക്ക് വിധേയമായിട്ടാണ് ഇതെല്ലാം സാധ്യമായതും നിലനിൽക്കുന്നതും. വിവിധ സാമ്രാജ്യത്വ ശക്തികൾ മൂന്നാം ലോക രാജ്യങ്ങളിൽ നിരന്തരം നടത്തുന്ന വടംവലിയിൽ നിന്ന് ബ്രിക്കിലെ മൂന്ന് മർദ്ദിത രാജ്യങ്ങളും മുക്തമല്ല. അപ്പോൾ, റഷ്യയുമായുള്ള ഈ കൂട്ട് തുടരുമ്പോഴും, ഈ രാജ്യങ്ങളിൽ അതാത് സമയത്ത് അധികാരം കൈയാളുന്ന ഭരണവർഗ വിഭാഗത്തിന്റെ സാമ്രാജ്യത്വ ചായ്വ് അതിൽ നിഴലിക്കും. ഇന്ത്യയുടെ കാര്യത്തിൽ ഇത് ഇപ്പോൾ തന്നെ കാണാം. ഇന്നത്തെ ഭരണാധികാരികളുടെ വലുതായ യുഎസ് വിധേയത്വം മൻമോഹൻ സിംഗിന്റെ ബ്രിക്ക് സമ്മേളന പങ്കാളിത്തത്തിലും അതിനെ കുറിച്ചുള്ള അഭിപ്രായപ്രകടനങ്ങളിലും വ്യക്തമായി. ബ്രിക്ക് സമ്മേളനത്തിന് തൊട്ടുമുമ്പ് നടന്ന ഷാങ്ഹായ് സഹകരണ സംഘടനയുടെ (എസ്സിഒ) ഉച്ചകോടിയിൽ മനസില്ലാമനസ്സോടെ പങ്കെടുത്ത മൻമോഹന്റെ ഇടപെടലിലും ഇത് സ്പഷ്ടമായിരുന്നു. യുഎസ് നേതൃത്വത്തിൽ ജപ്പാനെയും ആസ്ട്രേലിയയേയും അടിത്തറയാക്കി നിലനിൽക്കുന്ന രാഷ്ട്രീയ- സൈനിക തന്ത്രപരമായ കൂട്ടുകെട്ടിന് ബദലായി റഷ്യയും ചൈനയും രൂപപ്പെടുത്തിയ സഖ്യമാണിത്. ഇത്രയും കാലം പ്രധാനമന്ത്രി തലത്തിലെ പങ്കാളിത്തം ഒഴിവാക്കിയ ഇന്ത്യ ഇപ്രാവശ്യം പങ്കെടുത്തത് രഹസ്യകൂടിയാലോചനകളിലും പങ്കടുപ്പിക്കാൻ സംഘാടകർ തയ്യാറായതുകൊണ്ടാണെന്ന് പറയുന്നുണ്ടെങ്കിലും വേറെയും ചില കാരണങ്ങളുണ്ടാകാം. ഒബാമയുടെ ആഫ്പാക് നയത്തിൽ എസ്സിഒക്ക് പ്രമുഖമായ സ്ഥാനം കൽപ്പിച്ചിട്ടുണ്ട്. വല്യേട്ടൻ തലയാട്ടിയപ്പോൾ മൻമോഹൻ യാത്രയായി.

ബ്രിക്കിലെ ഏഷ്യൻ രാജ്യങ്ങൾ തമ്മിലുള്ള ഭൗഗോളിക-രാഷ്ട്രീയ വൈരുദ്ധ്യങ്ങൾ ഈ കുട്ടുകെട്ടിന്റെ വികാസത്തിന് കൽപിക്കുന്ന പരിധിയും കണക്കിലെടുക്കണം. ഏഷ്യയിൽ പരസ്പരം മത്സരിക്കുന്ന വ്യാപനവാദ പ്രാദേശിക ശക്തികളാണ് ഇന്ത്യയും ചൈനയും. ചൈനയെ നിയന്ത്രണത്തിൽ നിർത്താൻ ഇന്ത്യയെ ഉപയോഗിക്കാനാണ് യുഎസ് ശ്രമിക്കുന്നത്. ഇന്ത്യയിലെ യുഎസ് പിടുത്തം മുറകുന്ന മുറക്ക് ദക്ഷിണേഷ്യയിൽ മറ്റേതെങ്കിലും രാജ്യത്തെ റഷ്യ സ്വാധീനവലയത്തിലാക്കണം. പാക്കിസ്ഥാൻ ഇത്തരത്തിൽ പരിഗണിക്കപ്പെടുന്നു. ഇത് സംഭവിച്ചാൽ ഇന്തോ-റഷ്യൻ ബന്ധങ്ങളിൽ മാറ്റമുണ്ടാകും. അത് ബ്രിക്കിനെ ബാധിക്കുകയും ചെയ്യും. ചുരുക്കത്തിൽ, ഇന്നത്തെ സാമ്രാജ്യത്വ ആഗോള ബന്ധങ്ങൾക്കുള്ളിൽ ഈ കൂട്ടുകെട്ട് ഒരു രാഷ്ട്രീയ-സാമ്പത്തിക സഖ്യമായി മാറാനുള്ള സാധ്യത ഇല്ല. അതേസമയം, ഇന്നത്തെ ലോക അധിപതിയായ യുഎസ്സിൽ സമ്മർദ്ദം ചെലുത്തി ചില താൽപര്യങ്ങൾ നേടിയെടുക്കാനുള്ള ഇതിലെ ഒരോ രാജ്യത്തിന്റെയും ശ്രമത്തിന് ഒരു പരസ്പര സഹായസംഘത്തിന്റെ ദൗത്യം അതിന് നിറവേറ്റാൻ കഴിയും. ഇപ്പോൾ അതാണ് സംഭവിക്കുന്നത്. ഈ പ്രകിയ പുരോഗമിക്കുമ്പാൾ ബ്രിക്കിന്റെ അംഗത്വത്തിൽ മാറ്റംവരാനും സാധ്യതയുണ്ട്. ■

# ഇറാൻ: ഭരണവർഗ വൈരുദ്ധ്യങ്ങളും ജനകീയ മുന്നേറ്റവും



ഇറാനിലെ പ്രക്ഷോഭത്തെ പിന്തുണക്കാൻ പാശ്ചാത്യ സാമ്രാജ്യത്വ ശക്തികളും, മാധ്യമങ്ങളും ഇഷ്ടപ്പെട്ടതിന് കാരണമുണ്ട്. ഒന്നാമത് വീണ്ടും തെരഞ്ഞെടുക്കപ്പെട്ട അഹ്മദെനിജാദ് ഭരണത്തിനെതിരായിരുന്നു അത്. രണ്ടാമത്, യുഎസ് സാമ്രാജ്യത്വവുമായി അനുരഞ്ജനപ്പെടാൻ ആഗ്രഹിക്കുന്ന റഫ്സഞ്ചാനി പിന്തുണച്ച ഹൊസൈൻ മൂസാവിയുടെ പക്ഷമാണ് പ്രക്ഷോഭത്തിന്റെ നേതൃത്വത്തിൽ പ്രത്യക്ഷത്തിൽ വന്നത്. മറുവശത്ത് ഇതേ കാരണങ്ങൾ ഉദ്ധരിച്ച് പ്രക്ഷോഭത്തെ നിസാരമാക്കി തള്ളാനാണ് റഷ്യൻ സാമ്രാജ്യത്വം ശ്രമിച്ചത്. ഇതിന്റെ അനുരണം കപട ഇടതിനെ അനുകൂലിക്കുന്ന ചില മുഖ്യധാരാ മാധ്യമങ്ങളിലും പ്രത്യക്ഷമായി. വസ്തുത ഇതു രണ്ടുമല്ല. ഭരണവർഗത്തിനുള്ളിലെ തർക്കമായി തുടങ്ങിയ ഒരു കാര്യം, ബഹുജനങ്ങളുടെ ദൃഢതയും സ്ഥിരോത്സാഹവും മൂലം അതിശക്ത ജനകീയ മുന്നേറ്റമായി മാറുകയും, ഇസ്ലാമിക ഭരണകൂടത്തിന്റെ രാഷ്ട്രീയനീതീകരണം തന്നെ ചോദ്യംചെയ്യപ്പെടുകയും ഭരണവർഗസ്ഥാപനങ്ങൾ പ്രതിസന്ധിയിലാവുകയുമായിരുന്നു. തെരഞ്ഞെടുപ്പിൽ കൃത്രിമം നടന്നുവെന്ന് ആരോപിച്ച് മൂസാവി പക്ഷം പ്രക്ഷോഭം ആരംഭിച്ചപ്പോൾ തീർത്തും വ്യവസ്ഥാപിതമായ പരിധികൾക്കകത്ത് അതിനെ ഒതുക്കി നിർത്താനാണ് ആഗ്രഹിച്ചത്. പ്രകടനക്കാരെ ഇസ്ലാമിക ഭരണത്തിന്റെ സന്നദ്ധസേന (ബാസിജ്) ആക്രമിച്ചതോടെ ജനങ്ങളുടെ മട്ടുമാറി. വർഷങ്ങളായി അടിച്ചമർത്തിവെച്ചിരുന്ന രോഷം അതിന്റെ യഥാർത്ഥ ലക്ഷ്യത്തിലേക്ക് തിരിഞ്ഞു. പലയിടത്തും ബാസിജുകളെയും പോലീസ്, അർദ്ധ-സൈനിക വിഭാഗങ്ങളെയും നേരിട്ടതോടൊപ്പം മുദ്രാവാക്യങ്ങളും മാറി. പ്രക്ഷോഭം 'നമ്മുടെ പാവനമായ ഭരണകൂടത്തിനും അതിന്റെ സ്ഥാപനങ്ങൾക്കും എതിരല്ല' എന്ന് മൂസാവി ആവർത്തിച്ചെങ്കിലും തെരുവിൽ മുഴങ്ങിയത് 'സ്വേച്ഛാധിപതികൾ നശിക്കട്ടെ', 'അഹ്മദെനിജാദ് തുലയട്ടെ', 'ഖമേനി തുലയട്ടെ', 'കാപട്യക്കാരനായ ഈ ഭരണം നശിക്കട്ടെ' എന്നൊക്കെയായിരുന്നു.

ഭരണവർഗത്തിന്റെ ഇരു ചേരികളിൽ നിലയുറപ്പിച്ചിരിക്കുന്നവർ ഓരോ ഘട്ടത്തിൽ ഭരണത്തിന്റെ നിർണ്ണായക സ്ഥാനങ്ങളിൽ ഇരുന്നവരാണ്. മുമ്പ് ഖമേനി പ്രസിഡന്റായിരുന്നപ്പോൾ പ്രധാനമന്ത്രിയായിരുന്ന ആളാണ് മൂസാവി. ഇന്ന് മൂസാവിയെ പിന്തുണക്കുന്ന റഫ്സഞ്ചാനി ഒരുകാലത്ത് പ്രസിഡന്റായിരുന്നു. പഴയ രാജാവായ ഷായെ സ്ഥാനഭ്രഷ്ടനാക്കിയ ജനകീയ മുന്നേറ്റത്തെ ഉപയോഗപ്പെടുത്തി അധികാരത്തിൽ വന്ന ഇസ്ലാമിക ഭരണകൂടത്തിന്റെ മൂന്ന് ദശകത്തോളം വരുന്ന ഭരണത്തിൻകീഴിൽ പൗരോഹിത്യത്തിലും ഉദ്യോഗസ്ഥർക്കിടയിലും പുത്തൻ ചൂഷകരുടെ ഒരു നിര ഉയർന്നുവന്നിട്ടുണ്ട്. വൻകിടക്കാരുടെ കൂട്ടത്തിൽ ഈ രീതിയിൽ എത്തിചേർന്നയാളാണ് റഫ്സഞ്ചാനി. ശ്വാസംമുട്ടിക്കുന്ന മതസ്വേച്ഛാധിപത്യത്തോടൊപ്പം വർദ്ധിച്ചുവരുന്ന അന്തരങ്ങളും കൂടിയായപ്പോൾ ജനങ്ങളിൽ നിന്നുള്ള അകൽച്ചയും ഭരണകൂടനീതീകരണ പ്രശ്നവും ശക്തമായി. ഇത് മറികടക്കുന്നതിനെ ചൊല്ലി വിവിധ ഭരണവർഗ വിഭാഗങ്ങൾക്കിടയിലുള്ള ഭിന്നതകളാണ് ഖതാമി പ്രസിഡന്റായതു മുതൽ ഇറാനിൽ കാണുന്നത്. മതസ്വേച്ഛാധിപത്യത്തിൽ അയവും യുഎസ് സാമ്രാജ്യത്വത്തോട് അടുപ്പവും ഉദാരവൽക്കരണവും അടങ്ങുന്ന 'പരിഷ്കരണവാദം' ആയിരുന്ന ഖതാമിയുടെ നയം. വീർപ്പുമുട്ടി നിന്ന യുവജനങ്ങൾ ഇതു സൃഷ്ടിച്ച വിടവിലൂടെ തള്ളിക്കയറാൻ ശ്രമിച്ചതോടെ അത് പൊളിഞ്ഞു. തുടർന്ന് അധികാരത്തിൽ വന്ന അഹ്മദെനിജാദ് ഉദാരവൽക്കരണം തുടരുന്നതോടൊപ്പം, യുഎസിനെ എതിർക്കുകയും പുത്തൻ സമ്പന്നരെ കുറച്ചൊക്കെ ആക്രമിക്കുകയും ചെയ്യുന്ന ജനപ്രിയതയിലൂടെ ഇസ്ലാമിക ഭരണത്തിന്റെ ആദ്യകാല വിപ്ലവപരിവേഷം പുനർസൃഷ്ടിക്കാൻ ശ്രമിക്കുന്നു. പക്ഷെ ഇതും ഫലിക്കുന്നില്ല എന്ന് ഇയിടെയുണ്ടായ പ്രക്ഷോഭം കാട്ടിതന്നു. ഭരണവർഗ തർക്കം ഒന്നുകൂടി മൂർച്ഛിച്ചു. കക്ഷി രാഷ്ട്രീയത്തിന് അതീതനായി നിൽക്കുന്ന രാഷ്ട്രഉപദേഷ്ടാവെന്ന ആയത്തൊള്ള ഖമേനിയുടെ പ്രതിച്ഛായക്കും മങ്ങലേറ്റു.

പ്രക്ഷോഭത്തെ അടിച്ചമർത്തുന്നതിൽ ഭരണാധികാരികൾ വിജയിച്ചെങ്കിലും വിമോചനത്തിന് തടസമായി നിൽക്കുന്ന പ്രതിബന്ധങ്ങളും ആക്രമിക്കേണ്ട ലക്ഷ്യങ്ങളും ജനങ്ങൾക്ക് അത് കുറേകൂടി വ്യക്തമാക്കികൊടുത്തു. 'തുടങ്ങിവെച്ചത് പൂർത്തീകരിക്കാൻ നമുക്ക് ഇനിയും നീണ്ടദൂരം പോകേണ്ടതുണ്ട്. വിവിധ രീതികളിൽ തെരുവിൽ തന്നെ തുടരാൻ ജനങ്ങൾ വരുംകാലത്ത് തയ്യാറെടുക്കണം. വിജയിക്കുന്നതിന്, മുന്നേറ്റത്തിന്റെ മുദ്രാവാക്യങ്ങൾ കൂടുതൽ ആഴത്തിലാകണം, സമരത്തിന്റെ തലം ഉയർത്തണം.' ഇറാൻ കമ്മ്യൂണിസ്റ്റ് പാർടി (എംഎൽഎം) പ്രസ്താവനയിലെ ഈ വരികൾ ശരിയായ ദിശ നൽകുന്നു.

■

# പെറു: വിഭവകൊള്ളക്കെതിരെ ആദിവാസി പ്രക്ഷോഭം

**ആമസോൺ** വനമേഖലയിലെ ആദിവാസികളുടെ പ്രക്ഷോഭത്തിനു നേരെ ജൂൺ ആദ്യവാരം അലൻ ഗാർഷ്യാ ഭരണകൂടം പ്രാദേശിക അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച് അഴിച്ചുവിട്ട സൈനിക അടിച്ചമർത്തലിൽ 100ൽ അധികം പേർ കൊല്ലപ്പെട്ടു. ഹെലികോപ്ടറുകളും കവചിത വാഹനങ്ങളും ഉപയോഗിച്ചാണ് ഭരണകൂടശക്തികൾ റോഡ് തടഞ്ഞ നിരായുധരായ പ്രക്ഷോഭകരെ നേരിട്ടത്. മരിച്ചവരുടെ ശവങ്ങളും പരുക്കേറ്റവരെയും സൈനിക ക്യാമ്പുകളിലേക്ക് കൊണ്ടുപോയതുകൊണ്ട് കൃത്യമായ കണക്കുകളില്ല. പരുക്കേറ്റവരെ ക്യാമ്പുകളിൽ വെ




ച്ച് വെടിവെച്ചുകൊന്ന് ശവങ്ങൾ കത്തിച്ചും നദിയിൽ ഒഴുക്കിവിട്ടും നശിപ്പിച്ചതായി സംശയിക്കുന്നു. റോഡ്, നദി ഗതാഗതം ഏപ്രിൽ മുതൽ തടഞ്ഞ പ്രക്ഷോഭകാരികൾ പക്ഷെ അനിശ്ചിതകാല സമരം പ്രഖ്യാപിച്ചുകൊണ്ട് ശക്തമായി തുടർന്നു. യു എസ്-പെറു സ്വതന്ത്ര വ്യാപാര കരാറിന്റെ നടപ്പാക്കൽ സുഗമമാക്കി, ആമസോൺ നിത്യഹരിതവനങ്ങളെ നശിപ്പിച്ച് എണ്ണഖനനവും മറ്റും നടത്താനുള്ള ഗാർഷ്യാ ഭരണത്തിന്റെ നീക്കമാണ് പ്രക്ഷോഭത്തിന് കാരണമായത്. ആദിവാസികളുടെ പ്രക്ഷോഭത്തെ വംശീയമായി ഒറ്റപ്പെടുത്താൻ ശ്രമിച്ച ഗാർഷ്യ, പെറുവിന്റെ പുരോഗതി തടയുന്ന 'കാട്ടാളന്മാരെ' നേരിടാനാണ് സൈന്യത്തെ അയച്ചത് എന്നായിരുന്നു പറഞ്ഞത്. പെറു കമ്മ്യൂണിസ്റ്റ് പാർടിയുടെ 'ഭീകരവാദ' അജണ്ടയാണ് അവിടെ നടക്കുന്നത് എന്നും ആരോപിച്ചു. ആദിവാസികളുടെയും രാജ്യത്തുടനീളം അവരെ പിന്തുണച്ചു മുന്നോട്ടുവന്ന ബഹുജനങ്ങളുടെയും ദൃഢമായ എതിർപ്പ് ഇതിനെയെല്ലാം മറികടന്നതോടെ ഗാർഷ്യയുടെ ഭൂമികൈയ്യടക്കൽ നിയമങ്ങളെ താൽക്കാലത്തേക്ക് മരവിപ്പിക്കാൻ പെറു പാർല്യമെന്റ് നിർബന്ധിതമായി. അടിച്ചമർത്തൽ വിലപ്പോകാത്ത സാഹചര്യത്തിൽ ഒത്തുതീർപ്പ് സംഭാഷണത്തിന് കളമൊരുക്കലാണ് ലക്ഷ്യം. 15-ാം നൂറ്റാണ്ടിലെ സ്പേനിഷ് അധിനിവേശം മുതൽ ആരംഭിച്ച പെറുവിലെ ആദിവാസികൾക്ക് നേരെയുള്ള കൈയ്യേറ്റം ആധുനിക കാലത്തും തുടരുന്നു. ശക്തമായ പല പ്രക്ഷോഭങ്ങൾക്കും ഇത് കാരണമായി. ഒടുവിൽ ആദിവാസി വാസസ്ഥലങ്ങൾക്കുമേൽ അവിടെയുള്ള ഗോത്രങ്ങളുടെ 'അലംഘനീയ' അവകാശം അംഗീകരിക്കാൻ പെറു ഭരണകൂടം നിർബന്ധിതമായി. 1970കളിലെ സൈനിക സർക്കാറിന്റെ ഈ നിയമം 1979ലെ ഭരണഘടന സാധൂകരിച്ചെങ്കിലും 1993ലെ ഫൂജിമോറി സ്വേച്ഛാധിപത്യം അത് റദ്ദാക്കി. ഇതിന്റെ തണലിലാണ് അലൻ ഗാർഷ്യയുടെ 'സോഷ്യലിസ്റ്റ് ' സർക്കാർ പുതിയ നിയമങ്ങൾ നടപ്പാക്കാൻ ഒരുങ്ങിയത്. ആമസോണിലെ ഖനി-എണ്ണ വിഭവങ്ങളിൽ സാമ്രാജ്യത്വ-ദല്ലാൾ കുത്തകകൾ നോട്ടമിട്ടിട്ട് കാലമേറെയായി. ഗാർഷ്യ സർക്കാറിന്റെ ഒത്താശയോടെ എണ്ണ പര്യവേഷണത്തിനായി ഇവർ കൈയ്യേറുന്ന 64 പ്രദേശങ്ങളിൽ 58ഉം ആദിവാസിഭൂമികളായി മുമ്പ് അംഗീകരിക്കപ്പെട്ടവയാണ്.

■

# നേപ്പാൾ: വ്യാപനവാദ കൈയ്യേറ്റത്തിനെ തിരെ

സിപിഎൻ (മാവോയിസ്റ്റ്) നയിക്കുന്ന വിവിധ ബഹുജനസംഘടനകളുടെ പ്രക്ഷോഭങ്ങളും ഭരണത്തിലുള്ള പാർടികൾ തമ്മിൽ മന്ത്രിസ്ഥാനത്തിന് വേണ്ടി പരസ്പരം മത്സരിക്കുന്നതുമാണ് കഴിഞ്ഞ മാസം നേപ്പാളിൽ കണ്ടത്. പഴയസൈന്യത്തിന്റെ തലവനെ പിന്തുണച്ചതിന് പാരിതോഷികമായി പ്രധാനമന്ത്രി പദം കിട്ടിയ യുഎംഎൽ തൊറായിലെ മദേശികളുടെ പ്രധാനപാർടിയായ മദേശി ജനാധികാർ സമിതിയെ പിളർത്തിയാണ് സർക്കാരിന്റെ നിലനിൽപ് ഉറപ്പുവരുത്താൻ ശ്രമിച്ചത്. ഇതും, പ്രധാന വകുപ്പുകൾ നേപ്പാൾ കോൺഗ്രസുമായി പങ്കിട്ടെടുത്തതും കൂടിയായപ്പോൾ പുതിയ ഭരണസഖ്യത്തിലെ തർക്കങ്ങൾ തീവ്രമായി. ഇതിനിടെ ഇന്ത്യൻ വ്യാപനവാദത്തിന് അനുകൂലമായ തീരുമാനങ്ങൾ തിരക്കിട്ട് നടപ്പാക്കുന്നുമുണ്ട്. ഭരണാധികാരികളുടെ അധികാരമോഹവും ഇന്ത്യൻവ്യാപനവാദ സേവയും ഇങ്ങനെ പരസ്യമാകുമ്പോൾ മറുവശത്ത് നേപ്പാളിന്റെയും വിവിധ മർദ്ദിത വിഭാഗങ്ങളുടെയും മൗലികാവശ്യങ്ങൾ ഉന്നയിച്ച് വിപ്ലവ ബഹുജനസംഘടനകൾ പ്രക്ഷോഭത്തിലാണ്. ഡാങ് ജില്ലയിൽ നേപ്പാളി ബഹുജനങ്ങളെ ഓടിച്ചുവിട്ട് ഇന്ത്യയുടെ സീമാസുരക്ഷാബൽ (എസ്എസ്ബി) ബലമായി കൈവശപ്പെ

ടുത്തിയ പ്രദേശത്തേക്ക് മാർച്ച് നടത്തി ഇന്ത്യൻ കൈയ്യേറ്റത്തിന്റെ ചിഹ്നങ്ങൾ നശിപ്പിച്ച യുവ കമ്മ്യൂണിസ്റ്റ് ലീഗിന്റെ സമരം ഇതിൽ ഏറെ ശ്രദ്ധിക്കപ്പെട്ടു. 2000 കുടുംബങ്ങളെയാണ് എസ്എസ്ബി ഇവിടെനിന്ന് ഓടിച്ചുവിട്ടത്. പുതിയ സർക്കാർ അധികാരത്തിൽ വന്ന ഉടനെ, ജൂൺ ആദ്യം നടന്ന ഈ സംഭവത്തോട് അത് ഔപചാരികമായി പ്രതികരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഈ വിഷയവും, ഇതിനു മുമ്പ് നടന്ന 22 മറ്റു കൈയ്യേറ്റങ്ങളും ഉന്നയിച്ച് ഇന്ത്യയിൽ പ്രവർത്തിക്കുന്ന നേപ്പാൾ ഏകതാ മഞ്ചും മറ്റു രാജ്യങ്ങളിലെ നേപ്പാളി സംഘടനകളും പ്രതിഷേധിച്ചു. സിപിഎൻ (മാവോയിസ്റ്റ്) കാഠമാണ്ഡു ജില്ലാസമിതി അംഗം കൊല്ലപ്പെട്ടതിൽ പ്രതിഷേധിച്ച് ജൂൺ 14ന് നടന്ന തലസ്ഥാന ബന്ദും, അതിനു മുമ്പ് നേവാരി ജനങ്ങളുടെ സംഘടന നടത്തിയ ബന്ദും പാർടിയുടെ ബഹുജനപിന്തുണയും സംഘടനാശേഷിയും ഇപ്പോഴും ശക്തമാണെന്ന് തെളിയിച്ചു. മുഖ്യധാരാ മാധ്യമങ്ങൾ മൂടിവെയ്ക്കാൻ ശ്രമിച്ച ജൂൺ 14ന്റെ ബന്ദ് ചുരുങ്ങിയ സമയംകൊണ്ടാണ് സംഘടിപ്പിച്ചത്. പുതിയ സാഹചര്യത്തിൽ സിപിഎൻ (മാവോയിസ്റ്റ്) സ്വീകരിക്കാൻ പോകുന്ന അടവുകൾ നിശ്ചയിക്കാൻ പോളിറ്റ്ബ്യൂറോ യോഗം നടക്കുന്നതായി ■

# ജനകീയ യുദ്ധ വാർത്തകൾ



## പെറു:

അയകുച്ചോ പ്രവിശ്യയിലെ സാനബാംബ സൈനികതാവളത്തിലേക്ക് വന്ന ഹെലികോപ്ടർ ജനകീയസേന വെടിവെച്ചു വീഴ്ത്തി. അപ്പൂറിമാക്ക്, എനെ നദീതടങ്ങളിൽ പിസിപി നയിക്കുന്ന ജനകീയസേനയെ അടിച്ചമർത്താനായി സ്ഥാപിച്ച ക്യാമ്പാണിത്. 7 സൈനികർ കൊല്ലപ്പെട്ടതായി ലിമയിലെ അധികാരികൾ സ്ഥിരീകരിച്ചു. ജനകീയയുദ്ധം ആരംഭിച്ചതിന്റെ 29–ാം വാർഷികം ചെങ്കൊടികളുയർത്തിയും പോസ്റ്ററുകളും ചുമരെഴുത്തും വഴിയും വ്യാപകമായി ആഘോഷിക്കപ്പെട്ടു. ലിമയിലെ ചേരികളിലും ലാ കന്യൂട്ട സർവ്വകലാശാലയിലും സ: ഗോൺസാലോ അദ്ധ്യാപകനായിരുന്ന അയകുച്ചോ സർവ്വകലാശാലയിലും വാർഷികാചരണം നടന്നു.



## ഫിലിപ്പൈൻസ്:

നെഗ്രോസ് ഓറിയന്റെലിലെ സിറ്റിയോ ബുസേയിൽ മോട്ടാർസൈക്കളിൽ സഞ്ചരിച്ച 4 അംഗ സൈനിക സംഘത്തെ ആക്രമിച്ച പുതിയ ജനകീയ സൈന്യം (എൻപിഎ) മൂന്ന് സൈനികരെ കൊല്ലുകയും ആയുധങ്ങൾ പിടിച്ചടുക്കുകയും ചെയ്തു. യൂണിഫോം ധരിക്കാതെ സഞ്ചരിക്കുകയും ജനങ്ങളെ ആക്രമിച്ചിട്ട് അതെല്ലാം എൻപിഎയിൽ ആരോപിക്കുകയും ചെയ്യുന്ന ദൗത്യത്തോടെ ശത്രു രൂപീകരിച്ച റിഎഞ്ചിനിയർഡ് സ്പെഷ്യൽ ഓപ്പറേറ്റിങ് ടീമിലെ അംഗളായിരുന്നു ഈ സംഘം. എൻപിഎ മുന്നേറ്റം തടയുന്നതിൽ വിഫലമാകുന്ന ഫിലിപ്പൈൻസ് സൈന്യം മഫ്ടിയിൽ സഞ്ചരിച്ച് തങ്ങൾ എൻപിഎയാണെന്ന് അവകാശപ്പെട്ട് ജനങ്ങളെ ആക്രമിക്കുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നുണ്ട്. ഈ പ്രവിശ്യയിലെ "ഫാസിസത്തിന്റെ പ്രഥമ വനിത"യായി അറിയപ്പെടുന്ന പാർലമെന്റ് അംഗം ജോസി ലിംകായ്ചോങ്ങിന്റെ സ്വകാര്യസേനയെപോലെയാണ് ഇവിടെ തമ്പടിച്ചിരിക്കുന്ന ഫിലിപ്പൈൻസ് സൈന്യം പ്രവർത്തിക്കുന്നത്. മറ്റൊരു പ്രവിശ്യയായ കൊംപൊസ്റ്റെല താഴ്വരയിൽ വെച്ച് ഒരു സൈനിക വ്യൂഹത്തെ മെയ് അവസാനം ആക്രമിച്ച് 7 സൈനികരെ കൊന്നു. വായുസേനയുടെ ബോംബുവർഷത്തിലൂടെ സാധാരണ ജനങ്ങളെ കൊന്നൊടുക്കിയാണ് ശത്രു ഇതിന് പ്രതികാരം വീട്ടിയത്. വീണ്ടും മെയ് മാസത്തിൽ തന്നെ, ബ്രിട്ടീഷ് കുത്തക ക്രു മിനറൽസിന്റെ കോംവാൽ പ്രവിശ്യയിലെ ഖനന കേന്ദ്രത്തിന് കാവൽ നിന്ന സൈനികരെ ആക്രമിച്ച് കീഴ്പ്പെടുത്തി നിരവധി ആയുധങ്ങൾ പിടിച്ചെടുത്തു. ബഹുരാഷ്ട്രകുത്തകകളെ സംരക്ഷിക്കാൻ രൂപീകരിച്ച മുതൽമുടക്ക് സംരക്ഷണ സേനയിലെ അംഗങ്ങളായിരുന്നു ഈ സൈനികർ. കീഴടങ്ങിയതുകൊണ്ട് ആരും കൊല്ലപ്പെട്ടില്ല. പരിസ്ഥിതി മലിനീകരണം നടത്തുന്നതിനാണ് ഈ കുത്തകയെ ശിക്ഷിച്ചത്. ഇതു കൂടാതെ, പടിഞ്ഞാറൻ സമർ, വടക്കൻ സമർ എന്നവിടങ്ങളിലും എൻപിഎ വിജയപൂർവ്വം ആക്ഷനുകൾ നടത്തി നിരവധി ശത്രുസൈനികരെ വധിച്ചു. ■





**ചിത്രകലാക്യാമ്പുകൾക്ക്** യാതൊരു പഞ്ഞവുമില്ലാത്ത കേരളത്തിൽ 'ദളിതരും കേരളത്തിന്റെ ഭൂപ്രശ്നവും' കൃത്യമായ ഒരു രാഷ്ട്രീയ വിഷയമായി ചിത്രഭാഷയിലാക്കുകയായിരുന്നു 2008 നവംബറിൽ കോട്ടയം വാഗമണിൽ നടന്ന ചിത്രകലാക്യാമ്പ്.

സമകാലീനകേരളീയ ചിത്രകല, വിപണിസങ്കല്പങ്ങൾക്കനുസൃതമായ ഒരു ഉല്പന്നമായി 'ഫ്രെയിം വർക്കി'ലൂടെ വിലപേശപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നഷ്ടപ്പെട്ട മണ്ണും ദലിത് ജീവിതാവസ്ഥകളും ദൃശ്യാനുഭവമാക്കിമാറ്റാനുള്ള തീവ്രമായ ഇടപെടലുകളാണ് ഈ ക്യാമ്പിലൂടെ കണ്ടത്.

കേരളത്തിലെ ചിത്രകലയുടെ ആവിഷ്കാരങ്ങൾ ഫ്യൂഡൽ വരേണ്യതയുടെ സൗന്ദര്യ ബോധങ്ങളിൽ കുടുങ്ങിക്കിടക്കുകയാണ്. പരമ്പരാഗതമായ ഇത്തരം ഐക്കണു(icon)കളെ കാല്പനികമായ കലാപരിസരങ്ങളിൽ നിന്നും മാറ്റി, ജീവിതാവസ്ഥകളെ അനുഭവത്തിന്റെ നേർപ്പകർപ്പുകളാക്കി മാറ്റുവാനും അതിനെ ചിത്രകലാഭാഷയിൽ ആവിഷ്കരിക്കുവാനുമുള്ള ശ്രമങ്ങളാണ് ഇവിടെ നടക്കുന്നത്.

കേരളത്തിലെ ഭൂപ്രശ്നവും ദലിത് ജീവിതാവസ്ഥകളും മുഖ്യവിഷയമായി പ്രതിനിധാനം ചെയ്ത ഈ കൂട്ടായ്മയിൽ കർണ്ണാടകം, കേരളം, തമിഴ്നാട്, മഹാരാഷ്ട്ര, പോണ്ടിച്ചേരി എന്നിവടങ്ങളിലെ പ്രശസ്തരായ കലാപ്രവർത്തകർ പങ്കാളികളായി.

• അനിരുദ്ധരാമൻ

MUNNANIPORALI
D.No. 305/A P.O. Ponnore, Thrissur, Keralam 680552
e-mail: munnaniporali@yahoo.co.in
blog: munnaniporali.blogspot.com
July 1st
Registred No. PGT/016/2009
News Paper Reg.No. 14/AL/93/TC














# 'യുദ്ധത്തിനെതിരെ ലോസ് എഞ്ചൽസ്'

ഇറാഖിലെ യുദ്ധത്തിനും
അതിനെ ന്യായീകരച്ച്
ബുഷ് ഭരണം പറഞ്ഞുകൂട്ടിയ
നുണകൾക്കും എതിരെ
ഒരു കൂട്ടം കലാപ്രവർത്തകർ
ഒത്തുകൂടിയ
തെരുവുപ്രദർശനത്തിലെ
ചില സൃഷ്ടികൾ.

എം.എൻ. രാവുണ്ണിയുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിക്കുന്നത്, ചിന്തിത പ്രിന്റേഴ്സ് & പബ്ലിഷേഴ്സ്, കൊച്ചി – 18 ന്
രജ്ഞി റെഡ്യാർ പ്രിന്റേഴ്സ് കോഴിക്കോട് അച്ചടിക്കുന്നത്